Reg. No. 1 1. M 93

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 മകരം 11 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1951 ജനുവരി 24 | ലക്കം 22

## വിദ്യാഭ്യാസത്തിൽ മതവും രാഷ്ട്രവും

"തിരു-കൊച്ചി രാജ്യത്തിൽ ക്രിസ്ത്യാനികൾ കേവലം മൂന്നിലൊരംശം മാത്രമേ ഉള്ളു. ആ സ്ഥിതിക്കു് ഭൂരിപക്ഷസഹായത്തോടുകൂടി ക്രിസ്ത്യൻ വിദ്യാലയസംഹാരത്തിനൊരുങ്ങുവാൻ നമ്മുടെ ഗവമ്മെന്റിനു ഒരു പ്രലോഭനമുണ്ടായി എന്നു വരാം. എന്നാൽ അതു് സ്വാഭാവികനീതിക്കു വിരുദ്ധവും പൗരന്മാരുടെ മൗലികാവകാശങ്ങളെ ധ്വംസിക്കുന്നതുമായിരിക്കും."

(കെ. ഇ. ജോബ് എം. എ. എൽ. ടി.)

വിദ്യാഭ്യാസപ്രവർത്തനത്തിൽ മതസ്സംഘടനകൾക്കും രാഷ്ട്രത്തിനും ഉള്ള ന്യായമായ സ്ഥാനം എന്താണു? ഇതാണു് ആധുനികലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഈ പ്രശ്നത്തിന്റെ ഉത്തരം കണ്ടുപിടിക്കുന്നതിനു മുമ്പായി "മതം" "രാഷ്ട്രം" എന്നിവയുടെ ഉദ്ദേശ്യവും സ്വഭാവവും എന്താണെന്നു് സൂക്ഷ്മമായി ആരായുന്നതു പ്രയോജനകരമായിരിക്കും.


മതത്തിന്റെ ഉദ്ദേശ്യം മനുഷ്യന്റെ ആദ്ധ്യാത്മികാവശ്യങ്ങളെ നിർവഹിക്കുകയത്രെ. മനുഷ്യന്റെ പാരത്രിക സൗഭാഗ്യപ്രാപ്തിയെ സഹായിക്കുകയാണു് മതം നിർവഹിക്കുന്ന ജോലി. രാഷ്ട്രത്തിന്റെ ജോലിയാകട്ടെ ഈ പരമലക്ഷ്യത്തിനു മനുഷ്യനെ പ്രാപ്തനാക്കുന്നതിനു തക്കവിധത്തിൽ അവന്റെ ലൗകിക ക്ഷേമത്തെ ക്രമീകരിക്കുകയാണു്. ആകയാൽ മതവും രാഷ്ട്രവും സാക്ഷാൽ പരസ്പരം വിഭിന്നമായ ഉദ്ദേശ്യങ്ങളോടുകൂടിയവയല്ല. പരമലക്ഷ്യം രണ്ടിന്റേതും ഒന്നുതന്നെ. പക്ഷേ മതം ആദ്ധ്യാത്മികാനുഗ്രഹങ്ങൾ നമുക്കു പ്രദാനം ചെയ്യുമ്പോൾ, രാഷ്ട്രം നമ്മുടെ ജീവനേയും വസ്തുവകകളേയും കാത്തു സൂക്ഷിക്കുകയും ഇതരവിധത്തിൽ നമ്മുടെ ഐഹികശ്രേയസ്സുകൾക്കു സഹായം നൽകുകയും ചെയ്യുന്നു. ഇവയാണു് അവ തമ്മിലുള്ള വ്യത്യാസം.

ഇക്കാരണത്താൽ ഓരോ ദേശത്തിലും മതത്തേയും രാഷ്ട്രത്തേയും വേർതിരിച്ചു നിറുത്തിക്കൊള്ളേണ്ടതാണെന്നുള്ള വാദം അടിസ്ഥാനരഹിതമാണെന്നു് ഗ്രഹിക്കേണ്ടതാണു്. ജനകീയ ക്ഷേമത്തിനു നിദാനം സന്മാർഗ്ഗനിഷ്ഠയാണു്. മതത്തിന്റെ തണലിൽ മാത്രമേ സന്മാർഗ്ഗം അഭിവൃദ്ധിപ്പെടുകയുള്ളു. ആകയാൽ മതവും രാഷ്ട്രവും എപ്പോഴും പരസ്പരമൈത്രിയിൽ കഴിച്ചുകൂട്ടേണ്ടതാണെന്നു് ആർക്കും വേഗത്തിൽ മനസ്സിലാക്കാവുന്നതാണു്.

എന്നാൽ ഈ മലയാളക്കരയിലെപ്പോലെ വിവിധ മതസ്സംഘടനകൾ നിലവിലിരിക്കുന്ന ഒരു ദേശത്തിൽ മേൽപ്പറഞ്ഞ തത്വം പ്രയോഗത്തിൽവരുത്തുന്ന കാര്യത്തിൽ വളരെ വിഷമതകളുണ്ടാകും. ഹിന്ദുമതമാണു് ഇവിടത്തെ ഭൂരിപക്ഷത്തിന്റെ മതം. ക്രിസ്ത്യാനികൾ മൂന്നിലൊന്നു വരുമെങ്കിലും അവരുടെ ഇടയിൽ അനേകം ഉപവിഭാഗങ്ങളുണ്ടു്. മസ്ലിമിങ്ങളും യൂദന്മാരും ന്യൂനപക്ഷമാണെങ്കിലും അവരുടെ മതത്തേയും ആദരിക്കാതെ തരമില്ല. ആ സ്ഥിതിക്കു വിഭിന്നാദർശങ്ങളെ ഉൾക്കൊള്ളുന്ന ഈ വിവിധമതങ്ങളും രാഷ്ട്രവും തമ്മിൽ എല്ലായ്പോഴും സംപൂർണ്ണമൈത്രി പരിപാലിച്ചുകൊണ്ടുപോകുക സാദ്ധ്യമായില്ലെന്നുവരാം. എന്നുവരികിലും മതസ്വാതന്ത്ര്യം എന്നതു ഓരോ വ്യക്തിയുടെയും മൗലികാവകാശമാണെന്നു് ഇപ്പോൾ സകല പരിഷ്കൃതജനങ്ങളും സമ്മതിച്ചിട്ടുണ്ടു്. ഇക്കാരണത്താൽ ന്യൂനപക്ഷീയരുടെയും ഭൂരിപക്ഷീയരുടെയും ആരാധനാസ്വാതന്ത്ര്യവും മതപ്രചരണസ്വാതന്ത്ര്യവും രാഷ്ട്രത്തിന്റെ ദൃഷ്ടിയിൽ ഒന്നുപോലെ അനുവദനീയമാണെന്നുള്ളതു് സ്പഷ്ടമാണു്.

എന്നാൽ മതവും രാഷ്ട്രവും തുല്യമായി അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനരംഗമത്രെ വിദ്യാലയം. ആകയാൽ വിദ്യാഭ്യാസപ്രവർത്തനത്തിൽ ഇവയിൽ ഓരോന്നും വഹിക്കുന്ന സ്ഥാനത്തെ നിർണ്ണയം ചെയ്യേണ്ടതുണ്ടു്.

സമുദായ സംഘടനയിലെ പ്രഥമഘടകമത്രെ കുടുംബമെന്നതു്. ഓരോ വ്യക്തിക്കും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനും ശിശുക്കളെ ജനിപ്പിച്ചു വളർത്തുന്നതിനും അവകാശവും അവരെ വിദ്യ അഭ്യസിപ്പിച്ചു ജീവിതത്തിനു തയ്യാറാക്കുന്നതിനു കടമയുമുണ്ടു്. ഈ അവകാശവും കടമയും പ്രകൃതിയിൽ നിന്നും അവർക്കു ലഭിച്ചിട്ടുള്ളതാണു്. പ്രകൃതിദത്തമായ ഈ കർത്തവ്യം നിർവഹിക്കുന്നതിനു് വ്യക്തികൾക്കുള്ള ചുമതല, അവർ അംഗങ്ങളായിട്ടുള്ള മതസ്സംഘടനകൾക്കും രാജ്യസംഘടനകൾക്കും ഉണ്ടു്. അതിൽ ആദ്ധ്യാത്മികവശം മതസ്സംഘടനകളും, ഭൗതികവശം രാജ്യസംഘടനയും ഏററു നിർവഹിക്കേണ്ടതാണു്. ഈ മലയാളക്കരയിലുള്ള വിവിധ മതസ്സംഘടനകൾ അവരവരുടെ കുട്ടികളുടെ ആദ്ധ്യാത്മിക പരിശീലനത്തെ ഏറെറടുക്കുകയും, രാഷ്ട്രം നിഷ്പക്ഷനിലയിൽ അവയ്ക്കെല്ലാം നിഷ്പക്ഷവും നീതിപൂർവ്വകവുമായി ധനസഹായം ചെയ്യുകയും, വിദ്യാഭ്യാസപ്രചരണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശം ചെയ്യുകയും ചെയ്യുന്നപക്ഷം, അതു് ആദർശപരമായ ഒരു വിദ്യാഭ്യാസ വ്യവസ്ഥിതി ആയിരിക്കും.



പൊൻകുന്നത്തു പുതുതായി പണിതീർത്ത പ്രധാന ബലിപീഠം

പക്ഷേ ആദർശങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്തംപാലിക്കുക പലപ്പോഴും വൈഷമ്യമേറിയ സംഗതിയാണു്. നമ്മുടെ തിരു-കൊച്ചി രാജ്യത്തിൽ സർക്കാരിൽനിന്നു നേരിട്ടുനടത്തുന്ന പല വിദ്യാലയങ്ങളുണ്ടു്. അവയിൽ മതപരമായ അഭ്യസനവും പരിശീലനവും നടത്തുക കേവലം അസാദ്ധ്യവും പക്ഷേ അനാശാസ്യവുമാണു്. ഇതുപോലെതന്നെ ഇവിടത്തെ വിവിധമതസ്സംഘടനകൾ പല വിദ്യാലയങ്ങൾ നടത്തിവരുന്നു. അവയിൽ അവയുടെ മാനേജ്മെന്റുകൾ സമ്മതിക്കുന്ന മതമല്ലാതെ അന്യമതങ്ങൾ പഠിപ്പിക്കുന്നതു യുക്തമായിരിക്കുകയില്ല. ഈ ദുർഘടസന്ധിയിൽ അനുഷ്ഠിക്കപ്പെടാവുന്ന വിദ്യാഭ്യാസപരിപാടി എന്താണെന്നു ഓരോദേശത്തിലേയും നേതാക്കന്മാർ ഗൗരവമായി ചിന്തിക്കേണ്ടതാണു്.

പൗരജീവിതത്തിൽ മതത്തിനുള്ള സ്ഥാനത്തെ നിസ്സാരമാക്കുന്ന ഒരു ജനവിഭാഗമുണ്ടു്. അവരുടെ ആശയം, മതമെന്നതു് ഓരോ വ്യക്തിയും അവനവന്റെ മനസ്സിലുദിക്കുന്ന പ്രകാശമനുസരിച്ചു സ്വയം കണ്ടുപിടിച്ചു് അനുഷ്ഠിക്കേണ്ടതാണെന്നും, അതിനു വിദ്യാലയത്തിൽ സ്ഥാനമേ പാടില്ലെന്നുമാണു്. എന്നാൽ പൗരജീവിതത്തിൽ മതത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നും, അതിനാൽ മതവിധികൾ, ഇതരവിഷയങ്ങളോടൊപ്പം, അവയോടു സംഘടിപ്പിച്ചുതന്നെ, വിദ്യാലയങ്ങളിൽ അഭ്യസിപ്പിക്കണമെന്നും വേറെ ചിലർ വിശ്വസിക്കുന്നു. ഈ രണ്ടാമതു പറഞ്ഞ അഭിപ്രായമാണു് ക്രിസ്ത്യാനികൾ, പ്രത്യേകിച്ചു കത്തോലിക്കർ, സ്വീകരിച്ചുവരുന്നതു്. ഇതു് തുലോം മൗലികമായ ഒരഭിപ്രായവ്യത്യാസമാണെന്നുള്ളതു് സ്പഷ്ടമാണു്. എന്നുവരികിലും, ഓരോ ജനവിഭാഗത്തിന്റെയും മൗലികാവകാശങ്ങൾ നിഷ്പക്ഷബുദ്ധ്യാ പരിപാലിക്കുക എന്നുള്ളതു് രാഷ്ട്രത്തിന്റെ ചുമതലയാണു്. പശു പുല്ലുതിന്നും. ഒട്ടകം മുള്ളു തിന്നും. അതുകൊണ്ടു് അവ പരസ്പരം അധിക്ഷേപിക്കേണ്ട ആവശ്യമില്ലല്ലോ. ഓരോന്നിന്റെയും ഹിതമനുസരിച്ചു ഭക്ഷിച്ചുകൊള്ളുവാൻ പ്രകൃതി അവരെ അനുവദിക്കുന്നില്ലയോ? അതുപോലെ ഈ വിദ്യാഭ്യാസവിഷയത്തിൽ രാഷ്ട്രവും വിവിധമതസ്ഥരെ അനുവദിച്ചുകൊള്ളട്ടെ. ഇതാണു് നീതി.

ഈ കാര്യത്തിലും ആദർശവും നടപടിയും തമ്മിൽ വളരെ വ്യത്യാസം കണ്ടുവരുന്നു. ഉദാഹരണമായി, പ്രോട്ടസ്റ്റൻറു ഭൂരിപക്ഷമുള്ള ചില യൂറോപ്യൻ രാജ്യങ്ങളിലെ നടപടി, ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള മതവിദ്യാഭ്യാസം രാഷ്ട്രീയ വിദ്യാലയങ്ങളിൽ നടത്തുകയും, ന്യൂനപക്ഷീയരായ കത്തോലിക്കർ, അവരുടെ മനസ്സാക്ഷിയനുസരിച്ചാവശ്യമായ വിദ്യാലയങ്ങൾ നടത്തുന്നതിനുവേണ്ട ധനസഹായം നൽകാതിരിക്കുകയും ആണ്. ഭൂരിപക്ഷാഭിപ്രായപ്രകാരമുള്ള നിയമങ്ങൾ നീതിപൂർവ്വകമാണെന്നുള്ള തെററായ സങ്കല്പത്തിലാണ് അവർ പ്രവർത്തിക്കുന്നത്. സ്വാഭാവികനീതി (Natural justice)ക്കു വിരുദ്ധമായ നിയമങ്ങൾ ഭൂരിപക്ഷബലംമൂലം സ്വീകാര്യമായി തീരുന്നതല്ലല്ലോ.

ഏതാണ്ടിപ്രകാരമുള്ള ഒരു പരിത സ്ഥിതിയിലാണ് നമ്മുടെ തിരു-കൊച്ചി രാജ്യവും സ്ഥിതിചെയ്യുന്നത്. ക്രൈസ്തവർക്കു മൊത്തത്തിലും കത്തോലിക്കർക്കു പ്രത്യേകിച്ചും വിദ്യാലയപ്രവർത്തനം സംബന്ധിച്ച് അവശ്യാനുഷ്ഠേയമായ ചില തത്വങ്ങളും (Principles) നിയമസംഹിതയും (Canon Law) ഉണ്ട്. അതിൽ ഏററം പ്രധാനമായതു് കുട്ടികളുടെ മതപരമായ അഭ്യാസത്തിനും പരിശീലനത്തിനും മതേതരവിഷയങ്ങളോടൊപ്പം, അഥവാ അതിലും ഉപരിയായ സ്ഥാനം നൽകണമെന്നുള്ളതാണ്. അങ്ങനെ ചെയ്യണമെങ്കിൽ അവക്കത്യാവശ്യമായി വേണ്ടതു് അദ്ധ്യാപകനിയമനസ്വാതന്ത്ര്യമാണ്. അതുപോലെതന്നെ അത്യാവശ്യമാണ് അവരുടെ സ്വന്തമതത്തിൽ പെട്ട വിദ്യാർത്ഥികളെ മതപരിശീലനം ചെയ്യിക്കുന്നതിനുള്ള സ്വാതന്ത്ര്യവും സൗകര്യങ്ങളും. അതിനായിട്ടാണ് അവർ ത്യാഗപൂർവ്വം വിദ്യാലയങ്ങൾ നടത്തുന്നതു്. ആ വക സ്വാതന്ത്ര്യങ്ങളിൽ രാഷ്ട്രം കൈകടത്തുന്നപക്ഷം അതു് സ്വാഭാവികനീതിക്കു വിരുദ്ധമായിരിക്കും. തിരുകൊച്ചി രാജ്യത്തിൽ ക്രിസ്ത്യാനികൾ കേവലം മൂന്നിലൊരംശം മാത്രമേ ഉള്ളു. ആ സ്ഥിതിക്കു് ഭൂരിപക്ഷസഹായത്തോടുകൂടി ക്രിസ്ത്യൻ വിദ്യാലയസംഹാരത്തിനൊരുങ്ങുവാൻ നമ്മുടെ ഗവമ്മെൻറിനു് ഒരു പ്രലോഭനമുണ്ടായി എന്നുവരാം. എന്നാൽ അതു് സ്വാഭാവികനീതിക്കു വിരുദ്ധവും പൗരന്മാരുടെ മൗലികാവകാശങ്ങളെ ധ്വംസിക്കുന്നതുമായിരിക്കും. ആഭ്യന്തരസമാധാനത്തെയും, നീതിബോധത്തെയും ആസ്പദമാക്കി ഇങ്ങനെയുള്ള ഒരു പദ്ധതിയിൽനിന്നും നമ്മുടെ ഗവമ്മെൻറു പിൻവാങ്ങേണ്ടതാണ്. അനീതിയിൽ അധിഷ്ഠിതമായ നിയമങ്ങളെ അനുസരിക്കുന്നതിനുള്ള കടമ അന്തഃകരണത്തെ ബാധിക്കുന്നതല്ലെന്നുള്ളതു് സ്പഷ്ടമത്രെ.

എന്നാൽ അപകടങ്ങളുണ്ടാക്കിവച്ചശേഷം അവയ്ക്കു പരിഹാരം ആരായുന്നതിൽ ഭേദം, അവയെ അപ്പഴപ്പോൾ നാമ്പിൽതന്നെ നുള്ളിക്കളയുകയാണ്. നമ്മുടെ മാതൃഭൂമി ഇപ്പോൾ ഒരു ജനകീയപരീക്ഷണഘട്ടത്തെ തരണംചെയ്തുകൊണ്ടിരിക്കുകയാണ്. ക്രൈസ്തവസമുദായത്തിന്റെ രാഷ്ട്രീയരക്ഷ അവരുടെ സ്വന്തം കൈവശമാണ്. അവർ സുസംഘടിതരായും, ഐകമത്യത്തോടുകൂടിയും, മതചൈതന്യത്തോടുകൂടിയും നിലകൊള്ളേണ്ടിയിരിക്കുന്നു. ക്രൈസ്തവരായ ജനപ്രതിനിധികൾ രാഷ്ട്രീയപ്രാധാന്യമുള്ള മതതത്വങ്ങൾ കൂലങ്കഷമായി പഠിക്കുകയും അവയെ വിവിധ ജനകീയ രാജ്യങ്ങളിൽ നടപ്പിലാക്കുന്നവിധങ്ങൾ ഗ്രഹിക്കുകയും ചെയ്തിരിക്കണം. അപ്പഴപ്പോൾ ഇവിടെയും ഉന്നയിക്കപ്പെടുന്ന താദൃശരാഷ്ട്രീയകാര്യങ്ങളിൽ ആ തത്വങ്ങൾ പ്രയോഗിക്കേണ്ടവിധത്തെപ്പററി അവർ ഗൗരവമായി പര്യാലോചിക്കുകയും വിദഗ്ദ്ധാഭിപ്രായം ആരായുകയും ചെയ്യണം. വൈദികമേലദ്ധ്യക്ഷന്മാരുമായി അവർ സമ്പക്കം പാലിക്കുകയും ആശയങ്ങൾ വിനിമയംചെയ്യുകയും ചെയ്യേണ്ടതാണ്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയപ്രവർത്തകരും ഹയറാക്കിയും തമ്മിൽ അഭിപ്രായഭിന്നത ഉണ്ടാകുക എന്നതു് അചിന്ത്യമായ ഒരു വിപൽസന്ധിയാണ്. അങ്ങനെയുള്ള ദശാസന്ധികളെ ഒഴിച്ചുവയ്ക്കുന്നതിനുള്ള യാതൊരു പ്രയത്നവും അധികമായിപ്പോകുന്നതല്ല.

# ചോദ്യോത്തരപംക്തി

**ചോ:** "വേദപുസ്തകത്തിലെ "പഴയനിയമ"ത്തിൽ "അപ്പോക്രിഫ" എന്നു വിളിച്ചുവരുന്ന ചില പുസ്തകങ്ങൾ റോമൻ കത്തോലിക്കരുടെ വേദപുസ്തകത്തിൽ പ്രോട്ടസ്റ്റൻറു വേദപുസ്തകത്തിലുള്ളതിനെക്കാൾ കൂടുതലായുണ്ടല്ലോ. ആ പുസ്തകങ്ങൾ കാനോനികമാണെന്നു് കത്തോലിക്കാസഭ പ്രഖ്യാപനം ചെയ്തതു് എന്നാണ്?"

**ഉ:** തോബിയാസ്, യൂദിത്തു്, ജ്ഞാനം, എക്ക്ളേസിയാസ്തിക്കൂസ്, ബാറൂക്ക്, മക്കബായക്കാരുടെ രണ്ടു പുസ്തകങ്ങൾ, എസ്തേറിലെ ചില ഭാഗങ്ങൾ (X, 4; XVI, 24), ദാനിയേലിന്റെ പ്രവചനങ്ങളിലെ ചില ഭാഗങ്ങൾ (III, 24—90; XIII, XIV) എന്നീ വിശുദ്ധഗ്രന്ഥഭാഗങ്ങളാണ് പ്രോട്ടസ്റ്റൻറുകാരുടെ "പഴയനിയമ"ത്തിൽ ഉള്ളതിനെക്കാൾ കൂടുതലായി കത്തോലിക്കരുടെ "പഴയനിയമ"ത്തിൽ ഉള്ളതു്. പ്രസ്തുത ലിഖിതങ്ങളെ പ്രോട്ടസ്റ്റൻറുകാർ "അപ്പോക്രിഫ" (അപ്രാമാണികങ്ങൾ) എന്നു വിളിക്കുന്നെങ്കിലും കത്തോലിക്കർ അവയെ "ദെവുത്തെറൊകാനോനിക്കൽ" (Deutero-Canonical) എന്നാണ് വിളിക്കുന്നതു്. അവയുടെ പ്രാമാണികതയെപ്പററി ചില സംശയങ്ങൾ ചിലരുടെ ഇടയിൽ ഉണ്ടായിരുന്നതുകൊണ്ടു്, അല്പകാലവിളംബത്തിനുശേഷമാണ് അവയ്ക്കു സാർവ്വത്രികമായ അംഗീകാരം സിദ്ധിച്ചതു്. തൽക്കാരണത്താലത്രെ അവയെ ദ്വിതീയകാനോനിൽ പെടുത്തിയിരിക്കുന്നതും ആ അർത്ഥത്തിൽ ദെവുത്തെറൊകാനോനിക്കൽ എന്നു വിളിക്കുന്നതും. യാതൊരു സന്ദേഹത്തിനും വിഷയമാകാതിരുന്ന ഗ്രന്ഥങ്ങളെ പ്രഥമ കാനോനിലും (Proto-Canonical) ഉൾപ്പെടുത്തിയിരിക്കുന്നു. കത്തോലിക്കാസഭ "അപ്പോക്രിഫ" എന്നു വിളിക്കുന്നതു "മൂശയുടെ സ്വർഗ്ഗാരോപണം", "ഹെനോക്കിന്റെ പുസ്തകം", തുടങ്ങിയ അപ്രാമാണികഗ്രന്ഥങ്ങളെയാണ്.

പ്രോട്ടസ്റ്റൻറുകാർ "അപ്പോക്രിഫ" എന്നും കത്തോലിക്കർ "ദെവുത്തെറോകാനോനിക്കൽ" എന്നും വിളിക്കുന്ന കൃതികളെല്ലാം ലവുദിച്ചെയ (Laudicea കൊല്ലം 364), ഹിപ്പോ (393), കാർത്തേജ് (397), ഫ്ളോറൻസ് (1441) എന്നീ സ്ഥലങ്ങളിൽകൂടിയ സൂനഹദോസുകളും, ദമാസൂസ് (366—384), ഇന്നസെൻറ് (401), ഹോർമിസ്ദാസ് (514—523), ജെലാസിയൂസ് (492—496) എന്നീ മാർപ്പാപ്പാമാരും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയും കാനോനികങ്ങളായി അംഗീകരിച്ചിട്ടുള്ളവയുമാണ്.. എന്നാൽ പ്രോട്ടസ്റ്റൻറു മതവിപ്ലവകാരികൾ ഈ കൃതികളുടെ കാനോനികതയെ നിഷേധിക്കാൻ മുതിർന്നതിനാൽ, അവരുടെ അബദ്ധസിദ്ധാന്തങ്ങളെ "ശപി"ക്കുന്നതിനായി സമ്മേളിച്ച ത്രിദന്തീനോസു സൂനഹദോസു് 1546-ൽ (മേൽപ്പറഞ്ഞ ഭാഗങ്ങളുൾപ്പെടെ) കത്തോലിക്കാ ബൈബിളിലുള്ള ഗ്രന്ഥങ്ങളെല്ലാം ദൈവനിവേശിതങ്ങളും കാനോനികങ്ങളുമാണെന്നു ഔദ്യോഗികമായി, സാഘോഷം, അദ്ധ്യവസാനം ചെയ്തു പ്രഖ്യാപിക്കുകയുണ്ടായി.

**ചോ:** "പഴയനിയമത്തിന്റെ സൂക്ഷിപ്പുകാരും ഉടമസ്ഥരുമായ യഹൂദന്മാർ അവയെ കാനോനികഗ്രന്ഥങ്ങളായി സ്വീകരിക്കുന്നുണ്ടോ?"

**ഉ:** പഴയ നിയമത്തിന്റെ സൂക്ഷിപ്പുകാരും ഉടമസ്ഥരും യഹൂദന്മാരല്ലെന്നു വസ്തുത ആദ്യമേതന്നെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പഴയനിയമം ഉൾപ്പെടെയുള്ള വേദപുസ്തകത്തിന്റെ സൂക്ഷിപ്പും ഉടമസ്ഥതയും ദൈവം ഭരമേല്പിച്ചിരിക്കുന്നതു് അപ്രമാദയായ കത്തോലിക്കാതിരുസഭയെയാണ്. ആകയാൽ 'ഏതെല്ലാം ഗ്രന്ഥങ്ങളാണ് കാനോനികങ്ങൾ (പ്രാമാണികങ്ങൾ)' എന്നു അവസാനമായി വിധിപറയേണ്ടതും സഭയത്രെ. ഇക്കാര്യത്തിൽ സഭ പ്രഥമത; പര്യന്വേഷണം ചെയ്യുന്നതു് ക്രിസ്തുവും അപ്പസ്തോലന്മാരും സഭാപിതാക്കന്മാരും പ്രസ്തുത ഗ്രന്ഥങ്ങളെ കാനോനികങ്ങളായി പരിഗണിച്ചിരുന്നുവോ എന്നാണ്. പക്ഷെ പഴയനിയമം ആദ്യമായി യഹൂദന്മാർക്കു നൽകപ്പെട്ടിരുന്നവയാകയാൽ ഏതത്സംബന്ധമായി അവരുടെ നില എന്തായിരുന്നുവെന്നും സഭ അന്വേഷിക്കാതിരിക്കുന്നില്ല.

നമ്മുടെ കർത്താവിന്റെ ആഗമനകാലത്തു് അലക്സാണ്ഡ്റിയ, ഏഷ്യാ മൈനർ, ഗ്രീസ്, ഇററലി എന്നീ രാജ്യങ്ങളിൽ നിവസിച്ചിരുന്ന യഹൂദന്മാർ ഗ്രീക്കുഭാഷയും, പലസ്തീന, സിറിയ, മെസൊപ്പൊട്ടേമിയ എന്നീ സ്ഥലങ്ങളിൽ വസിച്ചിരുന്ന യഹൂദന്മാർ സെമിററിക് ശാഖയിൽപ്പെട്ട (ഹീബ്രു, അറമായ ഭാഷകളുമാണ സംസാരിച്ചുവന്നതു്. ഈ രണ്ടാമതുപറഞ്ഞകൂട്ടർ ഉപയോഗിച്ചുവന്നതു ഹീബ്രുബൈബിൾ ആണ്. അതിനെ പലസ്തീനിയൻ കാനോൻ എന്നു വിളിച്ചുവരുന്നു. അതിൽ മേൽപ്പറഞ്ഞ "ദ്വിതീയകാനോനി"ൽപ്പെട്ട ഭാഗങ്ങൾ ഇല്ലായിരുന്നു. എന്നു കരുതി ഒരിക്കലും അവ ആ ഗ്രന്ഥത്തിൽ ഉൾപ്പെട്ടിരുന്നില്ല എന്നു് അനുമാനിക്കേണ്ടതില്ല. പിൽക്കാലത്തു മാത്രം അവ അതിൽനിന്നു എന്തോ കാരണവശാൽ അപ്രത്യക്ഷമായതാണെന്നുവേണം വിചാരിക്കാൻ. കാരണം ആദ്യത്തെ ഗണത്തിൽപ്പെട്ട യഹൂദർ (അലക്സാണ്ഡ്റിയ മുതലായ പ്രദേശങ്ങളിൽ വസിച്ചിരുന്നവർ) ഉപയോഗിച്ചിരുന്നതും "സെപ്തുജിന്ത" എന്ന പേരിൽ അറിയപ്പെടുന്നതുമായ ഗ്രീക്കുതർജ്ജമയിൽ മേൽപ്പറഞ്ഞ ഭാഗങ്ങളെല്ലാമുണ്ടു്. അതിനെ "അലക്സാണ്ഡ്റിയൻ കാനോൻ" എന്നു സംബോധന ചെയ്തുവരുന്നു. ക്രിസ്തുവിനുമുമ്പു് 588-ൽ ജറുസലം പട്ടണം നാശത്തിനധീനമായപ്പോൾ യഹൂദർ ചിന്നിച്ചിതറുന്നതിനിടവന്നു. അവരിൽ ഒരുഭാഗം ഈജിപ്തിൽപോയി അവിടെ വാസമുറപ്പിച്ചു. അവർ കാലാന്തരത്തിൽ ഹീബ്രു ബൈബിളിനെ ഗ്രീക്കിലേക്കു തർജ്ജിമചെയ്തു. അതാണ ഈജിപ്തിലെ പ്രധാന നഗരവും വിജ്ഞാനകേന്ദ്രവുമായ അലക്സാണ്ഡ്റിയായിലും മററു സ്ഥലങ്ങളിലും വസിച്ചിരുന്ന യഹൂദർ ഉപയോഗിച്ചുവന്ന "സെപ്തുജിന്താ" വിവർത്തനം. പലസ്തീനിയൻ യഹൂദരെപ്പോലെതന്നെ അലക്സാണ്ഡ്റിയൻ യഹൂദന്മാരും യഹൂദന്മാർതന്നെ ആയിരുന്നതിനാൽ ഈ രണ്ടാമത്തെ ഗണക്കാർ ഉപയോഗിച്ചിരുന്ന ബൈബിളിനും പ്രാമാണികത്വം ഉള്ളതായിത്തന്നെ പരിഗണിക്കണം.

സെപ്തുജിന്ത (ഗ്രീക്കു) വിവർത്തനത്തിന്റെ പ്രാമാണികത്വം പൊതുവിലും ദെവുത്തെറൊകാനോനിക്കൽ ഗ്രന്ഥങ്ങളുടെ പ്രാമാണികത്വം പ്രത്യേകമായും തെളിയിക്കുന്നതിനു വേറെയും ന്യായങ്ങളുണ്ടു്. "പുതിയനിയമ"ഗ്രന്ഥങ്ങളിൽ പഴയനിയമത്തിൽനിന്നും ആകെ 350 ഉദ്ധരണികളുള്ളവയിൽ 300-എണ്ണവും പ്രസ്തുത വിവർത്തനത്തിൽനിന്നു നേരിട്ടുള്ളവയാണ്. പ്രത്യേകിച്ചും വി. പൗലോസിന്റെ ലേഖനങ്ങളിലുള്ള ഉദ്ധരണികൾ രണ്ടൊഴികെയുള്ളവയെല്ലാം സെപ്തുജിന്താവിവർത്തനത്തിൽ നിന്നെടുത്തവയാണ്. "പ്രഥമകാനോ"നിൽ പെട്ട ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ മാത്രമല്ല പുതിയനിയമത്തിലുള്ളതു് എന്നതും ശ്രദ്ധാർഹമത്രെ. "ദ്വിതീയകാനോ"നിൽ പെട്ട ഗ്രന്ഥങ്ങളോടുള്ള കടപ്പാടു പുതിയ നിയമത്തിൽ 18 സ്ഥലത്തു കാണുന്നുണ്ടെന്നത്രെ അഭിജ്ഞമതം. (See Aids to the Bible by Hugh Pope I P. 53) ഹെബ്രായർക്കാക്കുള്ള ലേഖനം 1-ാം അദ്ധ്യായം 3-ാം വാക്യം—അവൻ (പുത്രൻ) അവന്റെ (പിതാവിന്റെ) മഹത്വത്തിന്റെ പ്രഭയും, അവന്റെ സത്തയുടെ പ്രതിമയും, തന്റെ വചനത്തിന്റെ ശക്തിയാൽ സർവ്വവും അടക്കിയിരിക്കുന്നവനുമാകയാൽ. . . ."—ജ്ഞാനത്തിന്റെ പുസ്തകം 7-ാം അദ്ധ്യായം 26-ാം വാക്യത്തെ ആധാരമാക്കിയുള്ളതാണെന്നു തീർച്ചയാണ്. കാരണം ഗ്രീക്കിൽ, രണ്ടിടത്തും ഏറെക്കുറെ ഒരേ ശൈലികൾതന്നെ പ്രയോഗിച്ചിരിക്കുന്നു. പഴയനിയമത്തിലെ ദ്വിതീയകാനോനിൽപെട്ട ഗ്രന്ഥങ്ങളിൽനിന്നുയാതൊരുദ്ധരണിയും പുതിയനിയമത്തിൽ ഇല്ലെന്നുവന്നാൽപ്പോലും പ്രസ്തുത ഗ്രന്ഥങ്ങൾ പ്രാമാണികങ്ങൾ അല്ലെന്നുവരുന്നില്ല. കാരണം, പ്രഥമകാനോനിൽപെട്ടവയും ദൈവനിവേശിതങ്ങളെന്നു പ്രോട്ടസ്റ്റൻറുകാർപോലും സമ്മതിക്കുന്നവയുമായ ഗ്രന്ഥങ്ങൾ എല്ലാററിൽനിന്നുമുള്ള ഉദ്ധരണികൾ പുതിയ നിയമത്തിലില്ല. ഉദാ: എസ്തേർ, പാട്ടുകളുടെ പാട്ടു്, എസ്ദ്രാസ്, നെഹേമിയാസ്.

ആദിമക്രിസ്ത്യാനികൾക്കു ദ്വിതീയ കാനോനിൽ പെട്ട പുസ്തകങ്ങളും സുപരിചിതങ്ങളായിരുന്നുവെന്നതിനു റോമിലെ ഭൂഗർഭാലയങ്ങളിലെ ചിത്രങ്ങൾ സാക്ഷ്യം വഹിക്കുന്നു. സൂസന്നായുടേയും മററും ചിത്രങ്ങൾ അവിടെ ആലേഖനംചെയ്യപ്പെട്ടിട്ടുണ്ടു്. സൂസന്നയുടെ ചരിത്രം വിവരിക്കപ്പെടുന്നതു ദ്വിതീയകാനോനിലെ ദാനിയേലിന്റെ പുസ്തകത്തിലാണ്. റോമിലെ വി. ക്ലെമൻറ്, "പസ്തോർ ഹെർമസ്", വി. ഇരനേവൂസ്, വി. ഹിപ്പോളിററസ്, തെർത്തുല്യൻ, സിപ്രിയാനോസ്, പോളിക്കാർപ്പ്, അത്തനഗോരസ്, അലക്സാണ്ഡ്റിയായിലെ ക്ലെമൻറ് ആദിയായ എഴുത്തുകാർ നമ്മുടെ ചർച്ചാവിഷയമായിരിക്കുന്ന കൃതികളിൽനിന്നു ഉദ്ധരിക്കുകയും അവയിലെ വാക്യങ്ങളെ ആസ്പദമാക്കിയുള്ള സൂചനകൾ നല്കുകയും ചെയ്യുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ.

**ചോ:** "മേൽപ്പറഞ്ഞ ഗ്രന്ഥങ്ങൾ പുരാതനസഭകളായി അറിയപ്പെടുന്ന യാക്കോബായ, അർമ്മീനിയ, ഗ്രീക്കു, കോപ്ററിക്കു മുതലായസഭാവിഭാഗങ്ങളോ മറെറതെങ്കിലും ക്രിസ്തീയസഭാവിഭാഗങ്ങളോ ദൈവാത്മപ്രേരിതങ്ങളായ തിരുവെഴുത്തുകളായി സ്വീകരിക്കുന്നുണ്ടോ?"

**ഉ:** നെസ്തോറിയൻകാർ, ഏകസ്വഭാവവാദികൾ, എത്തിയോപ്യർ, അർമ്മീനിയൻകാർ, കോപ്ററിക്കുകാർ ആദിയായ ക്രിസ്തീയ വകുപ്പുകാർ ഇപ്പോഴും പ്രസ്തുത ഗ്രന്ഥങ്ങളെ കാനോനികങ്ങളായിത്തന്നെ പരിഗണിക്കുന്നു. ഗ്രീക്കുകാരുടെ ഇടയിൽ 692-ൽ ട്രൂള്ളയിൽകൂടിയ സൂനഹദോസിനുശേഷം വിശുദ്ധഗ്രന്ഥകാനോനെ സംബന്ധിച്ച യാതൊരു വാദപ്രതിവാദവും അവശേഷിച്ചിരുന്നില്ല. പ്രസ്തുത സൂനഹദോസു ഏതത്സംബന്ധമായി ആഫ്രിക്കൻ സൂനഹദോസുകൾ ചെയ്തിരുന്ന തീരുമാനങ്ങൾ അതേപടി സ്വീകരിക്കുകയുണ്ടായി. 9-ാം നൂററാണ്ടിലാണല്ലോ ഫോസിയൂസു ഗ്രീക്കു ശീശ്മയുടെ പ്രണേതാവായിഭവിച്ചതു്. അദ്ദേഹവും വേദപുസ്തകകാനോനെപ്പററി യാതൊരു അഭിപ്രായഭിന്നതയും പുറപ്പെടുവിച്ചില്ല; എന്നു മാത്രമല്ല, സ്വഗ്രന്ഥങ്ങളിൽ നല്കു

ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും

സാരി, വിരിപ്പാവു്, പുതകവണി ഇവകൾക്കു്

"യൂനിയൻ വീവിംഗ്സ്"

തൊടുപുഴ

എന്ന വിലാസത്തിൽ ഓർഡർചെയ്യുക.

പൂർണ്ണ ഉത്തരവാദിത്വം

മാത്യു സെബാസ്റ്റ്യൻ കുരുവിനാക്കുന്നേൽ

(മാനേജിംഗ് ഡയറക്ടർ)

ന്ന പട്ടികയിൽ ദ്വിതീയ കാനോനിൽ ഉൾപ്പെട്ടവയെക്കൂടി പ്രാമാണികങ്ങളായി സ്വീകരിച്ചിട്ടുണ്ടു്. 1150-നു ശേഷം നിര്യാതനായ സൊനാരുസ് (Zonarus), 1200-ൽ നിര്യാതനായ ബാൾസമോൺ, ആദിയായ ഗ്രീക്കു ശിശ്മസഭയിലെ എഴുത്തുകാരും ട്രൂള്ളൻ സൂനഹദോസ് അംഗീകരിച്ച കാനോൻ അതേപടി സ്വീകരിച്ചിരുന്നു. 17-ാം നൂററാണ്ടിൽ സീറിൽ ലൂക്കർ എന്ന മെത്രാനും അദ്ദേഹത്തിന്റെ ശിഷ്യൻ മെത്രോഫാനെസ് ക്രിത്തൊപ്പുളസ് എന്ന ദേഹവും പ്രോട്ടസ്റ്റൻറുകാരുടെ പല അബദ്ധസിദ്ധാന്തങ്ങളും സ്വന്തം ഗ്രീക്കു ശിശ്മസഭയിൽ ആവിർഭവിപ്പിക്കുവാൻ ശ്രമിച്ചവരത്രെ. അക്കൂട്ടത്തിൽ കാനോനികഗ്രന്ഥങ്ങളുടെ എണ്ണവും വെട്ടിക്കുറക്കുവാൻ ഉദ്യമിക്കയുണ്ടായി പക്ഷെ മററു ഗ്രീക്കു മെത്രാന്മാർ അതിനെ എതിർക്കുകയും 1638-ൽ കോൺസ്റ്റൻറിനോപ്പോളിലും 1642 ൽ ജാസ്സിയിലും, 1672-ൽ ജറുസലത്തും കൂടിയ സൂനഹദോസുകളിൽവച്ചു അവരുടെ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സൂനഹദോസുകൾ പുരാതന കാനോൻ അതേപടി അംഗീകരിക്കുകയാണു ചെയ്തതു. എന്നാൽ 18-ാം ശതാബ്ദം മുതൽ റഷ്യയിലെ ഗ്രീക്കുശിശ്മക്കാർ പ്രോട്ടസ്റ്റൻറുകാരെ അനുകരിച്ചു ദ്വിതീയ കാനോനിൽപെട്ട ഗ്രന്ഥങ്ങളുടെ ദൈവനിവേശിതത്വം നിഷേധിച്ചുതുടങ്ങി. ഇപ്പോൾ പൊതുവിൽ ഗ്രീക്കുശിശ്മക്കാരെല്ലാം ഏറെക്കുറെ ഈ നിലയാണു സ്വീകരിച്ചിരിക്കുന്നതു്.

യാക്കോബായക്കാരുടെ വിശ്വാസത്തിൽ എന്തെങ്കിലും വ്യതിയാനം അടുത്തകാലങ്ങളിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ അതു പ്രോട്ടസ്റ്റൻറു പ്രേരണവഴി പ്പെട്ടിട്ടുമാത്രമായിരിക്കാനേ നിവൃത്തിയുള്ളു. കാരണം 708-ൽ ചരമം പ്രാപിച്ച യാക്കോബു് എദെസ്സാനോസു്, 1286-ൽ ചരമമടഞ്ഞ ബർ എബ്രായി എന്നീ രണ്ടു മെത്രാന്മാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പട്ടികകളിൽ ഈ ഗ്രന്ഥങ്ങളെല്ലാം ഉൾപ്പെട്ടിട്ടുള്ളതാണു്.

മററു ക്രിസ്തീയ വിഭാഗക്കാരുടെ നില എന്തുതന്നെയായാലും, കത്തോലിക്കാസഭയുടെ നില സംശയരഹിതവും സുനിശ്ചിതവുമാണു്. ദൈവനിവേശിതങ്ങളായ എല്ലാ ഗ്രന്ഥങ്ങളേയും അഭംഗമായി സംരക്ഷിക്കേണ്ട ഭാരം സഭയ്ക്കുണ്ടു്. പൂർവ്വവിശ്വാസത്തിൽനിന്നു സഭ അണുപോലും വ്യതിചലിക്കുന്നതല്ല.



ഈസ്റ്റേൺമെർക്കൻറയിൽ ബാങ്കു പ്രവർത്തകർ ഇന്ത്യയിലെ അപ്പസ്തോലിക്ക ഇൻറർനൺഷ്യോ തിരുമേനിയെ സ്വീകരിച്ചു ഹാരമണിയിച്ചശേഷം എടുത്ത ഫോട്ടോ. (ഇടത്തുനിന്നു വലത്തോട്ടു്) ബാങ്കു മാനേജിംഗ് ഡയറക്ടർ മി. വി. എം. കുര്യൻ, പ്രസിഡണ്ടു് മി. ഒ. സി. വർഗീസ്, ഇൻറർനൺഷ്യോ തിരുമേനി, ഇൻറർനൺഷ്യേച്ചറിലെ അററാച്ചി മോൺ. റേയ്മോൺഡീ, ബാങ്കു സെക്രട്ടറി മി. പി. എം. ദേവസ്യാ.

**ചോ:** "റോമൻ കത്തോലിക്കാസഭയും മററു പുരാതനസഭകളും തമ്മിൽ വേർപാടു് ഉണ്ടാകുന്നതിനുമുമ്പു് ആ പുസ്തകങ്ങൾ ദൈവാത്മപ്രേരിതങ്ങളായ തിരുവെഴുത്തുകളായി പൊതുസഭ അംഗീകരിച്ചിരുന്നില്ലെന്നു വിചാരിക്കാമോ?"

**ഉ:** അങ്ങനെ വിചാരിക്കാൻ യാതൊരു നിവൃത്തിയുമില്ല. മുകളിൽ ചേർത്തിരിക്കുന്ന ന്യായങ്ങളിൽനിന്നു അതു വിശദമാകുന്നുണ്ടു്. കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയതിനുശേഷവും പ്രസ്തുതഗ്രന്ഥങ്ങളെ (Deutero-Canonical) ദൈവനിവേശിതങ്ങളായി ആ "പുരാതനസഭകൾ" പരിഗണിച്ചുവന്നുവെങ്കിൽ, അതിനുമുമ്പു പൊതുസഭ അവയെ അപ്രകാരം അംഗീകരിച്ചുവെന്നതിനു യാതൊരു സംശയവുമില്ലല്ലോ.


നാളെയ്ക്കുവേണ്ടി കഴിയുന്നതു സമ്പാദിക്കുവാൻ ഇന്നു പരിശ്രമിക്കുക.
എന്നാൽ ധനം നിക്ഷേപിക്കുന്നതു ആവശ്യം വരുമ്പോൾ മടക്കി കിട്ടുമെന്നു ഉറപ്പുള്ള സ്ഥലത്തായിരിക്കണമെന്നു ഓർമ്മിക്കുക.

**ദി ഈസ്റ്റേൺ മർക്കൻറയിൽ ബാങ്ക് ക്ലിപ്തം**

**H. O. ചങ്ങനാശേരി**

ബ്രാഞ്ചുകൾ:—ആലുവാ, ചങ്ങനാശേരി, കോതമംഗലം, കോട്ടയം, മൂവാററുപുഴ, നെടുംകുന്നം, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, ഉപ്പുതറ.

പി. എം. ദേവസ്യാ
സെക്രട്ടറി

വി. എം. കുര്യൻ
ജനറൽ മാനേജർ


## പിരിച്ചുവിട്ട മാത്തുക്കുട്ടി

(തോമസ് സിബാസ്റ്റ്യൻ ബി. എ. എൽ. ററി.)

"ഇൻക്വിലാബ് സിന്ദാബാദ്, ഇൻക്വിലാബ് സിന്ദാബാദ്!" ഈശ്വരോ രക്ഷതു. എന്താണാ കേൾക്കുന്നതു? ഞാൻ വഴിവക്കിൽ ചെന്നുനിന്നു നോക്കി. കുറെ അകലെ കാണാം രണ്ടു പന്തവും കൊളുത്തി ഒരു ജാഥാ വരുന്നു. സ്വരത്തിൽനിന്നുതന്നെ മനസ്സിലായി അവർ കുട്ടികളാണെന്നു്. പത്തുപന്ത്രണ്ടു പേരുണ്ടു്. പിന്നെയും ഗർജ്ജനം: "ഇൻക്വിലാബ് സിന്ദാബാദ്. പിരിച്ചുവിട്ട മാത്തുക്കുട്ടിയെ തിരിച്ചെടുക്കണെ." എല്ലാവരും മൂന്നു പ്രാവശ്യം ഏററുപാടി.

ജാഥാ വീട്ടിന്റെ ഉമ്മറത്തു എത്തി. രണ്ടു പന്തങ്ങളുടേയും മദ്ധ്യേ നേതാവു് ഒരു പന്ത്രണ്ടുകാരൻ നടക്കുന്നു. കൈയിൽ കടലാസുകൊണ്ടുണ്ടാക്കിയ ഒരു മെഗഫോൺ. നല്ല വെള്ളക്കടലാസുകൊണ്ടുണ്ടാക്കിയ ഒരു ഗാന്ധിത്തൊപ്പി തലയിലും. യാതനക്കാരൻ മാത്തുക്കുട്ടിയും അത്തരമൊരു തൊപ്പിയുമായി പന്തങ്ങളുടെ മദ്ധ്യേ നേതാവിന്റെ അടുത്തു മൗനവ്രതമനുഷ്ഠിച്ചു നടക്കുന്നു. യാതനക്കാരനല്ലേ. മൗനം തന്നെ പാവത്തിന്റെ ഭൂഷണം.

"നിങ്ങൾക്കെന്തുപററി?" ഞാൻ ചോദിച്ചു. ഉത്തരം "ഇൻക്വിലാബ് സിന്ദാബാദ്. പിരിച്ചുവിട്ട മാത്തുക്കുട്ടിയെ തിരിച്ചെടുക്കണം. പെങ്ങളുപെണ്ണിനെ പിരിച്ചയക്കണം. പി. കെ. ജോസഫ് എടപെടണം. ഇൻക്വിലാബ് സിന്ദാബാദ്." കാര്യം കുഴപ്പമായി. എനിക്കൊരു ചുക്കും ചുണ്ണാമ്പും തിരിയുന്നില്ല. എന്റെ സ്കൂളിൽ മാത്തുക്കുട്ടി ഇല്ല. പെൺപള്ളിക്കൂടമായതുകൊണ്ടു്. ഉണ്ടെങ്കിൽത്തന്നെ അവനെ പിരിച്ചുവിട്ടിട്ടുമില്ല. ആരേയും പിരിച്ചുവിട്ടിട്ടില്ലാത്തതുകൊണ്ടു്. ഇതെന്തൊരു വൈതരണി. നടന്നു ഞാനും പിന്നാലെ. "ളാ"പ്പാലമടുത്തപ്പോൾ ഉച്ചത്തിൽ "ഇൻക്വിലാബ് സിന്ദാബാദ്. പിരിച്ചുവിട്ട മാത്തുക്കുട്ടിയെ തിരിച്ചെടുക്കണം. പെങ്ങളുപെണ്ണിനെ പിരിച്ചയക്കണം. പി. കെ. ജോസഫ് എടപെടണം."

ഇരുട്ടിൽ എതിരേവന്ന "പി. കെ. ജോസഫ്" തന്റെ മകൻ "യാതനക്കാരൻ മാത്തുക്കുട്ടി"യെ ചെവിക്കു തൂക്കി എടുത്തു വീട്ടിൽ കൊണ്ടുപോയി. പി. കെ. ജോസഫിന്റെ എടപെടൽമൂലം തങ്ങളുടെ എര നഷ്ടപ്പെട്ടതുകൊണ്ടു് നേതാവു ചാണ്ടിക്കുഞ്ഞു, അച്ചടക്കബോധത്തോടുകൂടി പിരിഞ്ഞുപോകുവാൻ ജാഥായെ നിർദ്ദേശിച്ചു. എല്ലാവരും "അണ്ടികളഞ്ഞ അണ്ണാനെപ്പോലെ" പിരിയുകയുംചെയ്തു.

പിറേറദിവസമല്ലേ കാര്യങ്ങളുടെ "കിണി" മനസ്സിലായതു്. മാത്തുക്കുട്ടി, പി. കെ. ജോസഫിന്റെ മകൻ. വയസ്സു് 12. 4-ാംക്ലാസ്സിൽ പഠിക്കുന്നു. "പെങ്ങളു പെണ്ണ്" ത്രേസിക്കുട്ടി. വയസ്സു 15 കഴിഞ്ഞു. 16-ന്റെ മട്ടുണ്ടു. പി. കെ. യും മിസ്സസ്സും കൂടി ചില രഹസ്യാലോചനകൾ. ത്രേസിക്കുട്ടിയെ ഉത്തേജിപ്പിച്ചു. കാര്യബോധമുള്ളവളാക്കി.

അന്നു മാത്തുക്കുട്ടി സ്കൂളുകഴിഞ്ഞു സന്ധ്യകഴിയുന്നതുവരെ വഴിയിൽ കളിച്ചു നടന്നു. പി. കെ. ജോസഫ് "പെങ്ങളു പെണ്ണിനെ പിരിച്ചയക്കുന്ന കാര്യം ആലോചിക്കാനും അക്കൂട്ടത്തിൽ "താളിയടിക്കാനും" ളായിക്കാട്ടിനു പോയിരിക്കുകയാണു്. സന്ധ്യാനമസ്കാരസമയം കഴിഞ്ഞപ്പോൾ വീട്ടിൽവന്നു കയറിയ മാത്തുക്കുട്ടി അത്താഴത്തിനു ശണ്ഠകൂട്ടി. ത്രേസിക്കുട്ടിയുടെ പുതിയ കാര്യബോധം അവനെ ശാസിച്ചു "കുളിയും പ്രാർത്ഥനയും കഴിയാതെ ചോറുതരില്ല." മാത്തുക്കുട്ടി ത്രേസിക്കുട്ടിയെ മറിച്ചിട്ടു. ത്രേസിക്കുട്ടി തവിക്കണകൊണ്ടു രണ്ടു പോട്ടുംകൊടുത്തു. അതുതന്നെ കാര്യം. മാത്തുക്കുട്ടി യാതനക്കാരനായി. ചാണ്ടിക്കുഞ്ഞു നേതാവായി. പി. കെ. ജോസഫിന്റെ വീട്ടിൽ സ്ട്രൈക്കായി. പി. കെ. ജോസഫ് എടപെട്ടു് സ്ട്രൈക്കുകാരുടെ പ്രാഥമികാവശ്യങ്ങൾ (Minimum demands) സാധിച്ചുംകൊടുത്തു. പെങ്ങൾപെണ്ണിനെ പിരിച്ചയച്ചു. ത്രേസിക്കുട്ടി അയൽക്കരയിലെ ഒരു യുവകേസരിയുടെ മിസ്സസ്സായി. മാത്തുക്കുട്ടിയെ ചെവിക്കു തൂക്കി തിരിച്ചെടുത്തു. ഇപ്പോഴും "യാതനക്കാരൻ മാത്തുക്കുട്ടി" എന്നു പറഞ്ഞാൽ ആരും മററാരേയും തെററിദ്ധരിക്കുകയില്ല. ചാണ്ടിക്കുഞ്ഞിന്റെ സിഗററു വലി മുടങ്ങിയതു മിച്ചം.

N. B. സംഭവം യഥാർത്ഥമാണു്. പൊടിപ്പും തൊങ്ങലും ചേർത്തിട്ടുണ്ടു്. ഊരും പേരും മാററിയിട്ടുണ്ടു്. ഞാനും വേറേയാണു്. ഇരുട്ടടി ഭയന്നിട്ടുതന്നെ.

## വിനോദവീഥി

ഡോക്ടർ: "നിങ്ങളുടെ ഭർത്താവിനു നല്ല വിശ്രമമാണു് ഇപ്പോൾ ആവശ്യം."

സ്ത്രീ: "പക്ഷെ, ഞാനതു പറഞ്ഞിട്ടു് കേൾക്കുന്നില്ലല്ലോ."

ഡോക്ടർ: "അതുതന്നെ നല്ലൊരു വിശ്രമമായിരിക്കും, സംശയമില്ല."

* * *


അസാദ്ധ്യമായിരുന്ന വാതരോഗം ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സുഖമായതിനു ഉപകാരസ്മരണ.

തുണ്ടിയിൽ തൊമ്മൻ ബൌസലിം


"ഈ വാച്ചു ഒരു ജീവിതകാലംമുഴുവൻ നില്ക്കുമെന്നല്ലേ നിങ്ങളന്നു പറഞ്ഞതു്?"

"ശരിയാണു്", പക്ഷെ അന്നു നിങ്ങൾക്കു സാരമായ എന്തോ സുഖക്കേടുള്ളതുപോലെ തോന്നി."

* * *



ധൂർത്തഗതിക്കാരനായ ഭർത്താവു്: "സുമതി, ഞാൻ വരുവാൻ താമസിക്കയാണെങ്കിൽ നാളെത്തന്നെ കത്തയക്കുന്നതാണു്."

സുമതി: "പ്രയാസപ്പെടണ്ട, ആ കത്തു പോക്കററിൽനിന്നും ഞാനെടുത്തുകഴിഞ്ഞു."

* * *

രക്തത്തിൽ തത്തിക്കളിച്ചിരുന്ന ഒരു രോഗാണു (microbe) മറെറാരു രോഗാണുവിനെ കണ്ടപ്പോൾ ഇപ്രകാരം കുശലപ്രശ്നംചെയ്തു: "കണ്ടിട്ടു് വല്ലാതിരിക്കുന്നല്ലോ. എന്താ ഇത്ര വലിയ ക്ഷീണം?"

മറുപടി: "എന്നെ അല്പം പെനിസിലിൻ (Penicillin) ബാധിച്ചിരിക്കുന്നതുപോലെ തോന്നുന്നു."

ഫാത്തിമാബാലസമിതി

# നിങ്ങൾ ചെയ്യേണ്ടതെന്ത്?

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങൾക്ക് അനുദിനജീവിതത്തിൽ പലപ്പോഴും അനുഭവപ്പെടുന്ന ഒരു സംഗതിയുണ്ട്. ഓരോരുത്തരും ഇതരന്മാരെ കുററംപറയുന്നു എന്നതാണതു്. മററുള്ളവർ "ചെയ്യേണ്ടിയിരുന്നതു് ചെയ്തില്ല," അല്ലെങ്കിൽ "അവർ ചെയ്യേണ്ടതു് ചെയ്യുന്നില്ല." ഈ ആരോപണമേ പലരിൽനിന്നും കേൾക്കുവാനുള്ളു. ഇതു് ആധുനികലോകത്തിൻെറ ഒരു പ്രത്യേകതയായി പരിഗണിക്കുന്നതിൽ ആക്ഷേപത്തിനു് വകയുണ്ടെന്നു തോന്നുന്നില്ല.

അപരൻ ചെയ്യേണ്ടതു് എന്തെല്ലാമെന്നു് തങ്ങൾക്കറിയാമെന്നൊരു ഭാവം. സ്വന്ത മാനദണ്ഡം അഥവാ അഭിപ്രായമനുസരിച്ചു് ഇതരന്മാർ അവരുടെ കടമകൾ നിർവ്വഹിച്ചില്ലെങ്കിൽ അവർ ചെയ്യുന്നതെല്ലാം തെററാണെന്നാണു് ഇവരുടെ വിചാരം. ഇങ്ങനെ ഭാര്യമാർ ഭർത്താക്കന്മാരിലും, ഭർത്താക്കന്മാർ ഭാര്യമാരിലും കുററം ആരോപിക്കുന്നു. ഭരണീയർ ഭരണകർത്താക്കളേയും ഭരണകർത്താക്കൾ ഭരണീയരേയും കുററപ്പെടുത്തുന്നു. യജമാനന്മാർ ദാസന്മാരിലും, ദാസന്മാർ യജമാനന്മാരിലും, അദ്ധ്യാപകന്മാർ വിദ്യാർത്ഥികളിലും, വിദ്യാർത്ഥികൾ അദ്ധ്യാപകന്മാരിലും, മാതാപിതാക്കൾ മക്കളിലും, മക്കൾ മാതാപിതാക്കളിലും, കൂട്ടുകാർ പരസ്പരവും കുററം ആരോപിക്കുന്നു. മറുഭാഗത്തിൻെറ കടമയാണു് ഓരോരുത്തരുടേയും അന്വേഷണവിഷയം.

ഓരോരുത്തരും ചെയ്യേണ്ടിയിരുന്നതു് അഥവാ ചെയ്യേണ്ടതു് എന്തു് എന്നു് സാമാന്യം ആരും ഇന്നു ചിന്തിക്കുന്നില്ല. അന്വേഷിക്കുകയോ, കണ്ടുപിടിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. ഇപ്രകാരം സ്വന്തകാര്യം അവഗണിച്ചുകൊണ്ടു് അന്യരുടെ പ്രവൃത്തികളെക്കുറിച്ചു് ചിന്തിക്കുകയും അവയെക്കുറിച്ചു വിമർശനങ്ങൾ ചെയ്യുകയും ചെയ്യുന്നതു് സ്തുത്യർഹമല്ല; എന്നുതന്നെയല്ല ആക്ഷേപാർഹംകൂടിയാണു്.

കുട്ടികളുടെ കാര്യമെടുക്കുക. എല്ലാ സംഗതികളും അവക്കു് അറിയാമെന്നുള്ള ഒരു ഭാവമാണു് ഇന്നു് അവരിൽ പ്രത്യക്ഷപ്പെടുന്നതു്. ഭരണാധിപന്മാരുടേയും, അദ്ധ്യാപകന്മാരുടേയും, മാതാപിതാക്കന്മാരുടെ തന്നേയും ചുമതലകൾ എന്തെല്ലാമാണെന്നു് യാതൊരു ശങ്കയും ആലോചനയും കൂടാതെ പ്രസ്താവിക്കാൻ അവരിൽ പലരും മുതിരുന്നതായിട്ടാണു് അനുഭവം. എന്നാൽ ഓരോരുത്തരും ചെയ്യേണ്ടതു് എന്താണു് എന്നു് ആലോചിക്കുകയോ അന്വേഷിച്ചറിയുകയോ അതിനനുസരിച്ചു പ്രവർത്തിക്കുകയോ ചെയ്യുന്നവർ വളരെ വളരെ ചുരുക്കമാണു്. എന്താണിതിൻെറ കാരണം? ചുരുക്കിപ്പറഞ്ഞാൽ അഹങ്കാരമാണു് ഇതിനു് ഹേതു. ഇതരന്മാരുടെ തെററുകളെ വീക്ഷിക്കുന്നതിനുമാത്രമേ അവക്കു് കണ്ണൊള്ളു. സ്വന്തകുറവുകൾ ഗ്രഹിക്കാതിരിക്കത്തക്കവിധത്തിൽ അഹങ്കാരം അവരെ അന്ധരാക്കിയിരിക്കുകയാണു്. തന്മൂലം അവർ പൂർണ്ണരും മററുള്ളവർ അപൂർണ്ണരുമായിട്ടുമാത്രമേ അവക്കു് കാണുന്നതിനു് സാധിക്കുകയുള്ളു. ക്രിസ്ത്വാനുകരണകർത്താവിൻെറ വാക്കുകൾ ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണു്. "സ്വന്തകാര്യം ഉദാസീനമായി വിട്ടു്, ആകാശമണ്ഡലത്തിൻെറ ഗതിയെക്കുറിച്ചു് ആലോചിക്കുന്ന അഹങ്കാരിയായ തത്വജ്ഞാനിയെക്കാൾ നല്ലവൻ, ദൈവത്തിനു് ശുശ്രൂഷചെയ്യുന്ന എളിമയുള്ള കൃഷിക്കാരനാകുന്നു." (ക്രിസ്ത്വാ I. 11 2). എളിമയുള്ള ഒരു ദൈവശുശ്രൂഷി ചെയ്യുന്നതു് സ്വയം അറിയുകയും സ്വന്തന്യൂനതകൾ പരിഹരിക്കുകയും തന്നെത്തന്നെ പൂർണ്ണനാക്കുവാൻ പരിശ്രമിക്കുകയുമാണു്. ഇതാണു് നല്ലവരാകുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതു്. സ്വന്തകാര്യങ്ങൾ അന്വേഷിക്കുക എന്നതാണു് മററുള്ളവരുടെ കാര്യങ്ങളിൽ തലയിടുന്നതിനെക്കാൾ സ്തുത്യർഹമായിട്ടുള്ളതു്. ഇവക്കുമാത്രമേ ദൈവത്തിൻെറയും മനുഷ്യരുടെയും പ്രശംസ ലഭിക്കുകയുള്ളു.

അതുകൊണ്ടു് വല്യച്ചനു് കുഞ്ഞുമക്കളെ മനസ്സിലാക്കുവാനുള്ള ഒരു വലിയ സംഗതി ഇതാണു്: മററുള്ളവർ ചെയ്യേണ്ടതു് എന്തു് എന്നു് അന്വേഷിക്കുന്നതിനുമുൻപു്, നിങ്ങൾ ചെയ്യേണ്ടതു് എന്തു് എന്നു് മനസ്സിലാക്കുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യണം. സ്വയം പൂർണ്ണനല്ലാത്ത ആക്കും മററുള്ളവരെ പൂർണ്ണരാക്കുന്നതിനു് സാധ്യമല്ല. അതുകൊണ്ടു് നിങ്ങൾക്കു് ഏതെങ്കിലും നന്മ ലോകത്തിനു് ചെയ്യണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ആദ്യമായി നിങ്ങൾ ചെയ്യേണ്ട സംഗതി നിങ്ങളെത്തന്നെ പൂർണ്ണരാക്കുക എന്നുള്ളതാണു്. ഇതിനാണു് നിങ്ങൾ പരിശ്രമിക്കേണ്ടതു്. ഇതുസംബന്ധിച്ചാണു് അടുത്ത ലക്കങ്ങളിൽ വല്യച്ചൻ പ്രതിപാദിക്കുവാനുദ്ദേശിക്കുന്നതു്. അതുകൊണ്ടു് തുടനുള്ള ലക്കങ്ങൾ കുഞ്ഞുമക്കളെല്ലാവരും ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കുകയും അവയിൽ പറയുന്നവ പ്രായോഗികമാക്കുവാൻ പ്രത്യേകം ശ്രമിക്കുകയും ചെയ്യണം.

പ്രിയ കുഞ്ഞുങ്ങളേ, ശ്ലോകങ്ങൾ മനഃപാഠം പഠിക്കുന്നതിനു് നിങ്ങൾക്കു് താല്പര്യമുണ്ടായിരിക്കുമല്ലോ. കുട്ടികൾക്കു് പററിയ ചില വേദപുസ്തകവാക്യങ്ങൾ നമ്മുടെ സമുദായത്തിലെ ചില സുപ്രസിദ്ധ കവികൾ പദ്യരൂപത്തിലാക്കിയിട്ടുണ്ടു്. ഇവയിൽനിന്നു ഓരോലേഖനത്തിൻേറയും ആശയത്തിനു് അനുയോജ്യമായ ശ്ലോകം ഓരോ ലേഖനത്തിൻെറ ഒടുവിൽ ചേർക്കുന്നതാണു്. വേദപുസ്തക വാക്യങ്ങളുടെ പദ്യരൂപം ലഭിച്ചില്ലെങ്കിൽ ലേഖനത്തിൻെറ ആശയത്തിനു പററിയമററു വല്ലപദ്യമോവാക്യമോ ചേർക്കുന്നതാണു്. പ്രസ്തുതപദ്യം അഥവാ വാക്യം നല്ലപോലെ മനഃപാഠമാക്കുന്നതിനും അവയെക്കുറിച്ചു് ഇടയ്ക്കിടയ്ക്കു് ചിന്തിക്കുന്നതിനും അതിനനുസരിച്ചു ജീവിതത്തെ ക്രമീകരിക്കുന്നതിനും കുഞ്ഞുമക്കൾ പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു. എന്നു് സ്വന്തം വല്യച്ചൻ.

"നിൻെറ ദൃഷ്ടിയിൽ നീ തന്നെ
വിജ്ഞനാകേണ്ട തെല്ലുമേ:
ഭയപ്പെടുക ദൈവത്തെ-
പ്പാപത്തെ വിട്ടുമാറുക."

(സോളൊമോൻെറ
സുഭാഷിതങ്ങൾ III. 7)

## നിങ്ങൾക്കറിയാമോ?

താഴെപറയുന്നവർ ആരാണു് ?

1) ആററ്ലി 2) ബേഡൻ പവൽ 3) ജോൺ ലോഗിയെ ബേയർഡ്.


1) ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയും ലേബർ പാർട്ടിയുടെ നേതാവും. 2) സ്കൗട്ടു പ്രസ്ഥാനത്തിൻെറ പ്രണേതാവു്. 3) ടെലെവിഷൻ കണ്ടുപിടിച്ച സുപ്രസിദ്ധ ശാസ്ത്രജ്ഞൻ.

---

## 'ശ്രീമതി'യും 'കുമാരി'യും

മദ്രാസ് ഗവമ്മെൻറു് ഒരു പ്രസ്സ്കമ്മ്യൂണിക്കെയിൽ ഇപ്രകാരം പറയുന്നു: "ഇപ്പോൾ എല്ലാ ഔദ്യോഗികറിക്കാർഡുകളിലും എഴുത്തുകുത്തുകളിലും മുസ്ലിം, യൂറോപ്യൻ, ആംഗ്ലോ ഇൻഡ്യൻ, എന്നീ സമുദായങ്ങളൊഴികെ മറെറല്ലാ സമുദായങ്ങളിലുംപെട്ട സ്ത്രീകളുടെ പേരിനുമുൻപു് "ശ്രീമതി" എന്നു ഉപയോഗിച്ചുവരികയാണു്. എന്നാൽ "ശ്രീമതി" എന്നതു വിവാഹിതരും അവിവാഹിതരുമായ സ്ത്രീകൾക്കു ഒരുപോലെ ഉപയോഗിക്കുന്നതിനാൽ "മിസ്സിസ്സ്" "മിസ്സ്" എന്നീ ഇംഗ്ലീഷുസംജ്ഞകൾക്കു തുല്യമായ പദങ്ങൾ ഇൻഡ്യൻഭാഷയിലില്ലാത്തതുകൊണ്ടു് വിവാഹിതക്കും അവിവാഹിതക്കും അയക്കുന്ന കത്തുകളിൽ വെവ്വേറെ രീതിയിൽ എഴുതാൻ സാധിക്കുന്നില്ല. അവഗാഢമായ പരിചിന്തനത്തിനുശേഷം, ഭാവിയിലുള്ള എല്ലാ ഔദ്യോഗിക എഴുത്തുകുത്തുകളിലും വിവാഹിതരെ സംബന്ധിച്ചിടത്തോളം "ശ്രീമതി" എന്നും അവിവാഹിതരെ സംബന്ധിച്ചിടത്തോളം "കുമാരി" എന്നും ഉപയോഗിച്ചുകൊള്ളണമെന്നു ഗവമ്മെൻറുത്തരവായിരിക്കുന്നു".

(Travancore-Cochin News)



വിനോദത്തിലൂടെ വിജ്ഞാനം! അതു വഴി സമുദായത്തിൽ സദാചാരതല്പരതയും ധമ്മബോധവും വളത്തുന്ന ഒരു കലാവിശേഷമത്രെ

## കഥാപ്രസംഗം

ഈ കലയിൽ പുതിയൊരു പരിവത്തനത്തിൻെറ നേതൃത്വം വഹിക്കുന്ന വിശ്രുത കലാകാരനാണു്—കേർളക്കരയിലെ അഭിവന്ദ്യരായ വൈദികമേലദ്ധ്യക്ഷന്മാരുടെയും വൈദികപ്രമുഖർ, സാഹിത്യപണ്ഡിതന്മാർ തുടങ്ങിയ സുപ്രശസ്തവ്യക്തികളുടേയും അകമഴിഞ്ഞ അഭിനന്ദനാശീർവ്വാദങ്ങൾക്കു പാത്രീഭൂതനായ അനുഗ്രഹീത കാഥികനാണു്

### ശ്രീ. ജോസഫ് ചിറയേടൻ

(കുഴുപ്പിള്ളി—അയ്യമ്പിള്ളി)

ഈ പുലരുന്ന പുതുവർഷത്തിലേക്ക് പുതിയ പാർട്ടിയോടും വൈദികലോകത്തിൻെറ പ്രേരണയോടും ആശിസ്സുകളോടുംകൂടി സഹൃദയലോകത്തിൻെറ പൂർവ്വാധികമായ പ്രോത്സാഹനങ്ങൾ പ്രശ്രയപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടു് വി. വേദപുസ്തകത്തിൻെറ പശ്ചാത്തലത്തിൽ തയാറാകുന്ന പുളകോൽഗമകരമായ പുതിയ പുണ്യകഥ

### "മരിയ ഗൊരേത്തി"

കൂടുതൽ വിവരങ്ങൾക്കു് കാഥികനു നേരിട്ടോ എനിക്കോ എഴുതുക:-

ടി. ഡി. മാത്യു, ഫിഡലിസ്റ്റ്, തൊടുപുഴ

## സിർക്കോ ആരാം തേൽ

No. 1. ഓമ്മക്കുറവു്, തലകറക്കം, സ്വപ്നദശനം, തലവേദന, പല്ലുവേദന, നീരിറക്കം മുതലായി സകല ശിരോരോഗങ്ങളെയും നിഹനിച്ചു് തലയ്ക്കു കുളുമ്മയും സുഖനിദ്രയും ലഭിക്കുന്നതിനു് അത്യുത്തമം.

No. 2. വിശിഷ്യ മുടിപൊഴിയുക, മുറിയുക, തുടങ്ങി സകല കേശരോഗങ്ങളെയും മാററി മുടിക്കു് വളച്ചയും പുഷ്ടിയും കൊടുക്കുന്ന പരിമള തൈലം.

ഹൈറേഞ്ച്യസാനുക്കളിലെ ദിവ്യൗഷധങ്ങൾ ചേത്തു പ്രത്യേകം തയ്യാർ ചെയ്തതു്. തലയ്ക്കും മുടിക്കുംവേണ്ടി പല എണ്ണകളും ഉപയോഗിച്ചു് നിരാശരായവർ ഞങ്ങളുടെ ശീർഷാമൃതം എണ്ണ ഉപയോഗിച്ചു് സംതൃപ്തരാകുവിൻ. പ്രായഭേദമെന്യ ഉപയോഗിക്കാവുന്നതാണു്.

| വില | | 8 ഔൺസ് | 12 ഔൺസ് | 16 ഔൺസ് |
|---|---|---|---|---|
| | No. 1. | ക. 3—12—0 | ക. 5—4—0 | ക. 7—0—0 |
| | No. 2. | " 4— 0—0 | " 5—8—0 | " 7—4—0 |

ആയുർവ്വേദവിധിപ്രകാരം പാകംചെയ്തിട്ടുള്ള എല്ലാ ഔഷധങ്ങളും ആർഡർ അനുസരിച്ചു് ഇവിടെ കിട്ടുന്നതാണു്.

എം ജെ മാത്യു വൈദ്യൻ, മട്ടക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

## അനുഭവസാക്ഷ്യം No. 78.

കാളത്തു പാവുണ്ണി ഔസേപ്പ് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എനിക്കു് കഠിനമായ വയറുവേദന തുടങ്ങിയിട്ടു് 4 കൊല്ലമായി. മിക്കവാറും ഉച്ചക്കുശേഷം ആരംഭിക്കുന്ന ഈ വയറുവേദനയോടുകൂടി വയററിലും നെഞ്ചിലും എരിച്ചൽ, നടുവും പുറവും കഴക്കുക, വയറുവീക്കുക, പുളിച്ചുതികട്ടൽ തുടങ്ങിയവ മാത്രമല്ല ദീപനക്കുറവും ഉച്ചക്കുശേഷം നേരിയപനിയുംകൂടി കുറച്ചുമാസങ്ങൾക്കുമുമ്പു് ആരംഭിച്ചു. വയറുവേദനക്കും മററു ലക്ഷണങ്ങൾക്കുംവേണ്ടി ഞാൻ ആയുർവ്വേദവും ഇംഗ്ലീഷുമായി ഇഞ്ചെക്ഷൻ തുടങ്ങിയ വളരെയധികം ചികിത്സകൾചെയ്തു. എന്നാൽ ഈ ചികിത്സകൾകൊണ്ടൊന്നും എനിക്കു് സുഖം കിട്ടാതെ ഞാൻ വളരെ നിരാശപ്പെട്ടുകഴിയുമ്പോഴാണു് എൻെറ ഒരു സ്നേഹിതൻെറ ഉപദേശപ്രകാരം 17-2-50-ൽ ഞാൻ തൃശ്ശൂർ വന്നു് താങ്കളെ കണ്ടതു്.

അന്നു് എൻെറ രോഗം പരിശോധിച്ചതിനുശേഷം എന്നോടു് നിർദ്ദേശിച്ചിരുന്നപ്രകാരം ഞാൻ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ത്രിവിധൗഷധങ്ങൾ രണ്ടു മാസക്കാലം ഉപയോഗിച്ചതുകൊണ്ടു് എനിക്കുണ്ടായിരുന്ന വയറുവേദനയും മററും സുഖപ്പെട്ടിരിക്കുന്നതായ വിവരം കൃതജ്ഞതാപൂർവ്വം താങ്കളെ അറിയിച്ചുകൊള്ളുന്നു.

ശാരിബാതൈലം ഉപയോഗിക്കുന്നതുകൊണ്ടു് ആരോഗ്യവും ഉന്മേഷവും വർദ്ധിക്കുന്നതായി എനിക്കു് അനുഭവപ്പെടുകയാൽ ഞാൻ ഇപ്പോൾ ശാരിബാതൈലം പതിവായി ഉപയോഗിച്ചുവരുന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

പൊണലൂർ
7—1—1951

എന്നു് ചിറയത്തു് അന്തിക്കാടൻ
പൊറഞ്ചു കുഞ്ഞുവറീതു് (ഒപ്പു്)
പൊന്നലൂർ ദേശം, മണലൂർ A. O.

## "കോട്ടയം ഡിവിഷൻ"

നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങളുടെ കോട്ടയം ഡിവിഷനിലേക്കുള്ള വിതരണം പാലായിൽ കത്തേടൻ കമ്പനിയെ ഏല്പിച്ചിരിക്കുന്നതിനാൽ അവർ വിതരണം നടത്തുന്ന താഴെ പറയുന്ന സ്ഥലങ്ങളിൽനിന്നു് ഈ ഔഷധങ്ങൾ മൂന്നും കിട്ടുന്നതാണെന്നുള്ള വിവരവും തൊടുപുഴ, കോട്ടയം ഇവിടങ്ങളിലും ഉടനെ അവർവഴി വിതരണം ആരംഭിക്കുന്നതാണെന്നും മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു.

1 പാലാ—വെള്ളിരിങ്ങാട്ടു് ബിൽഡിംഗ് (മാക്കററ് റോഡ്)
2 ചങ്ങനാശ്ശേരി—"മദ്ധ്യസ്ഥൻ" ബുക്ക്ഡെപ്പൊ (അരമനക്കു് സമീപം)
3 വൈക്കം—ചെറുപുഷ്പം ഹോട്ടൽ ബിൽഡിംഗ്സ് (ബോട്ടുജെട്ടിക്കു സമീപം)

കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം) നെല്ലായി P. O.

ചെറുകഥ

# പണിമുടക്ക്

(ജി. റ്റി. ടീലർ)

ഒരു ചെറ്റപ്പുരയുടെ നിലയാണതിനുള്ളതെന്നു പറഞ്ഞുകൂടാ. നാലു മുറികളും വരാന്തകളുമുള്ള ഒരു ചെറുഭവനമാണ് ജയിംസിനും ജോസിനുമുള്ളതു. അവരുടെ മാതാപിതാക്കന്മാർ കൃഷിപ്പണി ചെയ്തു കുടുംബം പോററുന്നു. സാറാമ്മ അന്യവീടുകളിൽ നെല്ലുകുത്താൻ ജോലി. കരിക്കൽ പൊട്ടിക്കുന്ന ജോലി പോത്തനും. ഇരുപേരും കൂടി അദ്ധ്വാനിച്ചാൻ അപകട കഴിഞ്ഞുകൂടാം പട്ടിണി കൂടാതെ. പക്ഷെ രണ്ടു കുഞ്ഞുങ്ങളുടെ പഠനത്തിനുള്ള ചെലവുകൂടി അവർ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഒരുത്തൻ പഠിക്കുന്നതു ഹൈസ്ക്കൂളിൽ. മറേറവൻ സിക്സ്ത് സ്കൂളിലും. മാസംതോറും അവരുടെ ഫീസിനുള്ള വകയുണ്ടാകണം. പുസ്തകങ്ങൾക്കും ഉടുപ്പു മുതലായ സാമഗ്രികൾക്കും ഒരു തുക വേറെ. വയറു മുറുക്കി അവരിതെല്ലാം സാധിച്ചുതന്നെ പോന്നു.

പോത്തൻ ചിന്താമഗ്നനായിരിക്കയാണ്. രണ്ടു ദിവസമായി അയാൾക്കു ജോലിയൊന്നുമില്ല. "നിങ്ങളെന്താ ഇത്ര വിശാരംപിടിച്ചിരിക്കുന്നതു?" ചോദിച്ചു സാറാ അയാളുടെ കണ്ണുകൾ നിറഞ്ഞു "നമ്മളിനി എന്താ ചെയ്യും? പിള്ളാർക്കു ഫീസുകൊടുക്കണ്ടേ?"

"അതിനാണോ പണിയില്ലാത്തെ. നിങ്ങളു പള്ളീച്ചെന്നു ആ വികാരച്ചനോടൊന്നു പറ. ഒരുത്തനെങ്കിലു പാതിപ്പീസാക്കിയാ അത്രാ ആയിരുല്ല"

പോത്തന്റെ മുഖത്തു് ആശയുടെ നിഴൽ വീശി. അയാൾ പള്ളിയിലേക്കു പുറപ്പെട്ടു.

അല്പം ഇരുട്ടിയാണു് പോത്തൻ തിരിച്ചുവന്നതു്. ആ ചെറുകുടുംബം മുഴുവനും ഉൽക്കണ്ഠാഭരിതരായിരിക്കയായിരുന്നു. അയാൾ മുററത്തു കാലുകുത്തിയപ്പോൾ സാറാമ്മ ജയിംസും ജോസും കൂടി പുറത്തേക്കുവന്നു. കുട്ടികളുടെ അമ്മതന്നെയാണു മൌനം ഭഞ്ജിച്ചതു. "എന്തായി കാര്യം?"

"ഒക്കെ ഞാൻ പറിച്ചുകളഞ്ഞു. രണ്ടുപേർക്കും അരഫീസ്." അവരുടെ ആനന്ദം അതിരുകടന്നു പ്രവഹിക്കുവാൻ തുടങ്ങി. "എന്തൊരു നല്ല അച്ചൻ അങ്ങേരു! പാവങ്ങളോടു വലിയ കരുണ. അച്ചന്മാരെല്ലാം ഇതുപോലാരുന്നെങ്കിൽ നമ്മക്കെത്ര ഭാഗ്യമാരുന്നു." സാറായുടെ കൃതജ്ഞതാഭരിതമായ ഹൃദയത്തിൽനിന്നും ഉയർന്നിറങ്ങി ഇത്തരം കുറെ പ്രശംസകൾ. "അങ്ങേരെ നാട്ടു കോപിക്കയായിരുന്നു എന്റെ ഇത്രം നാളായിട്ടും ഇതൊന്നും പറയാഞ്ഞതെന്നു. സാറാമ്മക്കൂറു താങ്ങുകിട്ടി പോത്തനിൽനിന്നു്. "കണ്ടോ ഞാനെത്ര നാളൊണ്ടു പറേണ ഇക്കാര്യം നിങ്ങളോട്. അപ്പോഴൊക്കെ നിങ്ങളു വിശാരിച്ചു പെണ്ണോല്ലല്ലെന്നു്. ഇപ്പഴെങ്ങനെ ഇരിക്കുന്നു?"

"നീ പറഞ്ഞതു മനസ്സിലാകാഞ്ഞിട്ടല്ല. നമുക്കു കഴിവുള്ളപ്പോൾ അന്യരെ ആശ്രയിക്കുന്നതഭിമാനക്കുറവല്ലേ എന്നുവച്ചിട്ടാണ്."

"അഭിമാനക്കൊറവെന്തോന്നാ? നമ്മളുതാഴത്തിനു അരി മേടിക്കാനല്ലല്ലോ—പിള്ളാരെ കണ്ണറിയാറാക്കാനല്ലെ."

"ഏതായാലും ഇനി വലിയ ബുദ്ധിമുട്ടു വരികയില്ല. ജയിംസ് പരീക്ഷ പാസായാൽ നമ്മുടെ പള്ളിക്കൂടത്തിൽ വല്ല ജോലീം കിട്ടുകലെ. പിന്നെ അവൻ മറേറവനെ പഠിപ്പിച്ചോളും. എന്റെ മാതാവേ എന്റെ ചെറുക്കനൊന്നു ജയിച്ചേച്ചാ മതിയാന്നു ഇക്കൊല്ലം."

പേപ്പർ—പേപ്പർ—മനോരമ—മലയാളരാജ്യ—ദീപിക— മലബാർ മെയിൽ—പേപ്പർ—പേപ്പർ വേണോ സാറേ—ഒന്നരയണ—ഒന്നരയണ— ഒരു പയ്യൻ ഉച്ചനിയമായി കൂകിക്കൊണ്ടു നടക്കയാണ ജനങ്ങളുടെ ഇടയിൽക്കൂടി. പോത്തൻ പണിനിറുത്തി വന്ന സമയം. "പിള്ളാരുടെ പരീക്ഷടെ ഒണ്ടോടാ അതിനകത്തു?" പോത്തന്റെ ചോദ്യം കേട്ടപ്പോൾ സുകുമാരന്റെ ആശ തളിർത്തു. "ഒണ്ട, ഒണ്ടു്" എന്നു പറഞ്ഞു് അവൻ "ദീപിക" എടുത്തു നീട്ടി. അയാൾ അതു കൈയിൽ വാങ്ങി. ജയിംസിന്റെ നമ്പർ കണ്ടുപിടിക്കാനായിരുന്നു ശ്രമം. "എന്റെ സാറെ പോട്ടെ ഒന്നരയണയെടുത്തേ" എന്നു ശ്വാസംവിടാതെ സുകുമാരൻ പറയുന്നതു കേട്ടപ്പോൾ അയാൾ തുണിത്തുമ്പിൽനിന്നും കെട്ടഴിച്ചു് ഒരണ കൊടുത്തു. "എന്റെ സാറെ ഇതുപോര. അരയണാക്കൂടെ തന്നേക്ക്" എന്നായി ആ ബാലൻ. ജയിംസിന്റെ പരീക്ഷയുടെ കാര്യം അറിയേണ്ടതു തന്റെ ആവശ്യമാണല്ലോ എന്നു വിചാരിച്ചു് അയാൾ അരയണകൂടി കൊടുത്തിട്ടു പത്രവുമായി സ്ഥലംവിട്ടു.

ഫാദർ പോൾ ഒരു ചാരുകസാലയിൽ കിടന്നുകൊണ്ടു അന്നത്തെ പത്രം വായിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു ശബ്ദം കേട്ടപ്പോൾ അക്ഷരങ്ങളിൽനിന്നും പിടിവിടുവിച്ചു അദ്ദേഹം ഉയർന്നു നോക്കി. സന്തോഷമാണു് അദ്ദേഹത്തിന്റെ മുഖത്തു തിളങ്ങിയതു. "ജയിംസിന്റെ വിവരം അറിഞ്ഞോ പോത്തൻ?" "ഞാൻ ഒരു പത്രം മേടിച്ചോണ്ടിങ്ങോട്ടു പോരുകാചെയ്തതു. പത്രത്തിൽ ഞാൻ നോക്കീട്ടു കണ്ടില്ല."

"അതിനൊരു പത്രം വാങ്ങിക്കണമെന്നുണ്ടായിരുന്നോ? ഇവിടെ എനിക്കു പത്രമില്ലേ, നോക്കണം മകൻ ഒന്നാം ക്ലാസ്സിൽ ഒന്നാമനായിട്ടാണു പാസായിരിക്കുന്നതു; സ്കൂളിലും ഒന്നാമൻ."

"എന്നാലെന്റെ അച്ചോ, ഞാനിത്രടം വന്നതു് അവൻ ജയിച്ചെങ്കിൽ ഒരു വാദ്ധ്യാരുവേല അവനുകൂടെ നമ്മടെ പള്ളിക്കൂടത്തിൽ കൊടുക്കണോന്നു പറയാനാ."

"എടാ, താനെന്തൊരു വിഡ്ഢിയാ. ഒന്നാമതായിട്ടു പാസ്സായി, സ്കോളർഷിപ്പും ഉള്ള ഒരു ചെറുക്കനെ മേല്പോട്ടു പഠിപ്പിക്കാണ്ടു വാദ്ധ്യാരുജോലിക്കയക്കയാ!"

"എന്റെ അച്ചോ, വീട്ടിൽ പൊറുതിമുട്ടിയിരിക്കയാ. ഇനി ഞങ്ങളെക്കൊണ്ടൊരു നിവൃത്തിയുമില്ല. മാസം പത്തിരുപതു രൂപാ കിട്ടുവെങ്കിൽ അതാ ഞങ്ങൾക്കു കാര്യം. അവൻ ഒരു വാദ്ധ്യാരായിട്ടു കണ്ടേമതിയെന്നാ സാറാടെ മുറക്കം."

"വേണ്ടാ വേണ്ട. ഒരു നല്ല ഭാവിയുള്ള ആ ചെറുക്കനെ വാദ്ധ്യാരാക്കി മൊട്ടിൽവച്ചുതന്നെ അവനെ നുള്ളിക്കളയരുതു്. നിങ്ങൾക്കു നിവൃത്തിയില്ലെങ്കിൽ അവന്റെ പഠനത്തിന്റെ കാര്യം ഞാനേററിരിക്കുന്നു. അവന്റെ ഭക്ഷണം നിങ്ങൾ കൊടുത്തേക്കയില്ലേ?"

"പൂച്ചക്കുരിവരെ ഇടണോ അച്ചാ? അച്ചന്റെ അഭിപ്രായം അങ്ങനാണേ അങ്ങനാകട്ടെ ഞാനെതിരൊന്നും പറേന്നില്ല. ജയിംസിന്റെ കാര്യം അച്ചനെ ഏല്പിച്ചിരിക്കുന്നു."

അന്ധകാരം നിറഞ്ഞ ഭൂതകാലത്തിലേക്കു നീങ്ങിക്കഴിഞ്ഞു കൊല്ലങ്ങൾ നാലഞ്ചു്. ഫാദർ പോളിന്റെ ജയിംസ് വലിയ പരീക്ഷകൾ പ്രശസ്തമായ രീതിയിൽ പാസ്സായി. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു് അയാൾ ഗവമ്മെൻറിലേക്കു അയച്ചു ഒരു അപേക്ഷ. അക്കൊല്ലത്തെ നാലായിരം അപേക്ഷക്കാരിൽ ഒരുവൻ. തലതൊട്ടപ്പന്മാർ ഇല്ലാഞ്ഞതുകൊണ്ടും തത്തിപ്പറക്കുവാൻ പച്ചനോട്ടുകളുടെ ബലം ഇല്ലാത്തതുകൊണ്ടും ജയിംസിന്റെ അപേക്ഷ മൌനമുദ്ര അവലംബിച്ചുകളഞ്ഞു. "എന്റെ മകനേ, നാമെന്താണു ചെയ്യുക. യഥാർത്ഥത്തിൽ യോഗ്യതയുള്ളവരെ അവഗണിച്ചു് ശുപാർശയും കൈക്കൂലിയും നോക്കിയാണു് ഗവമ്മെൻറിന്റെ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു്." ഖേദത്തോടുകൂടി പറഞ്ഞു ഫാ. പോൾ. "ഗവമ്മെൻറിന്റെ നിയമനം നോക്കിയിരുന്നിട്ടു കാര്യമില്ലച്ചോ. തൽക്കാലം നമ്മുടെ സ്കൂളിൽ ഒഴിവുള്ള ഒരു സ്ഥാനത്തു് എന്നെ നിയമിച്ചുകൂടെ. ഗവമ്മെൻറിൽ കിട്ടുകയാണെങ്കിൽ ഞാൻ പൊയ്ക്കൊള്ളുകയും ചെയ്യാം." ജയിംസ് ഉന്നയിച്ച ഒരു പ്രായോഗിക പദ്ധതി. അച്ചൻ അതു സമ്മതിച്ചു 60 രൂപാ ശമ്പളത്തിൽ ജയിംസ് അദ്ധ്യാപകനായി. ഇടങ്ങഴി അരിക്കു നാലു ചക്രംമാത്രം വിലയുള്ളപ്പോൾ 60 രൂപാ ഒരുവനെ സമൃദ്ധിയുടെ മടിത്തട്ടിൽ സംതൃപ്തനാക്കുമായിരുന്നു.

വൻകിട വ്യവസായികളുടെയും കച്ചവടക്കാരുടെയും കൊയിത്തുകാലമായ രണ്ടാം ലോകമഹായുദ്ധം. അനേകംപേർ തങ്ങളുടെ ജനബാദ്ധ്യതയിൽനിന്നും വിമുക്തരായി. ചെററക്കുടിലുകൾ മാളികകളായി പരിണമിച്ചു; മാളികകൾ രമ്യഹർമ്മ്യങ്ങളും. ദുർഭിക്ഷതയാണെവിടെയും. വിഭവങ്ങളുടെ വില അസഹനീയമായി വർദ്ധിച്ചു ഇടങ്ങഴി അരിക്കു് ഒരു രൂപാ രണ്ടു രൂപാ എന്ന നിരക്കായി. അപ്പോഴും അദ്ധ്യാപകനു പഴയശമ്പളം. പട്ടിണികൊണ്ടയാൾ വലഞ്ഞു.

"എന്റച്ചോ, വീടിപ്പോൾ പട്ടിണിയാണു്. കിട്ടുന്നതു് ഇപ്പോൾ ഞങ്ങളുടെ വസ്ത്രത്തിനുപോലും തികയുന്നില്ല. അതുകൊണ്ടു് അല്പം വല്ലതും കൂട്ടിത്തരണം." ജയിംസ് ഒരു ദിവസം ഫാദർ പോളിന്റെ അടുക്കൽ സമർപ്പിച്ച നിവേദനമാണു്. അദ്ദേഹം അതേപ്പററി ഗാഢമായി ചിന്തിച്ചു. ശമ്പളം കൂട്ടിക്കൊടുക്കുവാൻ തീരുമാനിക്കയുംചെയ്തു. പക്ഷേ പണം എവിടെനിന്നു? ഇടവകപ്പള്ളിയിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി അദ്ദേഹം ഒരു പ്രസംഗംചെയ്തു. "വളരെ ശോചനീയമായ ഒരവസ്ഥയാണു് ഇന്നദ്ധ്യാപകനുള്ളതു്. നാലഞ്ചിട്ടിയിൽ കവിഞ്ഞും അത്യാവശ്യസാധനങ്ങൾക്കു് വിലകൂടിയിരിക്കുന്നു. എങ്കിലും അദ്ധ്യാപകനു ശമ്പളം പഴയതുതന്നെ. അതുകൊണ്ടു് അയാൾക്കു ജീവിക്കുവാൻ അസാദ്ധ്യമായിവന്നിരിക്കുന്നു. നമ്മുടെ ചുമതല അയാൾക്കു മാനമായി ജീവിക്കത്തക്ക വണ്ണമുള്ള ഒരു ശമ്പളം കൊടുക്കയാണു്. കുട്ടികളിൽനിന്നും കിട്ടുന്ന ഫീസുകൊണ്ടു വർദ്ധിപ്പിക്കുന്ന നിരക്കിൽ ശമ്പളം കൊടുക്കുവാൻ തികയുകയുമില്ല. അതുകൊണ്ടെന്താണു് നാം ചെയ്യേണ്ടതെന്നു നിങ്ങൾതന്നെ പറയുവിൻ."

മാനേജരച്ചന്റെ അഭിപ്രായത്തെ എല്ലാവരും പിന്താങ്ങി. അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പള്ളിയിൽനിന്നും 1000 രൂപാ കൊടുക്കുവാൻ തീരുമാനവും ചെയ്തു. പിറേറ മാസംമുതൽ 60 കാരനു് 80 കിട്ടുതുടങ്ങി. പോത്തനും സാറാമ്മയ്ക്കും സന്തോഷം. അവരുടെ ദിനചര്യകൾ വ്യത്യാസപ്പെട്ടു. ഒരുനേരം കഞ്ഞിയും രണ്ടു നേരം ചോറുമായി കഴിഞ്ഞുകൂടിയവർ രണ്ടു നേരത്തെ കാപ്പികൂടി എന്ന പരിപാടിയാക്കി. പോത്തനും സാറായും ഇപ്പോൾ ജോലിക്കു പോകാറില്ല. അദ്ധ്യാപകന്റെ അപ്പനും അമ്മയും കൂലിവേലയ്ക്കു പോകുന്നതു കുറച്ചിലാണെന്നു പൊതുവേ ഒരു സംസാരം. ജയിംസിനും കുഞ്ഞുങ്ങൾ രണ്ടുമൂന്നെണ്ണമായപ്പോൾ വീട്ടുചെലവും വർദ്ധിച്ചു. അയാൾ അസംതൃപ്തനായി വീണ്ടും.

"ഗ്രാൻറു സ്കൂളിൽ മാനേജർ വിരൽ ചൂണ്ടുന്നതനുസരിച്ചു നാം തുള്ളേണ്ടിയിരിക്കുന്നു. ഗവൺമെൻറു സ്കൂൾ അദ്ധ്യാപകന്മാർക്കു് എത്ര സ്വാതന്ത്ര്യമാണുള്ളതു്!

(ശേഷം 8-ാം പേജിൽ)


കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

ഡയറക്ടറന്മാർ

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. റ്റി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവൃത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്ക ജോസഫ്
ബി. എ. ബി. എൽ.




സത്യദീപം മാനേജരായിരുന്ന, ഇപ്പോൾ കാഞ്ഞൂർ ഫൊറോനാപള്ളി വികാരിയായിരിക്കുന്ന വെരി റവ. ഡോക്ടർ ടി. കെ. നമ്പ്യാപറമ്പിൽ പി എച്ച് ഡി. ഡി. ഡി. അവർകളുടെ പൗരോഹിത്യ രജതജൂബിലി ഇക്കഴിഞ്ഞ ഡിസംബർ 21-ാംനു കാഞ്ഞൂർവച്ചു് അത്യാഡംബരപൂർവ്വം കൊണ്ടാടിയ അവസരത്തിൽ എടുത്ത ഫോട്ടോ. ജൂബിലേറിയനെ കൂടാതെ, ജൂബിലിയിൽ സംബന്ധിക്കുന്നതിനായി ആഗതരായിരുന്ന തൃശ്ശൂർ മെത്രാൻ തിരുമേനിയെയും ജൂബിലേറിയന്റെ സുഹൃത്തുക്കളും ശിഷ്യരുമായ വൈദികരെയും ശെമ്മാശന്മാരെയും ചിത്രത്തിൽകാണാം.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM 1951 JANUARY 24 ‖ No 22


# തിരുനാൾ മംഗളം

കത്തോലിക്കാസഭയിലെ ഒരു പ്രമുഖമല്പാനും പിതാവുമായ വി. ജോൺ ക്രീസോസ്റ്റോമിന്റെ തിരുനാൾ ആഘോഷിക്കുന്ന അടുത്ത ശനിയാഴ്ച കേരളീയ കത്തോലിക്കരെസംബന്ധിച്ചിടത്തോളം ആനന്ദദായകമായ ഒരു സുദിനംതന്നെയാണ്. മലങ്കര സുറിയാനി സഭാദ്ധ്യക്ഷനും തിരുവനന്തപുരം മെത്രാപ്പോലീത്തായുമായ മാർ ഈവാനിയോസ് തിരുമനസ്സിലെ നാമഹേതുകനാണ് പ്രസ്തുത വിശുദ്ധൻ എന്നതത്രെ അതിനുകാരണം. ഇപ്പോഴത്തെ



വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ, സ്വന്തം സ്കൂളുകൾ നഷ്ടപ്പെട്ടുമെന്നു കണ്ടിട്ടുപോലും സഭയുടേയും സമുദായത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കുവാനും കത്തോലിക്കാദർശങ്ങൾ അന്യൂനം പാലിക്കാനും തിരുമേനി പ്രദർശിപ്പിക്കുന്ന ഔത്സുക്യം ഏവരുടേയും മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നു. തിരുവനന്തപുരത്ത് ഇന്നു സ്തുത്യർഹമായി നടത്തിവരുന്ന "മാർ ഈവാനിയോസ് കോളെജ്", ഉന്നതവിദ്യാഭ്യാസം പുരോഗമിപ്പിക്കുന്നതിനു തിരുമേനിക്കുള്ള അഭിനിവേശത്തിന്റെ പ്രത്യക്ഷലക്ഷ്യമാണ്. ഏവംവിധം സഭയുടേയും സമുദായത്തിന്റെയും അഭ്യുന്നതിക്കായി സ്വന്തം കഴിവുകൾ അർപ്പിച്ചിരിക്കുന്ന വന്ദ്യ തിരുമേനി ദീർഘായുഷ്മാനായി, വിജയശ്രീലാളിതനായി, വിരാജിക്കുന്നതിനു സർവ്വശക്തനായ ദൈവം ഇടയാക്കട്ടെയെന്നു പ്രാർത്ഥിക്കുകയും, തിരുമേനിക്കു തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

# പാലാരൂപതാസ്ഥാപനം

ചങ്ങനാശേരി രൂപതയിൽനിന്നു വിഭജിച്ചു പുതിയ പാലാ രൂപത സ്ഥാപിക്കുന്നതുസംബന്ധിച്ചു മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അയച്ച ബൂളാ ചരിത്രപ്രാധാന്യമർഹിക്കുന്നതാകയാൽ അതു താഴെ ചേർക്കുന്നു:-

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പീയൂസുമെത്രാൻ

സംഭവത്തിന്റെ ശാശ്വതസ്മരണാർത്ഥം

ഭദ്രാസനഇടവകകളുടെ അതിർത്തികൾ വിശ്വാസികളുടെ ആവശ്യങ്ങൾക്കും ആദ്ധ്യാത്മികാഭിവൃദ്ധിക്കുംകൂടുതൽ അനുയോജ്യമായിരിക്കേണ്ടതിനു വിസ്താരമേറിയരൂപതാപ്രവിശ്യകളെ വിഭജിച്ച് സമർത്ഥന്മാരായ മററ് ഇടയന്മാരുടെ ഭരണത്തിന് ഏല്പിച്ചു പുതിയ ഭദ്രാസനഇടവകകൾ സ്ഥാപിക്കപ്പെടേണ്ടതു ന്യായോചിതമാകുന്നു.

ഈ വസ്തുതയെ ആധാരമാക്കി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ മേലദ്ധ്യക്ഷന്മാരായി നിയമിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യ സഹോദരന്മാരായ വിശുദ്ധ റോമ്മാസഭയുടെ കർദ്ദിനാളന്മാർ സീറോ മലബാർ റീത്തിൽപെട്ട ചങ്ങനാശേരി രൂപത, നമ്മുടെ പുരോഗാമി ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് പാപ്പാ മലബാർ സുറിയാനിക്കാരുടെ ഭരണാധിപന്മാരോടു സമ്യക്കായി ആലോചിച്ചുകൊണ്ട് ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിമൂന്നാമാണ്ടു ഡിസംബർ മാസം ഇരുപത്തൊന്നാം തീയതി ഈയമുദ്ര പതിച്ചു നല്കിയ "റൊമാനി പൊന്തിഫിച്ചെസ്" എന്ന അപ്പസ്തോലികലേഖനത്താൽ അതിനെ ഒരു ഭദ്രാസനഇടവകയുടെ പദവിയിലേക്കും മഹത്വത്തിലേക്കും ഉയർത്തിയതുമുതൽ (സന്യാസികളും ഇടവകപ്പട്ടക്കാരുമായ) ഇരുസമൂഹത്തിലുംപെട്ട വൈദികരുടെയും പള്ളികളുടെയും എണ്ണത്തിലും, മതപരമായ സ്ഥാപനങ്ങളുടെ പ്രാധാന്യത്തിലും പ്രത്യേകമായ വിധത്തിൽ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നതിനെയും, ഒരു ഭരണാധികാരി എത്രതന്നെ സമർത്ഥനായിരുന്നാലും, അദ്ദേഹത്തിനു ഭരിക്കാൻ സാധിക്കാത്തവണ്ണം, വിസ്തീർണ്ണതയിലും ജനബാഹുല്യത്തിലും അത്ര മികച്ചുനില്ക്കുന്നതിനേയും പരിഗണിച്ചുകൊണ്ടു സാലാമിന്റെ സ്ഥാനികമെത്രാനും, ഇൻഡ്യയിലെ അപ്പസ്തോലിക്കാ ഇൻററർനൺഷ്യോയുമായ വന്ദ്യ സഹോദരൻ, ലിയോ പീററർ കിയർക്കെൾസിന്റെ അനുകൂലമായ അഭിപ്രായം സമ്പാദിച്ചശേഷം, പ്രസ്തുത ചങ്ങനാശേരി രൂപതാപ്രവിശ്യയെ വിഭജിക്കുന്നതിനും വേർപെടുത്തപ്പെട്ട ഭാഗത്തെ സമർത്ഥനായ വേറൊരിടയന്റെ സംരക്ഷണത്തിനു ഏല്പിക്കപ്പെടേണ്ട ഒരു പുതിയ രൂപതയായി ഉയർത്തുന്നതിനും തീരുമാനിച്ചു.

നാമോ, എന്നാൽ പൗരസ്ത്യസഭകളുടെ തിരുസംഘത്തിന്റെ അസ്സെസ്സർ ആയ വന്ദ്യ സഹോദരനെ സശ്രദ്ധം ശ്രവിക്കുകയും, തല്പരകക്ഷികളുടെയും തല്പരകക്ഷികളെന്നു വിചാരിക്കുന്നവരുടെയും, സമ്മതം യഥാവശ്യം സമ്പാദിക്കുകയും, എല്ലാം അവഗാഢം ചിന്തിക്കുകയും ചെയ്തശേഷം പാലാ, മുട്ടചിറ, കുറവിലങ്ങാട്, ആനക്കല്ല്, രാമപുരം എന്ന അഞ്ചു ഫൊറോനാ ഇടവകകൾ ഉൾപ്പെടുന്ന പ്രദേശത്തെ നമ്മുടെ അപ്പസ്തോലിക പരമാധികാരത്താൽ ചങ്ങനാശേരി രൂപതയിൽനിന്നും വേർപെടുത്തുന്നു. നാം ആ പ്രദേശത്തെ ഒരു പ്രത്യേക രൂപതയായി ഉയർത്തുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നു; അതിന്റെ പേർ പാലാ രൂപത എന്നായിരിക്കും; അതിന്റെ പരിധി, മുൻപറഞ്ഞ ഫൊറോനാ ഇടവകകളുടെ അതിർത്തികൾതന്നെയായിരിക്കും. അതിനെ നാം എറണാകുളം മെത്രാപ്പോലീത്തൻ ഇടവകയുടെ സാമന്തരൂപതയായി സ്ഥാപിക്കുന്നു. ഈ സാഹചര്യങ്ങളിൽ അതിന്റെ മെത്രാന്മാർ എറണാകുളം മെത്രാപ്പോലീത്തായുടെ പ്രധാനാദ്ധ്യക്ഷാധികാരത്തിനു വിധേയരായിരിക്കുന്നതാണ്. നാം ഈ പുതിയ രൂപതയുടെ മെത്രാസനം പാലാപട്ടണത്തിൽ സ്ഥാപിച്ചുകൊണ്ട് ആ പട്ടണത്തെ മെത്രാസനപദവിയിലേക്കുയർത്തുന്നു. മററുവിധത്തിൽ നിശ്ചയിക്കപ്പെടുന്നതുവരെ ഭദ്രാസനപ്പള്ളിയുടെ സ്ഥാനത്ത്, മെത്രാന്റെ സിംഹാസനം ആ പട്ടണത്തിൽതന്നെ വിശുദ്ധ തോമ്മാശ്ലീഹായുടെ നാമത്തിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട് സ്ഥിതിചെയ്യുന്ന ദേവാലയത്തിൽ നാം സ്ഥാപിക്കുന്നു. ഇന്നത്തെ നിലയിൽ മററു ഭദ്രാസനദേവാലയങ്ങളും അവയുടെ മെത്രാന്മാരും അനുഭവിക്കുന്ന സകല അധികാരങ്ങളും അവകാശങ്ങളും ബഹുമാനങ്ങളും സ്ഥാനചിഹ്നങ്ങളും ആനുകൂല്യങ്ങളും ഈ ഭദ്രാസന ദേവാലയത്തിനും പാലാ മെത്രാന്മാർക്കും നാം അനുവദിക്കുന്നു. കാനോൻ നിയമവും, സീറോ-മലബാർ സഭയുടെ ന്യായമായ പാരമ്പര്യങ്ങളും അനുസരിച്ചു മററു മെത്രാന്മാരിൽ ചുമത്തപ്പെട്ടിരിക്കുന്ന ഭാരങ്ങളും കർത്തവ്യങ്ങളും ആ മെത്രാന്മാരുടെമേലും നാം ചുമത്തുന്നു. കൂടാതെ സമാവകാശത്തിൽ ഓരോ രൂപതയ്ക്കും വീതിക്കപ്പെടേണ്ട രൂപതവക സ്വത്തുക്കളും മെത്രാസനവരുമാനങ്ങളും, രൂപതാസ്ഥാപനംകൊണ്ടുള്ള നന്മ അനുഭവിക്കേണ്ട വിശ്വാസികൾ ഉദാരമായി നൽകാറുള്ള ദാനങ്ങളും പുതിയ മെത്രാസനസ്ഥാനത്തിന്റെ പൊതുസ്വത്തായിരിക്കുന്നതാണ്. ആണ്ടും മാസവും തീയതിയും സൂക്ഷ്മമായി അദ്ധ്യവസാനം ചെയ്തു നമ്മുടെ ഈ ആജ്ഞാപനലേഖനം നടപ്പിലാക്കപ്പെടുന്ന ആ നിമിഷം മുതൽ അതിനാൽതന്നെ ആത്മികവും ലൗകികവുമായ സംഗതികളിൽ പുതിയ രൂപതയുടെ അതിർത്തികൾക്കുള്ളിലുള്ള വൈദികരെയും വിശ്വാസികളെയും കാതോലികമായ സകലത്തെയും സംബന്ധിക്കുന്നവ നിയമാനുസാരം പാലാ മെത്രാന്റെ അധികാരത്തിൻ കീഴിലാകുന്നതാണെന്നു നാം തീരുമാനിക്കുന്നു. അതിനാൽതന്നെ പ്രത്യേകമായി വൈദികരെ സംബന്ധിച്ചിടത്തോളം, അവർ ഏതു രൂപതയിൽ നിയമാനുസൃതം വ്യാപൃതരായിരിക്കുന്നുവോ, അവിടെ ചേർക്കപ്പെട്ടവരായി പരിഗണിക്കപ്പെടുന്നതാണെന്നും നാം തീരുമാനിക്കുന്നു.

പുതിയ രൂപതയുടെ ഭരണവും നടത്തിപ്പും സംബന്ധിച്ചിടത്തോളം മെത്രാസനം ഒഴിവാകുന്ന അവസരത്തിൽ അഡ്മിനിസ്ത്രേറററുടെ തിരഞ്ഞെടുപ്പ് വൈദികജീവിതത്തിനു വിളിക്കപ്പെടുന്ന യുവാക്കന്മാരുടെ ശിക്ഷണം വൈദികരുടെയും വിശ്വാസികളുടെയും കർത്തവ്യാവകാശങ്ങൾ മുതലായവ കാനോൻ നിയമങ്ങളും സീറൊ-മലബാർ സഭയുടെ ന്യായമായ പാരമ്പര്യാചാരങ്ങളും നിശ്ചയിക്കയും ആജ്ഞാപിക്കയും ചെയ്യുന്നതനുസരിച്ചു നടക്കേണ്ടതാണെന്നു നാം കല്പിക്കുന്നു.

മേൽ വിവരിക്കയും നിശ്ചയിക്കയും ചെയ്തിട്ടുള്ളതുപോലെ ഇവയെല്ലാം നടപ്പിലാക്കുന്നതിനു മുൻപറഞ്ഞ വന്ദ്യ സഹോദരൻ ഇൻഡ്യയിലെ അപ്പസ്തോലിക്ക് ഇൻറർനൺഷിയോയെ അല്ലെങ്കിൽ ഈ കല്പന നടപ്പിലാക്കുന്ന അവസരത്തിൽ അപ്പസ്തോലിക്ക് ഇൻറർനൺഷിയേച്ചറിന്റെ അധിപനായിരിക്കുന്ന ആളെ നാം നിയോഗിക്കുകയും ഏതെങ്കിലും ഉന്നതവൈദികസ്ഥാനിയെ പ്രതിപുരുഷനായി നിയോഗിച്ച് ഈ കല്പന നടപ്പിലാക്കുന്നതുൾപ്പെടെ ആവശ്യകവും സന്ദർഭോചിതവുമായ അധികാരങ്ങൾ അദ്ദേഹത്തിനു നൽകുകയും പ്രസ്തുത ക്രിയാകരണങ്ങൾ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിലേക്കു കഴിയുന്നതുംവേഗത്തിൽ അയക്കണമെന്നു അദ്ദേഹത്തെ നാം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

തൽപരകക്ഷികളൊ തൽപരകക്ഷികളെന്നു ഭാവിക്കുന്നവരൊ പ്രത്യേകമായും വ്യക്തിപരമായും പേർ പറയപ്പെടുവാൻ അർഹരാണെങ്കിൽപ്പോലും ഈ ലേഖനവും അതിന്റെ ആന്തരികങ്ങളും അതിനെപ്പററി അവരോടാലോചിച്ചില്ലെന്നൊ അല്ലെങ്കിൽ അവർ അതിനോട് യോജിക്കുന്നില്ലെന്നോ ഉള്ള കാരണങ്ങളാലോ അഥവാ അതിൽ ആലോചനക്കുറവോ യഥാർത്ഥ ന്യൂനതകളോ ഉണ്ടായിരുന്നാൽപ്പോലും കൃത്രിമമോ ആകസ്മികതയോ അസാധുതയോ ഉദ്ദേശദൂഷ്യമോ ഇതരന്യൂനതകളോ ഉണ്ടെന്നുള്ള കാരണങ്ങളാലോ ഒരിക്കലും ദുർവ്യാഖ്യാനം ചെയ്യുന്നതിനോ എതിർക്കുന്നതിനോ വിവാദവിഷയമാക്കുന്നതിനോ പാടില്ലാത്തതാകുന്നു. പ്രത്യുത, അവ സുനിശ്ചിതമായ അറിവോടും പരമാധികാരത്തോടും കൂടി ഉണ്ടാക്കി പുറപ്പെടുവിച്ചാലെന്നതുപോലെ എന്നേക്കും സാധുവാണെന്നും സാധുവായിരിക്കുമെന്നും, അവയുടെ പൂർണ്ണവും സമഗ്രവുമായ ഫലങ്ങൾ അവയ്ക്കുണ്ടായിരിക്കുന്നതാണെന്നും, അവ ആരെയെല്ലാം ബാധിക്കുന്നുവോ അവരെല്ലാം ആദരിച്ച് അനുസരിക്കേണ്ടവയാണെന്നും അതിനു വിപരീതരായി ആരെങ്കിലും ഏതെങ്കിലും അധികാരത്താൽ അറിഞ്ഞോ അറിയാതെയൊ അതിനെ എതിർക്കുന്നതിനിടയാകുന്നെങ്കിൽ അതു നിരർത്ഥകവും വ്യർത്ഥവുമാണെന്നും ആയിരിക്കുമെന്നും നാം തീരുമാനിക്കുന്നു. പ്രാദേശികവും സാമാന്യവും സാർവ്വത്രികവുമായ സൂനഹദോസുകളിൽ പാസ്സാക്കിയിട്ടുള്ള നിയമങ്ങളിലും അപ്പസ്തോലിക സിംഹാസനത്തിന്റെ സാമാന്യമോ പ്രത്യേകമോ ആയ നിയമങ്ങളിലും നിർദ്ദേശങ്ങളിലും നമ്മുടെ മുൻഗാമികളായ റോമാ മാർപ്പാപ്പാമാരുടെ ചട്ടങ്ങളിലും ഇവയ്ക്കു പ്രതികൂലമായിട്ടുള്ളവയെല്ലാം അവ എത്ര പ്രസ്താവാർഹങ്ങളായിരുന്നാലും ഈ കല്പനയുടെ പ്രാബല്യത്തിൻ ആവശ്യമായി വരുന്നിടത്തോളം ഈ ലേഖനത്തിൽ നാം ദുർബലപ്പെടുത്തുന്നു.

അവസാനമായി ഈ മൂലരേഖയ്ക്കുള്ള വില, ഒരു കരണ സാക്ഷ്യോദ്യോഗസ്ഥന്റെ കൈയൊപ്പും സഭയിൽ ബഹുമാന്യസ്ഥാനമോ ഉദ്യോഗമോ വഹിക്കുന്ന ഒരു വൈദികന്റെ മുദ്രയും കൊണ്ടു സ്ഥിരീകൃതമായ അതിന്റെ പരിഭാഷക്കും ഉദ്ധൃതാംശങ്ങൾക്കും അവ അച്ചടിക്കപ്പെട്ടതാണെങ്കിലും നൽകണമെന്നു നാം ആജ്ഞാപിക്കുന്നു.

വിഭജനത്തിന്റെയും സംസ്ഥാപനത്തിന്റെയും ഭരണവ്യവസ്ഥയുടെയും അനുവാദത്തിന്റെയുംവിധേയത്വത്തിന്റെയും നിയമത്തിന്റെയും പ്രമാണത്തിന്റെയും അധികാരദാനത്തിന്റെയും വിരുദ്ധ നിയമ ദുർബലീകരണത്തിന്റെയും നമ്മുടെ ഹിതത്തിന്റെയും പ്രകടനമായ ഈ ലേഖനത്തെ ആരെങ്കിലും ലംഘിക്കുന്നതിനോ എതിർക്കുന്നതിനോ പാടുള്ളതല്ല. വിവേകരഹിതമായ ധിക്കാരത്തോടുകൂടി അതിനെ എതിർക്കുന്നതിനു ആരെങ്കിലും തുനിയുന്നു എങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെയും വിശുദ്ധ ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും കോപത്തിനു് അയാൾ പാത്രമാകുമെന്ന് അറിഞ്ഞിരിക്കട്ടെ.

ഗൗൺഡോൾഫസ് കൊട്ടാരത്തിൽ നിന്നു ക്രിസ്തുവർഷം ആയിരത്തിത്തൊള്ളായിരത്തിഅൻപതു് ജൂലൈമാസം ഇരുപത്തഞ്ചാം തീയതി നമ്മുടെ വാഴ്ചയുടെ പന്ത്രണ്ടാംകൊല്ലം നൽകപ്പെട്ടതു്.

വിശുദ്ധ റോമ്മാസഭയുടെ പരമാദ്ധ്യക്ഷനുവേണ്ടി കർദ്ദിനാൾ സംഘത്തിന്റെ ഡീൻ ഫ്രാൻസിസ കർദ്ദിനാൾ മാർക്കേത്തി സെൽവഗ്ഗിയാനി (ഒപ്പ്.)

പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ സെക്രട്ടറി എവുജെനിയൂസ്, കർദ്ദിനാൾ ടിസ്സറാൻ (ഒപ്പ്.)

[ചങ്ങനാശ്ശേരി, പാലാ, തിരുവല്ല, തിരുമേനിമാരുടെ നിയമന ബൂളാകൾ അടുത്തതിൽ]


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## തിരുക്കൊച്ചിയിലെ ഹയരാർക്കിക്കു പിന്തുണ

മതസ്വാതന്ത്ര്യവും വിദ്യാഭ്യാസസ്വാതന്ത്ര്യവും സംബന്ധിച്ചു ഭരണഘടനയിൽ നല്കിയിരിക്കുന്ന ഉറപ്പുകൾക്കു, ഇന്ത്യയിലെ കാത്തലിക്ക് ബിഷപ്സ് കോൺഫറൻസിന്റെ സ്റ്റാൻഡിംഗ് കമ്മിററി കൃതജ്ഞത പ്രകാശിപ്പിച്ചിരിക്കുന്നു. (കമ്മിററിയോഗം ജനു. 17-ാംനു കൊണ്ടവസാനിച്ചു.) തങ്ങളുടെ ന്യായയുക്തമായ അവകാശങ്ങൾ ആദരിക്കപ്പെടുമെന്നുള്ളതിനെപ്പററി ഇതു ക്രൈസ്തവജനതയിൽ സുരക്ഷിതബോധവും വിശ്വാസവും സംജാതമാക്കിയിട്ടുണ്ട്. പട്ടികജാതിക്കാർക്കുള്ള വിദ്യാഭ്യാസപരവും സാമ്പത്തികവുമായ സൗജന്യങ്ങളുടെ കാര്യത്തിൽ മതത്തെയോ വർഗ്ഗത്തെയോ ആധാരമാക്കി യാതൊരു വ്യത്യസ്തപരിഗണനയും ഉണ്ടായിരിക്കുകയില്ലെന്നു വിശദീകരിക്കുകയും അങ്ങനെ ഒരേ സാമൂഹ്യപദവിയിലുള്ള ഹിന്ദുക്കൾക്കും ക്രൈസ്തവർക്കും തുല്യപരിഗണന ലഭിക്കുമെന്നു വ്യക്തമാക്കുകയും ചെയ്തതിൽ കമ്മിററി ഇന്ത്യാ റിപ്പബ്ളിക്കിന്റെ പ്രസിഡണ്ടിനോടും പ്രധാനമന്ത്രിയോടും പ്രത്യേകിച്ചും കൃതജ്ഞരാണ്.

എന്നാൽ ക്രൈസ്തവവിദ്യാലയങ്ങളുടെ സ്വയംഭരണാവകാശത്തിലും സ്വാതന്ത്ര്യത്തിലും വർദ്ധമാനമായ തോതിൽ

കൈകടത്തിക്കൊണ്ടുള്ള സാംസ്ഥാനീക ഗവൺമെണ്ടുകളുടെ നടപടികളെ, വിശേഷിച്ചു ഫീസ് പിരിവിൽ 80 ശതമാനം ഗവൺമെണ്ടു ട്രഷറിയിലേക്കു എടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടും അദ്ധ്യാപകനിയമനം ഗവൺമെണ്ടു തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നു വേണമെന്നു നിയന്ത്രിച്ചുകൊണ്ടും തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടു ഈയിടെ പാസാക്കിയ ഉത്തരവിനെ കമ്മിററി ഉൽക്കണ്ഠാപൂർവ്വം വീക്ഷിക്കുന്നു.

ഈ കൈകടത്തൽ അവിഹിതവും ഭരണഘടനയനുസരിച്ചു ന്യൂനപക്ഷങ്ങൾക്കു അനുവദിച്ചിട്ടുള്ള അവകാശങ്ങളുടെ ധ്വംസനവുമായി കമ്മിററി പരിഗണിക്കുന്നതായും തങ്ങളുടെ ന്യായയുക്തമായ അവകാശങ്ങളുടെ പരിരക്ഷണാർത്ഥം തിരുവിതാംകൂർ-കൊച്ചിയിലെ കത്തോലിക്കാ ഹയരാക്കി അവലംബിച്ചിട്ടുള്ള നിലയേയും കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും പരിപാലിക്കുവാനുള്ള ഹയരാക്കിയുടെ ദൃഢനിശ്ചയത്തെയും അനുകൂലിക്കുകയും പിൻതുണ നല്കുകയും ചെയ്യുന്നതായി രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

വരാപ്പുഴ ആർച്ചുബിഷപ്പു്, ബോംബെ ആർച്ചുബിഷപ്പു്, നെല്ലൂർ, റാഞ്ചി, മധുര, കൊച്ചി, തൃശൂർ, അഹമ്മദാബാദ് ബിഷപ്പുമാർ എന്നീ അഭിവന്ദ്യതിരുമേനിമാർ കമ്മററിയോഗത്തിൽ സംബന്ധിച്ചിരുന്നു.

*Thanksgiving*
to
**Sr: Alphonsa**
**For Favours received**
K. Joseph

## വഞ്ചിതരാകരുതേ!

കുടുംബം പിരിച്ചു ലഭിച്ച 16000 രൂപയുമായി വസ്തുവാങ്ങുവാൻ വടക്കേ മലബാറിനു പോകുമ്പോൾ പ്രസ്തുത തുകമുഴുവനും റെയിൽവേസ്റ്റേഷനിൽവച്ചു തസ്കരന്മാർ അപഹരിച്ചതുമൂലം നിർദ്ധനരും നിരാശ്രയരുമായിത്തീർന്നെന്ന വ്യാജം പറഞ്ഞുകൊണ്ടു 12 അംഗങ്ങളടങ്ങിയ ഒരു ക്രിസ്ത്യ കുടുംബം രണ്ടുമൂന്നു വർഷങ്ങളായി തിരുവിതാംകൂറിലും കൊച്ചിയിലും സഞ്ചരിച്ചു പണപ്പിരിവു നടത്തിവരുന്നുവെന്നും അവരാൽ വഞ്ചിതരാകാതിരിപ്പാൻ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്നും, വേണ്ട അന്വേഷണങ്ങൾ നടത്തിയശേഷം ഒരു മാന്യലേഖകൻ അറിയിച്ചിരിക്കുന്നു.

## സഭാവസ്ത്രസ്വീകരണം

ആലുവാപള്ളി ഇടവകാംഗമായ ശ്രീമതി കൈമാപറമ്പിൽ മേരിയമ്മ (സിസ്റ്റർ സ്റ്റെല്ല) ചൊവ്വന്നൂർ ഉപവിയുടെ കന്യാസ്ത്രീമഠത്തിൽവെച്ചു ജാനുവരി 12-ാംനു- സഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

## വിവാഹം

അരിക്കര: നെല്ലായിമററത്തിൽ സൈമൺ അവർകളുടെ പുത്രൻ ശ്രീ കുര്യച്ചനും മോനിപ്പിള്ളി വട്ടാടിക്കുന്നേൽ ജോസഫ് അവർകളുടെ മകൾ ശ്രീമതി മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം അരിക്കരപള്ളിയിൽവച്ചു ജാനുവരി 15-ാംനു- നടന്നിരിക്കുന്നു.

—ചമ്പക്കര: കാക്കനാട്ടിൽ മി: പി. സി. ജോസഫിൻെറ പുത്രി ശ്രീമതി അന്നമ്മയും പാലാക്കുന്നേൽ മി. ആഗസ്തിയുടെ പുത്രൻ ശ്രീ യോഹന്നാനും തമ്മിലുള്ള വിവാഹം ജാനുവരി 15-ാംനു- ചമ്പക്കരപള്ളിയിൽവച്ചു നടന്നിരിക്കുന്നു.

## നിര്യാതനായി

റവ. ഫാ. എവുജീൻ ടി. ഒ. സി. ഡി.

കേരള സുറിയാനീകമ്മലീത്താസഭയിലെ ഒരു പ്രമുഖാംഗമായിരുന്ന റവ. ഫാ. എവുജീൻ ടി. ഒ. സി. ഡീ പൂനായിൽവച്ചു ജാനുവരി21-ാംനു- ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം നടത്തപ്പെട്ടു.

## ഇടവകവാർത്തകൾ

അമ്മാടം: മരിയാസഖ്യത്തിൻെറ 28-ാം വാർഷികം ജനുവരി 7-ാംനു- റവ. ഫാ. സാംസൺ സി. ഡി. ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. ശ്രീ ടി. ഒ. മാത്യു എം. എ. പ്രസംഗിച്ചു.

—മൂഴൂർ: ചെറുപുഷ്പ മിഷൻലീഗിൻെറ ഒരു പ്രചരണയോഗം ജനുവരി 11-ാംനു- റവ. ഫാ. ജേക്കബ് ചുണ്ടെവാലേൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. മി. പി. എം. ജോസഫ്, മി. കെ. സി. മാത്യു എന്നിവർ പ്രസംഗിച്ചു.

—എവീക്കൽ: ലീജിയൻ ഓഫ് മേരിയുടെ വാർഷികസമ്മേളനം ജനുവരി 7-ാംനു- റവ. ഫാ. ജി. സി. ടീച്ചർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ബി. എ., മി കെ. ഇ. ഇട്ടൂപ്പൻ ബി. എ. എം. ബി. ബി. എസ്. എന്നിവർ പ്രസംഗിച്ചു.

—പുത്തൻവേലിക്കര വടക്കുംമുറി: മിഷൻ സഹായ സംഘത്തിൻെറ ഡയറക്ടറായി റവ. ഫാ. ജോസഫ് ചിററിലപ്പിള്ളി നിയമിച്ചിരിക്കുന്നു

—വായപൂര്: മരിയാസഖ്യത്തിൻെറ ഒരു വിശേഷാൽയോഗം ജാനുവരി

*Thanksgiving*



*For favours received*
M. A. K.

7-ാംനു- റവ. ഫാ. അഗസ്റ്റിൻ മണ്ണൂക്കളം അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി പുതിയ വിദ്യാഭ്യാസപദ്ധതിയിലുള്ള പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു.

—കുറുപ്പുന്തറ: ബിഷപ്പ് ചൂളപ്പറമ്പിൽ തിരുമേനിയുടെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി ശ്രീ കെ. തയ്യിൽ ബി. എസ് സി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും മെ. പി. ജി. ഭാസ്കരൻ നായർ, പി. കെ. വേലായുധൻ, കെ. സി. ചാക്കോ ബി. എ., മാത്യു പോൾ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—തൃശൂർ: പ. വ്യാകുലമാതാവിൻെറ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന യംഗ് മെൻസ് കാത്തലിക് ആക്ഷൻ ലീ


തൊടുപുഴ

**തെനംകുന്നു—പള്ളിയിലെ**

**ദർശനത്തിരുനാൾ**

ആരംഭം ജനുവരി 30-ാംനു- ചൊവ്വാഴ്ച

അവസാനം ഫെബ്രുവരി 3-ാംനു- ശനിയാഴ്ച

സുപ്രസിദ്ധമായ ടൗൺ പ്രദക്ഷിണം ഫെബ്രുവരി 2-ാംനു- വെള്ളിയാഴ്ച

ടി പള്ളിക്കാര്യത്തിൽനിന്നും



കടുത്തുരുത്തി

**കാരാമയിൽ സി. ഒ. ബ്രദേഴ്സ്**

**സ്വർണ്ണവ്യാപാരം**

പരിഷ്കരിച്ച പണിവാസന — പരിപൂർണ്ണ ഉത്തരവാദിത്വം


യിൻെറ ആഭിമുഖ്യത്തിൽ ജാനുവരി 14-ാംനു- ക്രിസ്തുരാജതിരുനാൾ ആഘോഷിച്ചിരിക്കുന്നു. തത്സംബന്ധമായി നടത്തിയ പൊതുയോഗത്തിൽ കോഴിക്കോട്ടുമെത്രാൻ റൈററ് റവ. ഡോ. എ. എം. പത്രോണി എസ്. ജെ. അദ്ധ്യക്ഷതവഹിക്കുകയും റവ. ഫാ. പീററർ ഊരാളിൽ, പ്രൊഫസർ കെ. ജെ. സിറിയക്ക് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കടുത്തുരുത്തി വലിയ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിൻെറ പ്രഥമ വാർഷികം ജനുവരി 17-ാംനു- റവ. ഫാ. ജേക്കബ് കാച്ചായിൽ ബി. എ. അവർകളുടെഅദ്ധ്യക്ഷതയിൽനടത്തപ്പെട്ടു ബ്രദർ കെ. എ. ജോസഫ് ബി. എ. ബി. എൽ. ഒരു പ്രസംഗംചെയ്തു.


Young men desirous to serve God as Religious in Missions, Schools, Orphanages and other Establishments as a Missionary Brother of St Francis of Assisi may apply to:
Very Rev Bro. Superior General
Mount Poinsur,
Borivli P. O., Near Bombay
Or
Rev. Bro Modestus, C. M. S. F.,
Master of Novices,
Mount Alverno,
Kotagiri P. O., Nilgiri Dt.


## കോക്കമംഗലം

ഭാരതീയസഭയുടെ പ്രേഷിതനായ വി. തോമ്മാശ്ലീഹാ കോക്കമംഗലത്തു ഒരു കുരിശു സ്ഥാപിച്ചതിൻെറ 19-ാം ശതവർഷവും അവിടെ ഒരു ദേവാലയം പണികഴിപ്പിച്ചു പ്രഥമബലി അർപ്പിച്ചതിൻെറ സുവർണ്ണജൂബിലിയും കഴിഞ്ഞ ഞായറാഴ്ച ഏററം ആഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ജൂബിലിസമ്മേളനത്തിൽ എറണാകുളം മെത്രാപ്പോലീത്താ മഹാ വന്ദ്യ ദിവ്യശ്രീ മാർ ആഗുസ്തീനോസ് കണ്ടത്തിൽ തിരുമനസ്സുകൊണ്ടു ആദ്ധ്യക്ഷം വഹിക്കുകയും റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. യും ശ്രീ ഇ. പി. വറുഗീസ് എം. ബി. എൽ-ഉം ശ്രദ്ധേയമായ ഓരോ പ്രസംഗങ്ങൾ ചെയ്യുകയുംചെയ്തു. ജൂബിലിസ്മാരകമായി സ്ഥാപിക്കുന്ന സ്മാരകത്തിൻെറ ശിലാസ്ഥാപനവും വന്ദ്യ തിരുമേനി തദവസരത്തിൽ നിർവ്വഹിക്കയുണ്ടായി.

## ദൈവാലയങ്ങളുടേയും പ്രതിമകളുടേയും നേർക്ക്

എരുമേലിപേട്ടയ്ക്കു സമീപം മണിപ്പുഴ ക്രിസ്തുരാജ ദേവാലയം ജാനുവരി 8-ാംനു- രാത്രിയും, ചെങ്ങന്നൂരിനു സമീപം ഇടനാടു മാർത്തോമ്മാപള്ളി ജാനുവരി 17-ാംനു-ഉം അഗ്നിക്കിരയാക്കപ്പെട്ടിരിക്കുന്നു. കായംകുളത്തു സക്കർ സ്കൂളിനടുത്തുള്ള കപ്പേളയിൽ സ്ഥാപിതമായിരിക്കുന്ന അമലോത്ഭവജനനിയുടെ പ്രതിമയുടെനേർക്കു് ഏതാനും ഹൈന്ദവ വിദ്യാർത്ഥികൾ ചേർന്നു് ഈയിടെ കല്ലേറു നടത്തുകയുണ്ടായത്രെ. കൂടാതെ, പൊൻകുന്നം കത്തോലിക്കാ ദേവാലയത്തിൻെറ മുൻവശത്തു നൂതനമായി പണിചെയ്തു കപ്പേളയിൽ സ്ഥാപിച്ചിരുന്ന ഫാത്തിമാ മാതൃസ്വരൂപം ജാനുവരി 8-ാംനു- ആരോ മോഷ്ടിച്ചുകൊണ്ടുപോയിരിക്കുന്നു. മുണ്ടക്കയം റിസർവ്വ് വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന "പശ്ചിമാക്ഷേത്ര" പരിസരങ്ങളിൽ ഈയിടെ ഒരു മാതൃസ്വരൂപം തല്ലിത്തകർത്തിട്ടിരിക്കുന്നതായി റിപ്പോർട്ടുണ്ട്. അതു പൊൻകുന്നത്തുനിന്നും മോഷ്ടിക്കപ്പെട്ട സ്വരൂപം തന്നെയാണെന്നു ഊഹിക്കപ്പെടുന്നു.

## പുതിയ മെത്രാൻ

ഹൈദരാബാദിലെ വികർ കാപ്പിററലായിരുന്ന റൈററ് റവ. മോൺ. എ. ബെറേറാ അവർകളെ അവിടത്തെ മെത്രാനായി പരിശുദ്ധ സിംഹാസനത്തിൽനിന്നും നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ പൂർവ്വഗാമിയായിരുന്ന ഡോക്ടർ വീസ്മാറാ തിരുമനസ്സുകൊണ്ടു, പ്രായാധിക്യംനിമിത്തം മൂന്നു കൊല്ലംമുമ്പു രാജിവെക്കുകയാണുണ്ടായതു്.

## വികാരി ജനറാളന്മാർ

പാലാ ഫൊറോനാപ്പള്ളി വികാരി വെരി റവ. ഫാ. മാണി മേച്ചേരിക്കുന്നേൽ, കുറവിലങ്ങാട്ടു ഫൊറോനാപ്പള്ളി വികാരി വെരി റവ. ഫാ. തോമസ് പുത്തൻപുര എന്നിവർ യഥാക്രമം പാലാ ചങ്ങനാശ്ശേരി എന്നീ രൂപതകളുടെ വികാരി ജനറാളന്മാരായി നിയമിക്കപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.


കറിപ്പുളിനാരു്, വാഴനാരു്, പട്ടുനൂൽ ഇവ ഉൽപ്പാദിപ്പിച്ചു് കൈത്തറിനെയ്ത്തിനെ അഭിവൃദ്ധിപ്പെടുത്തുവാൻ
"കുടിൽവ്യവസായചന്ദ്രിക"
നോക്കുവിൻ!! വില 10 അണ.
മേൽവിലാസം
ജോസഫ് മണിയാങ്കരി
സത്യദീപം ഏജൻറ്
അതിരമ്പുഴ


## തിരു-കൊ വാർത്തകൾ

തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിൻെറ പുതിയ സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയുടെ ദോഷവശങ്ങൾ സവിസ്തരം ചൂണ്ടിക്കാണിച്ചുകൊണ്ടും അതു പുനരാലോചനയ്ക്കു വിഷയമാക്കി ദോഷകരങ്ങളായ വ്യവസ്ഥകൾ നീക്കം ചെയ്തു പ്രൈവററുസ്കൂളുകളുടെ നടത്തിപ്പു സംബന്ധിച്ചു പ്രകടനപത്രികയിൽ നല്കിയിട്ടുള്ള ഉറപ്പുകൾക്കനുസൃതമായി പ്രവർത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും എം. എൽ. എ. മി. അലക്സാണ്ടർ പറമ്പിത്തറ ഉൾപ്പെടെ കോൺഗ്രസ് സംഘടനയിലെ മുന്നൂറോളം ക്വാളിഫൈഡ് മെമ്പർമാരും എഫക്ടീവ് മെമ്പർമാരും ചേർന്നു് ചീഫ്മിനിസ്റ്റർക്കു ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരിക്കുന്നതായറിയുന്നു.

—തിരു-കൊച്ചി നിയമസഭയുടെ അടുത്ത ബഡ്ജററുസമ്മേളനം ഫെബ്രുവരി 21-ാംനു- ആരംഭിച്ചു് മാർച്ചു് 20-ാംനു- അവസാനിക്കുന്നതാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—തിരുവിതാംകൂർ അളവുകൾ തിരു-കൊച്ചി സംസ്ഥാനത്തിലെ അംഗീകൃത അളവുകളായി നിശ്ചയിച്ചിരിക്കുന്നു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

## പണിമുടക്ക്

(5-ാംപേജ് തുടർച്ച)

പഠിപ്പിച്ചെങ്കിൽ പഠിപ്പിച്ചു. എന്നാലും എത്ര നല്ല ശമ്പളമാണവർക്കു കിട്ടിക്കൊണ്ടിരിക്കുന്നതു! നാം അവരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നു. എല്ലാം കഴിഞ്ഞു് വേദപാഠവും പഠിപ്പിക്കണം. ശമ്പളം അല്പം കൂട്ടിത്തരണമെന്നു പറഞ്ഞാൽ മാനേജർക്കു വഴക്കായി. അതുകൊണ്ടു് ഒന്നുകിൽ മാനേജർ ശമ്പളം കൂട്ടിത്തരട്ടെ. അതു ഗവൺമെൻറു നിരക്കുവച്ചായിരിക്കണം. അല്ലെങ്കിൽ നാമെല്ലാംകൂടി സംഘടിച്ചു് ഒരു പണിമുടക്കു നടത്തണം. അപ്പോൾ എന്തെങ്കിലും തീരുമാനം ഉടൻ ഉണ്ടാകും. നിങ്ങളുടെ എല്ലാവരുടെയും അഭിപ്രായം ഇതുതന്നെയല്ലേ?' അദ്ധ്യാപകസംഘത്തിൽ മി. ജയിംസ് തികഞ്ഞിരിക്കയാറിയ ഒരഭിപ്രായം. അല്പനേരം എല്ലാവരും മൗനമായിരുന്നു. പിന്നീടു വളരെനേരത്തെ കുശുകുശുക്കൽ. സുബ്രമണ്യയ്യർ എന്തോ സംസാരിക്കുവാൻ എഴുന്നേററു നിന്നപ്പോൾ എല്ലാവരും കൈയടിച്ചു. അദ്ദേഹം പറഞ്ഞുതുടങ്ങി.

"മാന്യസ്നേഹിതരേ, ഞാനും നിങ്ങളെപ്പോലെ ഒരു ഗ്രാൻറുസ്കൂൾ അദ്ധ്യാപകനാണു്. വളരെ അധികം അവശതകൾ അനുഭവിക്കുന്നുണ്ടു് ഞാനും. എങ്കിലും നിരപരാധികളായ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിയെ അപകടത്തിലാക്കുന്ന യാതൊരു പ്രസ്ഥാനത്തിലും എനിക്കു പങ്കില്ല. നമ്മുടെ സ്ട്രൈക്കുകൊണ്ടു് ഗവൺമെൻറിനോ മാനേജ്മെൻറിനോ അല്ല ദോഷം വരുവാൻ പോകുന്നതു — ഭാവിതലമുറയ്ക്കു്. മാനേജമെൻറിനെ തിരായും സ്ട്രൈക്കു ആവശ്യമില്ല. മാനേജമെൻറു നഷ്ടം സഹിച്ചുകൊണ്ടുതന്നെയാണു സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതെന്നു നമുക്കറിയാവുന്നതാണല്ലോ. നമുക്കു് ഒരുകാര്യം ചെയ്യാം. പൊതുജനസേവനം നിർവ്വഹിക്കുന്ന നമുക്കു ഗവൺമെൻറു സ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ ഗവൺമെൻറിൽനിന്നും ഒരു ശമ്പളത്തിനവകാശമുണ്ടു. ആ അവകാശത്തിനായി നമുക്കു ഗവൺമെൻറിലേക്കു് നിവേദനം നടത്താം. അതിനു് മി. ജയിംസിൻെറയും കൂട്ടരുടെയും അഭിപ്രായം എന്താണെന്നാണു് എനിക്കറിയേണ്ടതു്."

"സ്ട്രൈക്കു് ഇരുപതാം നൂററാണ്ടിലെ വജ്രായുധമാണു്. ഫാക്ടറി തൊഴിൽക്കാർ, അഞ്ചൽ ഡിപ്പാർട്ടുമെൻറുകാർ, ബസ്ഡ്രൈവർ തൊഴിലാളികൾ മുതലായവരെല്ലാംതന്നെ സ്ട്രൈക്കുകൊണ്ടു വിജയം നേടിയതായി നമുക്കറിയാം. എന്നാൽ നമുക്കെന്തുകൊണ്ടു ആ ആയുധം അതു പ്രയോഗിച്ചുകൂടാ?' ജയിംസ് ചോദിച്ചു.

"ഫാക്ടറിതൊഴിലാളികൾ അവരുടെ യന്ത്രസാമഗ്രികൾ ഇട്ടെറിഞ്ഞിട്ടു പുറത്തു കടക്കുന്നു. എന്നാൽ ആത്മശരീരങ്ങളോടുകൂടിയ കുഞ്ഞുങ്ങളുമായിട്ടാണു നാം ഇടപെടുന്നതു്. ഈശ്വരദത്തമായ ഒരുത്തരവാദിത്വംകൂടി നമുക്കുണ്ടതിൽ. അതിനാൽ അധികാരസ്ഥാനങ്ങളിൽ അവകാശവാദം നടത്തുകയല്ലാതെ ഒരദ്ധ്യാപകപണിമുടക്കിനു വട്ടം കൂട്ടുന്നെങ്കിൽ അതൊരിക്കലും നീതീകരിക്കത്തക്കതല്ല. പട്ടിണികിടക്കുന്ന മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നതു നീതീകരിക്കാമെങ്കിൽ മാത്രമേ അദ്ധ്യാപക പണിമുടക്കും നീതീകരിക്കാൻ പാടുള്ളൂ."

"ഒരു പണിമുടക്കിനുള്ള സാഹചര്യങ്ങൾ ഒന്നും സൃഷ്ടിക്കരുതെന്നുതന്നെയാണെൻെറ അഭിപ്രായം. ഗവൺമെൻറിനെ സമീപിച്ചു നമ്മുടെ അവകാശങ്ങൾ കൂടുതൽ വാങ്ങിക്കുകതന്നെ." സുബ്രമണ്യയ്യർ പറഞ്ഞു.

വിദ്യാഭ്യാസമന്ത്രിയുടെ വസതിയിൽ ഒരു മഹാസമ്മേളനം നടന്നുകൊണ്ടിരുന്നു. അദ്ധ്യാപകന്മാരോടു് അനുഭാവം പ്രകടിപ്പിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ. അദ്ധ്യാപകന്മാരുടെ പ്രതിനിധിയായി മി. ജയിംസ് എഴുന്നേററു: "മഹാനുഭാവനായ സർ, ഞങ്ങൾക്കു് അനേകം അവശതകളുണ്ടു്. ഒരു കത്തോലിക്കാസ്കൂളിൽ ഒരു വൈദികൻ പലപ്പോഴും ഹെഡ്മാസ്റ്ററായിവരും. ഞങ്ങളുടെ അവകാശം അവഗണിക്കപ്പെടുന്നു. എന്നുതന്നെയല്ല ഞങ്ങളുടെ സ്വാതന്ത്ര്യംകൂടെയും അതുമൂലം ഹനിക്കപ്പെടുന്നു. വേദപാഠം പഠിപ്പിക്കുന്നില്ലെന്നുപറഞ്ഞു് ശമ്പളം തരുവാൻ മടിക്കയും ചെയ്യും. ഈ രണ്ടവശതകളുമാണു് ഞങ്ങൾക്കു പ്രധാനമായി പരിഹരിച്ചുകിട്ടേണ്ടതു്. അതിനു് ഒന്നാമതായി ശമ്പളം നേരിട്ടു ഗവൺമെൻറിൽനിന്നും കിട്ടണം. രണ്ടാമതായി അദ്ധ്യാപകന്മാരുടെ നിയമനം മാനേജരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കുവാനും പാടില്ല."

വിദ്യാഭ്യാസമന്ത്രി സന്തോഷഭരിതനായി. മറുപടിക്കായി അദ്ദേഹം എഴുന്നേററു: "പ്രിയ സ്നേഹിതരേ, ഞാൻ വലിയ മതഭക്തിയുള്ള ആളല്ലെന്നു നിങ്ങൾക്കറിയാമല്ലോ. സ്കൂളുകളിൽ കുട്ടികളെ മതം പഠിപ്പിക്കുന്ന കാര്യത്തിൽ ഞാൻ അനുകൂലിയല്ല. കത്തോലിക്കാ അദ്ധ്യാപകന്മാരായ നിങ്ങൾക്കുതന്നെ അതിൽ വലിയ താല്പര്യമില്ലെന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അതിനാൽ രണ്ടു കാര്യങ്ങൾ ഞാൻ ആവശ്യപ്പെടുവാൻ പോകയാണു്. ഓരോ മാനേജരും ഫീസിൻെറ 80 ശതമാനം ട്രഷറിയിൽ അടയ്ക്കട്ടെ. നിങ്ങൾക്കു നേരിട്ടു ശമ്പളം ഗവൺമെൻറിൽനിന്നും നൽകും. ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ചേ ഗ്രാൻറുസ്കൂളിൽ അദ്ധ്യാപകന്മാരെ നിയമിക്കുവാൻ പാടുള്ളൂ. ഇതു രണ്ടും മാനേജർമാർ സമ്മതിച്ചാൽ നിങ്ങൾ സ്വതന്ത്രരായതുതന്നെ. അഥവാ മാനേജർമാർ സമ്മതിക്കയില്ലെങ്കിൽ ഒരു പൊതുപണിമുടക്കു നടത്തുക. രണ്ടു ദിവസത്തിനകം മാനേജ്മെൻറു് കൊമ്പുകുത്തും. എല്ലാം നിങ്ങളുടെ സംഘടിതശക്തിയെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ഉറച്ചുനിന്നാൽ ഗവൺമെൻറു നിങ്ങളുടെ പുറകിൽ. നിങ്ങൾ ജയിച്ചാൽ നിങ്ങളെ ഗവൺമെൻറുസ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ പരിഗണിക്കുന്നതാണു്."

FIXED DEPOSITS
2 years 4½%
1 — 4 %
6 months 3 %
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

നിർദ്ധനനായ ഒരു കുട്ടിയാണു തോമസ്. പിതാവിൻെറ നിര്യാണാനന്തരം വളരെ കഷ്ടപ്പെട്ടാണു് അവൻെറ അമ്മ അവനെ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ അയച്ചുകൊണ്ടിരിക്കുന്നതു്. മകൻ പഠിച്ചു മിടുക്കനായിവന്നു് കുടുംബം സംരക്ഷിച്ചുകൊള്ളുമെന്നു് അവൾ വിശ്വസിച്ചിരിക്കുന്നു. കാലത്തെ അല്പം കഞ്ഞി കുടിച്ചുകൊണ്ടു് അവൻ പള്ളിക്കൂടത്തിലേക്കു പോകും. ഉച്ചയ്ക്കു പട്ടിണിതന്നെ. എന്നാലും പഠനത്തിൽ അവനു അത്യുത്സാഹമാണു്. പതിവുപോലെ അന്നും അവൻ രാവിലെ പുറപ്പെട്ടു. കൂട്ടുകാർ ഒരുത്തരെയും വഴിക്കു കണ്ടില്ല. അവനു് അല്പം പരിഭ്രമമായി. സ്കൂളിൽ വന്നപ്പോൾ അടച്ചുമിട്ടിരിക്കുന്നു. അവൻ ചോദിച്ചു ചിലരോടു് ഇന്നെന്താ സ്കൂൾ തുറക്കാഞ്ഞതെന്നു്. ഒരു കൂട്ടുകാരിയായിരുന്നു മറുപടി: 'നീ അറിഞ്ഞില്ലേ സാറന്മാരു പണിമുടക്കിക്കളഞ്ഞതു്?'

പല വികൃതിക്കുട്ടികൾക്കും അദ്ധ്യാപകന്മാരുടെ പണിമുടക്കു വളരെ ഇഷ്ടപ്പെട്ടു. കയറൂരിവിട്ട മൂരിക്കുട്ടന്മാരെപ്പോലെ അവർ കൂട്ടുകൂടി വഴിയരുകിൽ തങ്ങിനിന്നു് യാത്രക്കാരെ അപഹസിക്കുവാനും യുവതികളെ അപഹസിക്കുവാനും തുടങ്ങി. തോമസ് അതിലൊന്നും ഉൾപ്പെടാതെ നേരെ വീട്ടിലേക്കാണു നടന്നതു്. അവനെ കണ്ടപ്പോഴേ അമ്മ ചോദിച്ചു: "നീ എന്താകുഞ്ഞേ ഇന്നിങ്ങോട്ടു പോന്നുകളഞ്ഞതു്?"

"വാദ്ധ്യാന്മാരു ഇനി പഠിപ്പിക്കുന്നില്ലെന്നു കേട്ടു."

"ഇനി ഒരുത്തരും പഠിപ്പിക്കുന്നില്ലേ?"

"ഇല്ലില്ല, അവർക്കു ശമ്പളം കൂട്ടിക്കിട്ടണമെന്നാ പറയുന്നതു്."

"എൻെറ കുഞ്ഞേ, നിൻെറ ഇപ്പഴത്തെ ഫീസുണ്ടാക്കിത്തരാൻതന്നെ അമ്മ എത്ര ദിവസം പട്ടിണികിടക്കുന്നുണ്ടെന്നു നിനക്കറിയാൻമേലേ. ഇനീം നമ്മള് കൂടുതലൊണ്ടാക്കിക്കൊടുക്കണമെന്നാണോ അവരു പറയുന്നതു്?"

"ആരൊണ്ടാക്കിക്കൊടുത്താലുംവേണ്ടില്ല. അവർക്കു ചക്രം കിട്ടണമെന്നേയുള്ളൂ."

"സംസ്കാരസമ്പന്നരായ" അദ്ധ്യാപകന്മാരാണു് ഒരു കാറിൽനിന്നും ആ സ്കൂളിൻെറ മുററത്തേക്കിറങ്ങിയതു്. അവിടെ നിർബാധം ക്ലാസ്സുകൾ നടന്നുകൊണ്ടിരുന്നു. "ഇങ്കിലാബ് സിന്ദാബാദ്" എന്നൊക്കെ അട്ടഹസിച്ചുകൊണ്ടു ചിലർ ക്ലാസ്സുകളിലേക്കു തള്ളിക്കയറി. ചിലർചെന്നു സ്കൂളിലെ മണി അടിച്ചു അവിടെ ഒരു ബഹളമായി. പ്രധാനാദ്ധ്യാപകൻ ഇറങ്ങിവന്നു പറഞ്ഞു: "മാന്യരേ, നിങ്ങളെപ്പോലെ ഞങ്ങളും അദ്ധ്യാപകന്മാരാണു്. നിങ്ങൾക്കു പണിമുടക്കുവാൻ സ്വാതന്ത്ര്യമുള്ളതുപോലെ ഞങ്ങൾക്കു പണി തുടരുവാനും സ്വാതന്ത്ര്യമുണ്ടു്. അതിനാൽ മര്യാദകെട്ടവരെപ്പോലെ നിങ്ങൾ അക്രമങ്ങൾക്കു തുനിയുന്നതു നന്നല്ല. ഞങ്ങളുടെ സ്വാതന്ത്ര്യത്തിൽ നിങ്ങൾ കൈകടത്തിയതിനെ ഞങ്ങൾ സർവ്വശക്തിയോടുംകൂടി എതിർക്കുന്നു. കുട്ടികൾക്കു നല്ലപാഠങ്ങൾ നൽകുവാൻ കടപ്പെട്ടിരിക്കുന്ന നിങ്ങൾ കുട്ടികളുടെ മുമ്പിൽവച്ചു് ഇത്തരം ദുഷ്കൃത്യങ്ങൾക്കു മുതിർന്നതു ഒട്ടും നന്നായില്ല." അദ്ധ്യാപകന്മാർ ഇളിഭ്യരായി. ക്ഷമായാചനം ചെയ്തുകൊണ്ടു് ജയിംസ് പറഞ്ഞു: "ഞങ്ങളോടു ക്ഷമിക്കരുതല്ലോ. അതുകൊണ്ടു ഇന്നത്തേക്കു് ഒഴിവുകൊടുത്തു ഞങ്ങളുടെ മാനത്തെ കാക്കണം."

"ഇത്തരം വകതിരിവുകേടു പ്രവർത്തിക്കുവാൻ ഒരുങ്ങി ഇറങ്ങിയവർക്കു മാനത്തെക്കുറിച്ചുള്ള ബോധം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ വേഗം സ്ഥലം വിട്ടുകൊള്ളുക. അല്ലെങ്കിൽ ഇവിടെ പഠിക്കാൻ വന്നിരിക്കുന്ന കുട്ടികൾ നിങ്ങളെ അവമാനിച്ചയച്ചേക്കും."

വിദ്യാർത്ഥികളെ ഉത്തമന്മാരാക്കുവാൻ സർവ്വോപരി പ്രയത്നിക്കുന്ന ഒരു വിദ്യാലയത്തിലെ അനുഭവം അവരെ അല്പം വിവേകികളാക്കി. അവർ കാറിൽ ഉടൻതന്നെ തിരിച്ചു പോകുകയും ചെയ്തു.

## അറിയിപ്പ്

മലബാർ തിരുവാമ്പാടി സത്യദീപത്തിൻെറ ഏജൻറായി മി. ടി. ജോസഫ് തെങ്ങുമൂട്ടിലിനെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## ലീഗ് വാർഷികം

മംഗലപ്പുഴ സെമിനാരിയിൽ സ്ഥാപിതമായിരിക്കുന്ന സേക്രഡ് ഹാർട്ട് കൺവർഷൻ ലീഗിൻെറ 30-ാം വാർഷികം ജനുവരി 3 ാനു- ബല്ലാറി രൂപതയുടെ മെത്രാൻ റൈററ് റവ. മോൺ. ജോൺഫോഗൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ റവ. മത്തായി മാപ്പിളക്കുന്നേൽ ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി.

ഫെഡറൽ ബാങ്ക് ക്ലിപ്തം
ആലുവാ.
എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി
ഡെപ്പോസിററ് പലിശനിരക്ക്

| | |
|---|---|
| കറൻറ് ½% | സ്ഥിരം 1 കൊല്ലം 4½% |
| സേവിംഗ്സ് 3% | " 2 കൊല്ലം 5% |
| 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4% | " 3 കൊല്ലം 5% |
| 7 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 2½% | |

സ്വർണ്ണപ്പണയത്തിന്മേലും, മററ് അംഗീകൃതചരക്കുകളുടെ ലോണിന്മേലും പണം കടം കൊടുക്കുന്നതാണു്.



ഇൻറർനൺഷിയോ തിരുമനസ്സുകൊണ്ടു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുമൊരുമിച്ചു ഡിസംബർ 30-ാംനു- ചുണങ്ങംവേലിയിലെ "അഗതികളുടെ സഹോദരികളുടെ" മഠവും അതിനോടനുബന്ധിച്ചുള്ള സാധുജനമന്ദിരവും സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

# •അമൂല്യനിമിഷങ്ങൾ

## പ്രതിദിനചിന്തകൾ

ജനുവരി 23

മുഖ്യകാര്യങ്ങൾ

ഈ പ്രാഥമിക സത്യങ്ങളെ (ജനുവരി 22-ൽ പറഞ്ഞിരുന്നവ) ലോകത്തിലെ പൊതുരംഗങ്ങളിൽ കൊണ്ടുവരാൻ നമുക്കു് കടമയുണ്ടു്. ഇവയെല്ലാം എല്ലാ ദേശങ്ങളിലും, എല്ലാ ജാതിയേയും പഠിപ്പിക്കുവാൻ നമുക്കു് ചുമതലയുണ്ടു്. എന്നാൽ എത്രയുംകുറച്ചു പേർ മാത്രമേ അതിനു ശ്രമിക്കുന്നുള്ളു.

പ്രതിലോമശക്തികളാകട്ടെ, പൊതുനിരത്തുകളിലും. വിദ്യാലയങ്ങളിലും, നാടകവേദികളിലും, സിനിമാശാലകളിലും, ഭരണക്കൂടങ്ങളിലും കടന്നുചെന്നു് അവയെ മാറ്റുവാൻ തീക്ഷ്ണതയോടെ ശ്രമിക്കുന്നു.

ഇതിനുള്ള പ്രതിവിധിയോ വളരെ എളുപ്പം: നിങ്ങളുടെ നന്മനസ്സു്. ഓരോരുത്തരും സത്യത്തിന്റെ സന്ദേശവാഹകനായി പൊതുവഴികളിലേക്കിറങ്ങുക. കാര്യങ്ങൾ താനേ ശരിയാകും. ലോകത്തെ പ്രശോഭിപ്പിച്ചുവരുന്ന ദീപങ്ങൾ കെടുത്തുവാൻ ഒരുങ്ങി ഇറങ്ങിയിട്ടുള്ളവരെക്കാൾ അധികംപേർ, കെടുത്തിയ ദീപങ്ങളെ കൊളുത്തുവാൻ മുന്നോട്ടു വരുമ്പോൾ, ലോകത്തിൽ ഇരുട്ടു് വ്യാപിക്കുകയില്ല എന്നു് സ്പഷ്ടമാണല്ലോ.

"അനുഗ്രഹത്തിന്റെ മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചിട്ടുള്ള അനേകലക്ഷങ്ങളെ നേർവഴിക്കു കൊണ്ടുവരുന്നതിനു് എന്നെയും ഒരുപകരണമാക്കണമേ" എന്നു് പ്രാർത്ഥിക്കുക.

ജനുവരി 24

അനാവശ്യമായ അസ്വസ്ഥത

ആ വയസ്സൻ പലപ്രാവശ്യവും മറിഞ്ഞും തിരിഞ്ഞും കിടന്നു് ഉറങ്ങുവാൻ നോക്കി. അയാൾക്കു് ഉറക്കംവന്നില്ല. "ഈ ലോകം—ഇതു് സർവ്വത്ര ദുഷ്ടതനിറഞ്ഞതാണു്. കാപട്യവും വഞ്ചനയും ക്രൗര്യവും എങ്ങും നടമാടുന്നു—" അയാൾ വിചാരിച്ചു. വീണ്ടും വീണ്ടും ശ്രമിച്ചിട്ടും അയാൾക്കു് ഉറങ്ങാൻ കഴിഞ്ഞില്ല.

പെട്ടെന്നു് ഇരുളിന്റെ മറവിൽനിന്നും ഒരു സ്വരം ഉയൎന്നു. അതു സമാധാനദൂതനായ ഒരു അശരീരിയാണെന്നു് അയാൾക്കു് തോന്നി. എവിടെനിന്നോ, സ്നേഹപൂർവ്വം അയാളെ സംബോധനംചെയ്തുകൊണ്ടു് ആ സ്വരം ഇങ്ങനെ പറഞ്ഞു. "ശുദ്ധാത്മാവേ, നീ കിടന്നു് ഉറങ്ങിക്കൊള്ളുക. ഇനിയുള്ള സമയം മുഴുവൻ ഞാൻ നിനക്കുവേണ്ടി ഈ ദുഷ്ടലോകത്തെ സൂക്ഷിച്ചുകൊണ്ടു് കാത്തിരിക്കാം."

അമിതമായ ആകാംക്ഷ ഒരു കാര്യവും സാധിച്ചതായി അറിവില്ല. കേട്ടുവന്ന ഒരു സാധനത്തെപ്പറ്റിയുള്ള ആകാംക്ഷ അതിനെ നന്നാക്കിയിട്ടില്ല. മറിഞ്ഞുവീഴാൻ തുടങ്ങിയ ഒരു കെട്ടിടത്തെപ്പററിയുള്ള പരിഭ്രമം ആ കെട്ടിടത്തെ വീഴാതെ താങ്ങിനിർത്തിയിട്ടില്ല. പരാജയപഥത്തിലെത്തിയ ഒരു യുദ്ധം, ഏററം ദോഷകരമായ അതിന്റെ ഫലങ്ങളെപ്പററിയുള്ള ചിന്തമൂലം വിജയപ്രാപ്തിയിലെത്തിയിട്ടില്ല. നാം എത്രസമർത്ഥരായിരുന്നാലും, നമ്മുടെ ആകാംക്ഷയും പരിഭ്രമവും കാര്യങ്ങളെ നേരെയാക്കുകയില്ല, പലപ്പോഴും അതു വഷളാക്കിയെന്നും വരാം. ഓരോ അവസ്ഥയിലും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു്, ഒട്ടും അസ്വസ്ഥരാകാതെ, കർത്തവ്യകർമ്മനിരതരാകുകയാണു് നാം ചെയ്യേണ്ടതു്. കാര്യങ്ങൾ ക്രമപ്പെടുത്തി ഭംഗിയാക്കേണ്ടതും ഭംഗിയാക്കുന്നതും ദൈവമാണു് എന്നു് വിശ്വസിക്കാനുള്ള കഴിവു് നമുക്കുണ്ടാകണം.

"അല്പവിശ്വാസികളേ: നിങ്ങൾ എന്തിനു് ഭയപ്പെടുന്നു."

(വി. മത്തായി 8: 26)

"എന്റെ ദൈവമേ, എന്റെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടുംകൂടി, എല്ലാററിലും ഉപരിയായി അങ്ങയെ ഞാൻ സ്നേഹിക്കുന്നു."

ജനുവരി 25

നമ്മുടെ കുററംക്രൂടിയാകുന്നു

ഒരു വക്കീൽ സുദീർഘവും ശുഷ്കവുമായി സാക്ഷിയെ വിസ്തരിക്കുന്നതിനിടയിൽ ജഡ്ജിയോടു് ഒരു സങ്കടം ഉണർത്തിച്ചു. "പ്രഭോ: ജൂറിമാരിൽ ഒരാൾ ഇരുന്നു് ഉറങ്ങുന്നതു കണ്ടില്ലേ?"

"നിങ്ങളാണു് അതിനുത്തരവാദി" ജഡ്ജി ഉടനെ അതിനു് സമാധാനം നൽകി. "അയാളെ ഉണർത്തുവാനും നിങ്ങൾക്കു് കഴിയുമെന്നു് ഞാൻ വിചാരിക്കുന്നു."

അതെ, ലോകത്തിന്റെ ധാർമ്മികമായ അധഃപതനത്തിനു്നാം എല്ലാം ഓരോ വിധത്തിൽ സഹായിച്ചിട്ടുണ്ടു്. നാം ചെയ്യേണ്ടതു് ചെയ്യാതിരുന്നതുകൊണ്ടോ, ദുർബ്ബലവും വിരസവും ആയ വിധത്തിൽ ചെയ്തതുകൊണ്ടോ വന്നുപോയ പോരായ്മകളെ പരിഹരിക്കുവാനും നമുക്കു് കഴിയും. അതിനു് നമുക്കു കടമയുണ്ടു്.

ഇനിയും സമയം കഴിഞ്ഞിട്ടില്ല. ലോകോദ്ധാരകമായ ക്രിസ്തുവിന്റെ സന്ദേശവും വഹിച്ചുകൊണ്ടു് ധാരാളം വ്യക്തികൾ മുന്നോട്ടുവരുന്നെങ്കിൽ, ആപദ്ഗൎത്തത്തിലേക്കു് കുതിച്ചുപായുന്ന ലോകത്തെ നിയന്ത്രിച്ചു് സന്മാർഗ്ഗത്തിലേക്കു് നയിക്കാൻ അവൎക്കു് ഇനിയും കഴിയാതിരിക്കയില്ല.

---

വി. മരിയഗൊരേററിയുടെ പ്രത്യേക അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എന്നു്, എസ്. എ.

---

നീതിമാന്മാരേ, ഉണരുവിൻ. നിങ്ങൾ പാപത്തിൽ വീഴാതിരിക്കുവിൻ. എന്തെന്നാൽ ഇനിയും ദൈവത്തെ അറിയാത്തവർ ഉണ്ടു്. നിങ്ങളെ ലജ്ജിപ്പിക്കുവാനായി ഞാൻ ഇതു പറയുന്നു."

(1. കൊറിന്ത്യക്കാൎക്കു് 15: 34)

ക്രിസ്തുവിനെ പൊതുരംഗങ്ങളിൽ യഥാസ്ഥാനത്തു സ്ഥാപിക്കുവാൻ നാഥാ, എന്നെ സഹായിക്കുക. മററുള്ളവരെക്കൊണ്ടു് അതു ചെയ്യിക്കുന്നതിനും എന്നെ പ്രാപ്തനാക്കുക.

ജനുവരി 26

ജീവിതലക്ഷ്യം

ചിക്കാഗോ നഗരത്തിൽ ജീവിച്ചിരുന്ന 35 വയസ്സായ ഒരു വനിത ആത്മഹത്യചെയ്തു. ധനം, സൗന്ദര്യം, ആഭിജാത്യം, വിദ്യാഭ്യാസം ഇവയൊക്കെ സമൃദ്ധിയായി ഉണ്ടായിരുന്ന ആ വനിതയെ ആത്മഹത്യക്കു പ്രേരിപ്പിക്കുവാൻ മററുള്ളവരുടെ ദൃഷ്ടിയിൽ ഒരു കാരണവും ഇല്ലായിരുന്നു. എന്നാൽ ബാല്യത്തിലും കൗമാരത്തിലും യൗവനത്തിലും അവൾ ഏകാകിനിയായികഴിഞ്ഞുകൂടിയതാണു് അതിന്റെ കാരണം. അവളുടെ ജീവിതകാലം മുഴുവൻ നാരകീയമായ ഏകാന്തതയിൽക്കൂടിഅവൾ ഉഴലുകയായിരുന്നു!

ഇങ്ങനെയുള്ള ഏകാന്തത, അവളുടെ ചില സതീർത്ഥ്യൎക്കു് അല്പം അനുകമ്പയുണ്ടായിരുന്നെങ്കിൽ പരിഹരിക്കാമായിരുന്നു. സ്നേഹപൂർണ്ണമായ ഒരു മനോഭാവം ആരും പ്രദർശിപ്പിക്കാതിരുന്നതുകൊണ്ടു് ദൈവദത്തമായിരുന്ന അവളുടെ കഴിവുകൾ ശൂന്യമായി, നിരാശയിൽ അവസാനിക്കുകയാണു് ചെയ്തതു്. "ഞാൻ പരദേശിയായിരുന്നു" എന്നു് ആവലാതിപ്പെടാനിരിക്കുന്ന ക്രിസ്തു ആയിരുന്നു അവൾ. സഹോദരസ്നേഹംകൊണ്ടു് ധന്യമാക്കാമായിരുന്ന ഒരു ജീവിതമാണു്, ഒരു യഥാർത്ഥക്രിസ്ത്യാനിയുടെ അഭാവത്താൽ അലങ്കോലപ്പെട്ടതു് എന്നു പറയാം.

"എന്റെ ആത്മാവേ, നീ എന്തുകൊണ്ടു് അധോമുഖി ആയിരിക്കുന്നു. നീ എന്നെ അസ്വസ്ഥമാക്കുന്നതും എന്തിനു്? നീ ദൈവത്തിൽ ശരണപ്പെടുക. എന്തുകൊണ്ടെന്നാൽ ഇനിയും ഞാൻ എന്റെ രക്ഷകനായ ആ ദൈവത്തെ സ്തുതിക്കും."

(സങ്കീർത്തനം 1: 42)

ഭഗ്നാശരും ദുഃഖിതരും ആയവരിൽ ക്രിസ്തുവിന്റെ സമാധാനവും സന്തോഷവും ഉന്നയിക്കുന്നതിനു് നിങ്ങൾക്കു് അവസരങ്ങളുണ്ടാകുവാൻ പ്രാർത്ഥിക്കുക.

ജനുവരി 27

ലോകം മുഴുവൻ നേടണം

"ലോകംമുഴുവൻ നേടണം." ഇതാണു് ക്രിസ്തുവിനു് എതിരായി പ്രവർത്തിക്കുവാൻ മുന്നിട്ടിറങ്ങിയിരിക്കുന്നവരുടെ ലക്ഷ്യം. ഇച്ഛാഭംഗങ്ങളും, വൈഷമ്യങ്ങളും, വിരോധങ്ങളും, പീഡകളും അവരെ പിൻതിരിക്കുന്നില്ല. അവരുടെ ലക്ഷ്യത്തിൽ സജീവമായ താല്പര്യത്തോടെ ആഗോളവ്യാപകമായ പരിപാടികളനുസരിച്ചു അവർ സംഘടിക്കുകയും മുന്നോട്ടുനീങ്ങുകയുമാണു്. അവരാണു് വാസ്തവത്തിൽ "നിങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും പോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ" എന്ന ക്രിസ്തുവിന്റെ നിർദ്ദേശം പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതും എത്തിച്ചിട്ടുള്ളതും. എന്നാൽ ആ പ്രബോധനം—"എല്ലാ ദേശത്തുംപോയി എല്ലാ ജാതികളെയും പഠിപ്പിക്കുവിൻ"—നാമും അക്ഷരംപ്രതി അനുസരിക്കുന്നതുവരെ ക്രിസ്തുവിന്റെ സമാധാനം—ലോകത്തിനു് നൽകാൻ കഴിയാത്ത സമാധാനം—ഭൂമുഖത്തു് ആവിർഭവിക്കുകയില്ല.

ഓ! ഈശോ! ആഗോളവ്യാപകമായ താല്പര്യത്തോടുകൂടി ആലോചിക്കുവാനും, പ്രയത്നിക്കുവാനും, പ്രാർത്ഥിക്കുവാനും എന്നെ പഠിപ്പിക്കുക.

ജനുവരി 28

പിതാവില്ലാതെ സഹോദരന്മാരുമില്ല

പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു മാസികയുടെ എഡിററർ, ഒരു നിരീശ്വരനും യുക്തിവാദിയും സ്വതന്ത്രചിന്തകനും ആയി മാറി മാറി, മനുഷ്യജീവിതത്തിൽ യഥാർത്ഥമായ സാഹോദര്യത്തിനുള്ള അടിസ്ഥാനം അന്വേഷിച്ചു. ഇതിനൊന്നും അയാളെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ല. കുറെനാൾ മതബോധത്തെ അവഗണിച്ചു്, ജീവിതത്തിനു് ഒരു വ്യാഖ്യാനം നൽകുവാനും അയാൾ ശ്രമിച്ചു. അതും വിഫലമായി. ഒടുവിൽ അയാൾക്കു് മനസ്സിലായി, ദൈവത്തിന്റെ പിതൃത്വത്തിലല്ലാതെ മനുഷ്യന്റെ സാഹോദര്യത്തിനു് യാതൊരു യുക്തിയും വിലയും ഇല്ലെന്നു്. അതാണു് ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനം.

1. "നമ്മുടെ എല്ലാം പിതാവു് ഒന്നില്ലേ? ഒരു ദൈവമല്ലേ നമ്മെ സൃഷ്ടിച്ചതും? അതുകൊണ്ടു് നമ്മുടെ പിതാക്കന്മാരുടെ നിർദ്ദേശങ്ങൾക്കു് വിപരീതമായി നാം നമ്മുടെ സഹോദരങ്ങളെ വെറുക്കുന്നതു് എന്തുകൊണ്ടു്?"

(മലാക്കി 2. 10)

2. "എന്നാൽ നീ എന്തിനു് നിന്റെ സഹോദരനെ വിധിക്കുന്നു? അഥവാ വെറുക്കുന്നു? എന്തെന്നാൽ നാമെല്ലാം ഒരിക്കൽ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നില്ക്കണമല്ലോ."

(റോമാക്കാൎക്കു് 14. 10)

ദൈവമേ, യാതൊരു വ്യത്യാസവും കൂടാതെ എല്ലാ മനുഷ്യരെയും ഒന്നുപോലെ സ്നേഹിക്കുവാനുള്ള ശക്തിയും മനസ്സും എനിക്കു നൽകുക.

ജനുവരി 29

ജീവിക്കുവാൻ പററിയ കാലഘട്ടം

അടുത്ത പത്തുപതിനഞ്ചു കൊല്ലങ്ങൾക്കുള്ളിൽ ലോകം ക്രിസ്തുവിലേക്കു് കൂടുതൽ അടുക്കുകയോ വളരെ അധികം അകലുകയോ ചെയ്യും. ഏതാണു് സംഭവിക്കുന്നതെന്നു് തീർച്ചയാക്കുന്നതു നാം ഓരോരുത്തരും ആകുന്നു.

ഭയങ്കരമായ ഒരു ചുമതലയാണു് നമുക്കുള്ളതു്. എന്നാൽ ഇതു നേരിടാതെ ഒരു വഴിയുമില്ല. ക്രിസ്തുവല്ലാതെ വേറെ വഴിയും ജീവനും ഇല്ല. "ഞാൻ മാർഗ്ഗവും സത്യവും ജീവനും ആകുന്നു."

(വി. യോഹന്നാൻ 14:6)

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ഒരു തീപ്പൊരി നാം പറപ്പിച്ചാൽ, ദൈവപരിപാലനയിൽ അതു് ആളിക്കത്തിക്കൊള്ളും.

"ലോകത്തിൽ സ്നേഹാഗ്നി കത്തിക്കുവാനായി ഞാൻ വന്നു: അതു് പടന്നുപിടിച്ചിരിക്കുന്നതു് കാണുകയല്ലാതെ എന്താണു് ഞാൻ ആഗ്രഹിക്കുക!"

(വി. ലൂക്കാ 12: 49)

സമയം കടന്നുപോകാതെ, അലസമായിരിക്കാതെ നാം മുന്നോട്ടുവന്നു് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നിസ്സാരയത്നങ്ങൾപോലും ലോകാത്ഭുതമായ ഫലം നൽകുന്നവയായി ദൈവം നിയന്ത്രിച്ചേക്കാം. ദൈവം അനുഗ്രഹവർഷത്തിനായി കാത്തിരിക്കുന്നു. അസ്വസ്ഥമായ ലോകത്തിൽ ശാന്തിയുടേയും സ്നേഹത്തിന്റേയും ഔദാര്യത്തിന്റേയും രക്ഷാകരമായ സന്ദേശം പ്രചരിപ്പിക്കുവാനും പ്രായോഗികമാക്കാനുമുള്ള അവസരം ഇതാ നമ്മെ ഓരോരുത്തരേയും കാത്തിരിക്കുന്നു. മുന്നോട്ടു വരിക! ഇക്കാലത്തു് ജീവിക്കുവാൻ നമുക്കു് ലഭിച്ച ഭാഗ്യം വലുതാണെന്നു് വിസ്മരിക്കരുതു്.

മനുഷ്യവംശത്തിനു് അനർഘമായ സമാധാനസന്ദേശം നൽകുവാൻ നമുക്കു് കഴിയുന്ന ഈ കാലഘട്ടത്തിൽ ജീവിക്കുവാൻ ദൈവം നമ്മെ അനുവദിച്ചതു് വിഫലമാകാതിരിക്കുവാൻ പ്രയത്നിക്കുക: പ്രാർത്ഥിക്കുക.

ജനുവരി 30

നന്മകൊണ്ടു് തിന്മയെ എതിരിടുക

ലോകത്തിൽ ഇന്നു് നടമാടുന്നതു് ഭൗതികൈശ്വര്യം മാത്രം കാര്യമാക്കുന്ന നിരീശ്വരത്വമാണു്. ഏതു രാഷ്ട്രീയകക്ഷികൾ ഭരിച്ചാലും നിരീശ്വരത്വം വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. മനുഷ്യരിലുള്ള മൃഗീയത്വത്തെ ജയിച്ചു്, വൈരാഗ്യവും സ്വാർത്ഥ്യവും വിനാശവും കൂടാതെ ജീവിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതു് അവരിലുള്ള ദൈവബോധം മാത്രമാണു്.

ദൈവബോധം ജനസാമാന്യത്തിൽനിന്നു് നശിപ്പിക്കുവാൻ പല വലിയ രാഷ്ട്രങ്ങളിലും അധികാരികൾക്കു് കഴിഞ്ഞിട്ടുണ്ടു്. അവരുടെ അക്രമങ്ങളേയും ക്രൗര്യത്തേയും ഭയന്നു്, ദൈവത്തിൽ വിശ്വസിക്കുന്നവർ, പിൻവാങ്ങുകയും ഒളിക്കയും ചെയ്തിരിക്കുന്നു. അവരെ ധൈര്യപ്പെടുത്താനും കർമ്മനിരതരാക്കി മുന്നോട്ടു കൊണ്ടുവരുന്നതിനുമാണു് വി. അപ്പസ്തോലൻ പറയുന്നതു് "നിങ്ങൾ തിന്മയാൽ പരാജിതരാക്കപ്പെടാതെ, നന്മ പ്രവർത്തിച്ചു് തിന്മയെ ജയിക്കുവിൻ" എന്നു്.

(റോമ്മാക്കാൎക്കു് 12: 21)

ലോകത്തിന്റെ പോരായ്മകളെപ്പററി എന്നും പരാതിപ്പെട്ടുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, നന്മ പ്രവർത്തിച്ചു് ഫലമുളവാക്കുവാൻ എന്റെ ദൈവമേ എന്നെ സഹായിക്കേണമെ.

ജനുവരി 31

സ്ഥിരനിശ്ചയവും നിലനിൽപും വിജയകരമാണു്

ഒന്നാം മഹായുദ്ധകാലത്തു് സഖ്യകക്ഷിസൈന്യങ്ങളുടെ നേതാവായിരുന്ന മാർഷൽ ഫോഷ് ഒരു കല്പന അയച്ചു. "എന്റെ സൈന്യങ്ങൾ മദ്ധ്യഭാഗത്തു് മിക്കവാറും പരാജിതരായി. ഇടതുഭാഗത്തുള്ളവർ പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. വലതുവശത്തുള്ളവർ സന്ദിഗ്ദ്ധാവസ്ഥയിലുമാണു്. സ്ഥിതിഗതികൾ വളരെ നന്നായിരിക്കുന്നു. ഞാൻ ശത്രുക്കളെ ആക്രമിക്കാൻതന്നെ നിശ്ചയിച്ചിരിക്കുന്നു. . . . ."

തുടൎന്നുള്ള മുന്നേററത്തിലാണു് സഖ്യകക്ഷികൾ വിജയിച്ചതു്. യുദ്ധക്കളത്തിൽ അവസാനത്തെ കാൽമണിക്കൂർനേരംനിന്നു യുദ്ധംചെയ്യുന്നവരാണു് വാസ്തവത്തിൽ ജേതാക്കൾ എന്നു ചിലർ പറയാറുണ്ടു്. മരണാസന്നനായ രോഗിയെകണ്ടു് മതിമറക്കാത്ത ഭിഷഗ്വരനല്ലേ അപകടകരമായ സുഖക്കേടുകളിൽ രോഗികളെ ചികിത്സിക്കാൻ കഴിയൂ. അതുപോലെ അപകടങ്ങളും അത്യാഹിതങ്ങളും അധികമായാലും മനഃസ്ഥൈര്യം വിടാതെ, ദൃഢനിശ്ചയത്തോടെ മുമ്പോട്ടുപോകുന്നവൎക്കു് വിജയം സുനിശ്ചിതമാണു്.

"അവസാനംവരെ നിലനില്ക്കുന്നവൻ ആരോ, അവൻ രക്ഷപെടും."

(വി. മത്തായി 24:13)

ഓ, ഈശോ! എന്നെ ഏററം ഭഗ്നാശനാക്കുന്ന ചുററുപാടുകളിൽപ്പോലും നിന്നെപ്രതി, നന്മയിൽ നിലനില്ക്കുന്നതിനുള്ള അനുഗ്രഹം എനിക്കു നൽകുക.

---

* ഫാദർ ജയിംസ് കെല്ലർ രചിച്ചതും ശ്രീ കെ. സി. ചാക്കോ എം. എ. ബി. ഇ. വിവർത്തനം ചെയ്തതുമായ ഈ കൃതി എൽത്തുരുത്തു് സെൻറു് ജോസഫ്സ് പ്രസ്സിൽനിന്നും പുസ്തകരൂപത്തിൽ ലഭിക്കുന്നതാണു്.

"WE PREACH CHRIST CRUCIFIED." (1 Cor. 1, 23)

# പ്രഭാഷണം

## ചില തന്ത്രങ്ങൾ

വലിയ ഒരു ജനാവലി തൻെറപക്കൽ വന്നുകൂട്ടുകയും, പിന്നെയും പലരും നഗരങ്ങളിൽനിന്നു് ഓടിക്കൂടിക്കൊണ്ടിരിക്കുകയും ചെയ്തപ്പോൾ അവിടുന്നു് അന്യാപദേശരൂപേണ അവരോടു് പ്രസംഗിച്ചു: ഇതാ വിതക്കാരൻ വിതയ്ക്കുവാനായി പുറപ്പെട്ടു. അവൻ വിതച്ചപ്പോൾ ചില വിത്തുകൾ വഴിയരികിൽ വീണു. അവ ചവിട്ടപ്പെട്ടു. പക്ഷികൾ വന്നു് അവ തിന്നുകളയുകയും ചെയ്തു. മററുചിലതു് പാറമേൽ വീണു. തണുപ്പില്ലാതിരുന്നതുകൊണ്ടു് അവ മുളച്ചയുടനെ ഉണങ്ങിപ്പോയി. വേറെ ചിലതു് മുള്ളുകളുടെ ഇടയിൽ വീണു. മുള്ളുകൾ അവയോടൊപ്പം വളന്നു് അവയെ ഞെരുക്കിക്കളഞ്ഞു. ഇനിയും ചിലതു് നല്ല മണ്ണുള്ള നിലത്തു വീണു. ഇവ വളന്നു നൂറുമേനി വിളവു നൽകി. ഇതു് പറഞ്ഞശേഷം അവിടുന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: കേൾക്കുവാൻ ചെവിയുള്ള നിങ്ങൾ കേൾക്കുവിൻ. ഈ അന്യാപദേശത്തിൻെറ അത്ഥമെന്താണെന്നു ശിഷ്യന്മാർ അപ്പോൾ അവിടുത്തോടു ചോദിച്ചു. ആകയാൽ അവിടുന്നു അവരോടു അരുൾചെയ്തു: ദൈവരാജ്യത്തിലെ രഹസ്യങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്കു വരം നൽകപ്പെട്ടിരിക്കുന്നു. എന്നാൽ കാണാതെ സൂക്ഷിച്ചു നോക്കുന്നതിനും മനസ്സിലാക്കാതെ ശ്രവിക്കുന്നതിനും ആയി മററുള്ളവർ അവയെപ്പററി അന്യാപദേശംവഴി പഠിക്കണം. അന്യാപദേശത്തിൻെറ അത്ഥം ഇതാണു്: വിത്തു് ദൈവവചനമത്രെ. വഴിയരികിൽ വീണവ ദൈവവചനം ശ്രവിക്കുന്നവരാകുന്നു. എന്നാൽ പിശാചു വന്നു് അവരുടെ ഹൃദയത്തിൽനിന്നു് അവ എടുത്തുകളയുന്നു. അതു കാരണം അവക്കു വിശ്വാസം ഉണ്ടാകയോ അവർ രക്ഷപെടുകയോ ചെയ്യുകയില്ല. പാറപ്പുറത്തു് വീണവ ദൈവവചനം ശ്രവിച്ചയുടനെ അതിനെ സന്തോഷപൂർവ്വം സ്വീകരിക്കുന്നവരാകുന്നു. എന്നാൽ അവയ്ക്കു വേരുകൾ ഇല്ലാത്തതിനാൽ സ്വല്പസമയത്തേക്കുമാത്രം അവ നില്ക്കുന്നു. പ്രലോഭനങ്ങളുണ്ടാകുമ്പോൾ അവർ വീണുപോകുന്നു. മുള്ളുകളുടെ ഇടയിൽ വീണവ, ദൈവവചനം ശ്രവിച്ചശേഷം സ്വമാർഗ്ഗേണ പോകവേ ചിന്താകുലതകളാലും സമ്പത്തുകളാലും ജീവിതസുഖാഭിലാഷങ്ങളാലും ഞെരുക്കപ്പെടുകയാൽ വളർച്ച തികയാത്തവരെ കുറിക്കുന്നു. നല്ലമണ്ണിൽ വീണ വിത്താകട്ടെ, ദൈവവചനം ശ്രവിച്ചിട്ടു് ശ്രേഷ്ഠവും ഉദാരവുമായ ഹൃദയത്തോടെ അതിനെ മുറുകെ പിടിക്കുകയും, നല്ല വിളവു പുറപ്പെടുവിക്കയും ചെയ്യുന്നവരെ സൂചിപ്പിക്കുന്നു. (അറുപതാം ഞായർ; സുവിശേഷം: ലൂക്കാ VIII 4—15)

വിതക്കാരനെക്കുറിച്ചുള്ള ഇന്നത്തെ അന്യാപദേശം ദിവ്യനാഥൻതന്നെ വ്യാഖ്യാനിച്ചുതന്നിട്ടുണ്ടു്. "വിത്തു ദൈവവചനമത്രെ." സർവ്വോൽകൃഷ്ടമായ ഈ വിത്തു് വളരെ സമൃദ്ധമായിത്തന്നെ ദൈവം ലോകത്തിൽ വിതച്ചിട്ടുണ്ടു്. ഇതരമതാനുയായികളെ അപേക്ഷിച്ചു നോക്കുമ്പോൾ കത്തോലിക്കർ മതപ്രസംഗങ്ങളുടേയും ആദ്ധ്യാത്മികോപദേശങ്ങളുടേയും അനുസ്യൂതമായ പ്രവാഹത്തിൽ നീന്തിക്കളിക്കുന്നവരാണു; ആദ്ധ്യാത്മികഭക്ഷണം വിഭവവൈവിദ്ധ്യങ്ങളോടുകൂടി മതിവരെ അനുഭവിക്കുന്നവരാണു്; ദിവ്യസൂക്തികൾ ഇടതടവെന്യേ ആഞ്ഞടിക്കുന്നതിനാൽ ചെവികൾ തഴമ്പിച്ചവരാണു്. ഞായറാഴ്ച പ്രസംഗങ്ങൾ, തിരുനാൾപ്രസംഗങ്ങൾ, ധ്യാനപ്രസംഗങ്ങൾ. ഭക്തസഖ്യങ്ങളിലെ ഉപദേശങ്ങൾ, കുമ്പസാരവേളയിലെ ഉപദേശങ്ങൾ, പ്രസംഗമഹായോഗങ്ങൾ എന്നിങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെ ദൈവവചനം നിർഗ്ഗളമായി പ്രസരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ആനുപാതികമായ ഫലസമൃദ്ധിയും തജ്ജന്യമായ ജീവിതപരിശുദ്ധിയും ചൈതന്യപ്രകർഷവും അവരിൽ കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അപ്പസ്തോലികകാലത്തു ദൈവവചനം വളരെ ഫലസമൃദ്ധമായിരുന്നു; ആയിരക്കണക്കിനു മാനസാന്തരങ്ങളും ജീവിതനവീകരണങ്ങളും അക്കാലത്തു് സംഭവിച്ചു. ഇന്നും ദൈവവചനത്തിൻെറ ഫലദായകശക്തി കുറഞ്ഞിട്ടില്ല. പക്ഷെ, പറയത്തക്ക ഫലസമൃദ്ധിയുണ്ടാകുന്നില്ലെങ്കിൽ അതിനുള്ള കുററം ആരിലായിരിക്കണം? വിത്തു് ഒന്നുതന്നെ; എന്നാൽ നിലത്തിൻെറ വളക്കൂറിൽ വലിയ അന്തരം വന്നിട്ടുണ്ടായിരിക്കണം. ഇതിനുള്ള കാരണങ്ങൾ സംക്ഷിപ്തമായി ഇന്നത്തെ സുവിശേഷം ചൂണ്ടിക്കാണിച്ചുതരുന്നുണ്ടു്.

വഴിയരുകിൽ വീഴുന്ന വിത്തു പിശാചു് വന്നു എടുത്തുകളയുന്നു. അതിനായി ആ തന്ത്രജ്ഞൻ പ്രയോഗിക്കുന്ന ഉപാധികൾ വളരെ ശ്രദ്ധാർഹങ്ങളാണു്. ഒന്നാമത്തെ ആയുധം ബുദ്ധിപരമായ ഔദ്ധത്യം — വിജ്ഞാനവിജൃംഭണം — ശ്രോതാക്കളിൽ കുത്തിവെക്കുകയാണു്. സ്വന്തം ജ്ഞാനത്തെപ്പററി വലിയ മതിപ്പും തജ്ജന്യമായ ഔദ്ധത്യവും; പ്രാസംഗികൻെറ ജ്ഞാനത്തേയും പ്രസംഗചാതുരിയേയും പററി അവജ്ഞയും പുച്ഛവും—എങ്ങനെയാണു് വിത്തു് ഫലസമൃദ്ധവുമാകുക? ഇന്നത്തെ ലോകത്തിൽ വിനാശകാരണവും അധഃപതനഹേതുവുമായി പ്രത്യക്ഷപ്പെടുന്ന വിവിധഘടകങ്ങളിൽ സർവ്വപ്രധാനമായതു് ഈ വിജ്ഞാനദാംഭികത്വമാണു്. മതകാര്യങ്ങളിൽ പ്രത്യേകിച്ചും ഈ അഹംഭാവം ആത്മഹത്യാപരമായിരിക്കും; കാരണം, "ദൈവം അഹംഭാവികളെ എതിർക്കുന്നു." പ്രസംഗകനെപ്പററിയുള്ള ചില മുൻവിധികൾ ഈ ദാംഭികത്വത്തിൻെറ ഫലമായി ശ്രോതാക്കളിൽ സ്ഥലം പിടിക്കുന്നു. ആ വൈദികനു് വ്യക്തിവിലാസമില്ല; പരിഷ്കൃതസമ്പ്രദായങ്ങൾ അറിഞ്ഞുകൂടാ; വെറും സ്കൂൾഫൈനൽ മാത്രമേ പാസായിട്ടുള്ളു; വാഗ്മിത്വത്തിൻെറ കണികപോലുമില്ല; വിക്കിവിക്കി സാവധാനത്തിൽ എന്തൊക്കെയോ പറയുന്നു; ചെറുപ്പമാണു്; ലോകകാര്യങ്ങളിൽ അപരിചിതനാണു്; സമുദായത്തിൽ അധഃസ്ഥിതനാണു്—ഇങ്ങനെ പോകുന്നു ഈ മുൻവിധികൾ. ഗോലിയാത്തു ദാവീദിനെ കണ്ടപ്പോൾ പറഞ്ഞതുപോലെ. ഈ യുവവൈദികൻ തൻെറ കല്ലും കവണിയുംകൊണ്ടു പണ്ഡിതരാക്ഷസനായ എന്നെ തോല്പിക്കാമെന്നു വിചാരിക്കുന്നോ? എന്നു് അവർ പറഞ്ഞേക്കാം. ക്രിസ്തുവിനും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. "ഇവൻ ഒരാശാരിയല്ലേ? മറിയത്തിൻെറ മകനല്ലേ? യാക്കോബിൻെറയും യൗസേപ്പിൻെറയും സഹോദരനല്ലേ?" എന്നിങ്ങനെ ക്രിസ്തുവിൻെറ കേൾവിക്കാരിൽ ചിലർ പുച്ഛരസത്തിൽ പറയുകയുണ്ടായി. അക്ഷരജ്ഞാനമില്ലാത്ത ആട്ടിടയന്മാരും പണ്ഡിതശ്രേഷ്ഠന്മാരായിരുന്ന മൂന്നു പൗരസ്ത്യശാസ്ത്രജ്ഞന്മാരും ക്രിസ്തുവിനെ കണ്ടെത്തിയ തിരുനാളുകളുടെ മധുരസ്മരണ ഇന്നും നമ്മിൽനിന്നു മാഞ്ഞുപോയിട്ടില്ലല്ലോ. എന്തുകൊണ്ടാണു് ഈ ഇരുകൂട്ടർമാത്രം ക്രിസ്തുവിനെ കണ്ടെത്തിയതു? കാരണം, അവരിൽ വിജ്ഞാനദാംഭികത്വം ഒട്ടും ഉണ്ടായിരുന്നില്ല. ആട്ടിടയന്മാർ അക്ഷരജ്ഞാനമില്ലാത്തവരായിരുന്നു; തങ്ങൾ അജ്ഞരാണെന്നുള്ള പൂർണ്ണബോദ്ധ്യവും അവർക്കുണ്ടായിരുന്നു. തന്നിമിത്തം അവർ ദൈവദൂതൻെറ വാക്കുകൾ വിശ്വസിക്കയും പുൽക്കൂട്ടിലെ ദൈവത്തെ ആരാധിക്കയുംചെയ്തു. കിഴക്കുനിന്നു വന്ന ശാസ്ത്രജ്ഞന്മാർ മഹാ പണ്ഡിതന്മാരായിരുന്നു. പക്ഷെ, അവരുടെ വിജ്ഞാനത്തിൽ വിഭ്രമിച്ചുകൊണ്ടുള്ള ഔദ്ധത്യം അവരിൽ തീരെ ഉണ്ടായിരുന്നില്ല. അവർ എളിമയുള്ളവരായിരുന്നു; തന്നിമിത്തം ദൈവത്തിനു് അവരിൽ ധാരാളം സ്ഥലമുണ്ടായിരുന്നു. അതുകൊണ്ടു് അസാധാരണമായ ഒരു നക്ഷത്രം കണ്ടപ്പോൾ അതിൻെറ സന്ദേശം അവർ ഗ്രഹിച്ചുകൊണ്ടും, നിരവധി ക്ലേശങ്ങളും പരിഹാസങ്ങളും സഹിച്ചുകൊണ്ടും, ഒരു പുൽക്കൂട്ടിൽ പിള്ളക്കച്ചകളാൽ ചുററപ്പെട്ടുകിടക്കുന്ന ദൈവത്തെ ആരാധിക്കുവാൻ അവർ സന്നദ്ധരായി. കുറെ പഠിപ്പും സാമത്ഥ്യവും ഉണ്ടാകുമ്പോഴേക്കും അഹംഭാവത്തിൽ വിജൃംഭിക്കയും സർവ്വജ്ഞപീഠം കയറിക്കഴിഞ്ഞുവെന്നു വിചാരിക്കയും, താൻ വിജ്ഞാനസാഗരത്തിൻെറ കരയിൽ മാത്രമേ എത്തിയിട്ടുള്ളുവെന്നു സവിനയം സമ്മതിച്ചിട്ടുള്ള ഐസക്കു് ന്യൂട്ടനേയും പിന്നിട്ടുകൊണ്ടു്, ആ സാഗരത്തിൻെറ മദ്ധ്യത്തിൽ—പോരാ, മറുകരയിൽ—എത്തിക്കഴിഞ്ഞുവെന്നു ഉൽഘോഷിക്കയും ചെയ്യുന്ന വിജ്ഞാനദാംഭികത്വത്തിൻെറ മുമ്പിൽ ദൈവവചനം നിഷ്ഫലമാകുകമാത്രമേ ചെയ്കയുള്ളു. ദിവ്യവചനം ഫലപ്രദമാകണമെങ്കിൽ ശ്രോതാവു് പ്രാസംഗികനുമായി യോജിച്ചു സഹാനുഭൂതിയിൽ വത്തിക്കണം. "ഇതു എൻെറ പ്രിയ പുത്രനാകുന്നു, ഇവനെ ചെവിക്കൊള്ളുവിൻ" എന്നു താബോർ മലയിൽവെച്ചു് പിതാവു് സാക്ഷ്യം നല്കിയതുപോലെ പ്രസംഗിക്കുന്ന വൈദികനെപ്പററിയും ദൈവം അരുളിച്ചെയ്യുന്നതായി സങ്കല്പിക്കണം; തദനുസാരമുള്ള ബഹുമാനാദരവുകളും ആത്മാത്ഥതയുമുണ്ടായിരിക്കണം; ഇതിനെല്ലാം യഥാത്ഥമായ എളിമ കൂടിയേ കഴിയൂ. ഈ വിശ്വാസവും ബഹുമാനവും ഇല്ലാത്ത ഹൃദയം പാറപ്പുറംപോലെയായിരിക്കും. നല്ല വിത്താണു വിതമ്പുന്നതെങ്കിൽ അതു് സ്വർണ്ണത്തളികയിലാണോ ഈയപ്പാത്രത്തിലാണോ എന്നു പരിശോധിക്കേണ്ട ആവശ്യമില്ലല്ലോ.

പിശാചിൻെറ മറെറാരു തന്ത്രം ഇതിലും അപകടപൂർണ്ണമാണു്. വൈദികർ ചിലപ്പോൾ ദുർഗ്ഗുണങ്ങളേയും അപഥസഞ്ചാരങ്ങളേയും വിശ്വാസരാഹിത്യത്തേയും മററും പ്രതിപാദിച്ചുകൊണ്ടു് പൊതുവായി നല്കുന്ന ചില താക്കീതുകൾ ചില ശ്രോതാക്കൾ വളരെ ഉത്സാഹത്തോടും "രസ"ത്തോടു കൂടി കേൾക്കുന്നു. എന്നാൽ ഇതെല്ലാം തങ്ങളെ ബാധിക്കുന്നതാണോയെന്നു ഇക്കൂട്ടർ ഒരിക്കലും പരിശോധിച്ചുനോക്കാറില്ല. "അച്ചൻ ആ പറഞ്ഞതു അയാളെപ്പററിയാണു്; ഈ പറഞ്ഞതു് മറെറായാളെക്കുറിച്ചാണു്; ഹാ, നല്ലകണക്കിനു് പററിയിട്ടുണ്ടു്" എന്നിങ്ങനെ പരദോഷൈകദൃഷ്ടികളായി ചിലർ വിധിപ്രസ്താവിക്കാറുണ്ടു്. ഇവരിൽ എങ്ങനെയാണു് ദൈവവചനം ഫലപ്രദമാകുക? "നീ ആകുന്നു ആ മനുഷ്യൻ" എന്നു് നാത്താൻ ദീർഘദർശി ദാവീദിനോടു പറഞ്ഞതുപോലെ ഓരോരുത്തരും തങ്ങളുടെ വിരലുകളെ തങ്ങളുടെ നേരെത്തന്നെ ചൂണ്ടിക്കൊണ്ടു് സ്വയം കുററപ്പെടുത്തട്ടെ. സ്വയം കുററമററവനാണെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അവൻ നുണയനാണെന്നു ദിവ്യവാക്യമുണ്ടല്ലോ. എളിമയുടെ അഭാവംതന്നെയാണു് ഇവിടെയും നാം ദർശിക്കുന്നതു്. പ്രസംഗിക്കുന്ന വൈദികൻ ഒരു പക്ഷെ പരിപൂർണ്ണനല്ലായിരിക്കാം. അദ്ദേഹം അപലപിക്കുന്ന ദുർഗ്ഗുണങ്ങൾതന്നെ അദ്ദേഹത്തിലും കുടികൊള്ളുന്നുണ്ടായിരിക്കാം. എങ്കിലും സ്വന്തം തെററുകൾ നിർമ്മാർജ്ജനം ചെയ്യാനായി ദൃഢനിശ്ചയങ്ങൾ ചെയ്യേണ്ടതായ കടമയിൽനിന്നു ഇതുകൊണ്ടൊന്നും ഒരുവൻ മോചിക്കപ്പെടുകയില്ല.

വഞ്ചനനിറഞ്ഞ മറെറാരു തന്ത്രവും പിശാചു് പ്രയോഗിക്കാറുണ്ടു്. ദൈവവചനം ചിലർ സന്മനസ്സോടെ ശ്രവിക്കുന്നു; വളരെ നല്ലകാര്യങ്ങളാണു പ്രസംഗിക്കപ്പെടുന്നതെന്നും അവർ തലകുലുക്കി സമ്മതിക്കുന്നു. എന്നാൽ "ഇതെല്ലാം സന്യാസികൾക്കും കന്യാസ്ത്രീകൾക്കും ഭക്താത്മാക്കൾക്കുമാണു് അധികം യോജിച്ചതു്. എങ്ങനെയായാലും ഈ ചെറുപ്പകാലത്തുതന്നെ — ജീവിതത്തിൻെറ സുപ്രഭാതത്തിൽതന്നെ—ലോകസുഖങ്ങൾ ഉപേക്ഷിക്കണമോ? കുറെ കാലംകൂടി ജീവിതസുഖങ്ങൾ അനുഭവിക്കേണ്ടതല്ലേ? മനസ്താപവും ജീവിതനവീകരണവുമെല്ലാം പിന്നീടു്—വാർദ്ധക്യം സമീപിക്കുമ്പോൾ—ആകാമല്ലോ" എന്നിങ്ങനെയുള്ള ഒരു ചിന്താഗതി അവരിൽ കടന്നുകൂടുന്നു; "ചിന്താകുലതകളാലും സമ്പത്തുകളാലും ജീവിതസുഖാഭിലാഷങ്ങളാലും" ദൈവവചനം നിഷ്ഫലമായിത്തീരുന്നു. ദൈവം, ആത്മാവു്, പാപം, പുണ്യം, മരണം, നരകം, മോക്ഷം എന്നിങ്ങനെയുള്ള സനാതനതത്വങ്ങളെപ്പററി പ്രസംഗിക്കുന്നതു് പലക്കും ഇഷ്ടകരമല്ലായിരിക്കും—സ്മരിക്കുവാൻ ഇഷ്ടമില്ലാത്ത ചില പരമാത്ഥങ്ങളെപ്പററി. പ്രസംഗം "ബോർ" ആണെന്നും അവർ തട്ടിവിടും. ദുഷ്ടനായ അക്കാബ രാജാവു് ഒരു യുദ്ധത്തിലേപ്പെടുന്നതിനുമുമ്പു തനിക്കുണ്ടായിരുന്ന നാനൂറു് പുരോഹിതന്മാരോടു് ജയാപജയങ്ങളെക്കുറിച്ചു് ആലോചനനടത്തി. സ്തുതിപാഠകന്മാരായിരുന്ന അവർ രാജാവിനു് വിജയം പ്രവചിച്ചു. സ്വപക്ഷീയനായിരുന്ന ജോസഫാത്തു് രാജാവു് "എന്തുകൊണ്ടാണു് കത്താവിൻെറ പ്രവാചകരോടു് ആലോചിക്കാത്തതു്?" എന്നു ചോദിച്ചു അപ്പോൾ അക്കാബു് പറഞ്ഞു: "കത്താവിൻെറ പുരോഹിതനായ മിക്കിയാസിനെ ഞാൻ വെറുക്കുന്നു, കാരണം അയാൾ എനിക്കു നന്മയല്ല തിന്മയാണു് പ്രവചിക്കുക." എന്നാൽ യഥാത്ഥത്തിൽ മിക്കിയാസിൻെറ പ്രവചനംപോലെ അക്കാബു് പരാജിതനാകയും വധിക്കപ്പെടുകയും ചെയ്തു. കള്ളപ്രവാചകന്മാർ നാനൂറല്ല നാലുലക്ഷം ഇന്നുണ്ടായിരിക്കും. എന്നാൽ സത്യം പ്രസംഗിക്കുന്ന വൈദികനെയാണു് നാം ശ്രവിക്കേണ്ടതു്. ഫ്രാൻസിലെ 14-ാം ലൂവിസ് രാജാവിനോടു മാസ്സില്ലൺ (Massillon) മെത്രാൻ അധികാരപൂർവ്വവും താക്കീതുകൾ നല്കിയും പ്രസംഗിക്കാറുണ്ടായിരുന്നു. ഒരിക്കൽ രാജാവു് ഇപ്രകാരം പറഞ്ഞു: "മററുള്ളവർ പ്രസംഗിക്കുമ്പോൾ എനിക്കു പ്രാസംഗികനോടു തൃപ്തിതോന്നുകയാണു് പതിവു്. എന്നാൽ, മാസ്സില്ലൺ പ്രസംഗിക്കുമ്പോൾ എനിക്കു എന്നോടുതന്നെ അതൃപ്തിതോന്നുന്നു."

(ജെ. ചെമ്മണൂർ)

## അറിയിപ്പ്

മി. കെ. വി. തോമസ്, ആലുങ്കലിനെ താഴത്തു വടകര ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

(11 ാം പേജ് തുടർച്ച)

ൽ ഇപ്പോൾതന്നെ ഗവമ്മെൻറു് ചെലുത്തുന്ന നിയന്ത്രണം നിയമസഭയിലെ പ്രസംഗത്തിൽ വിദ്യാഭ്യാസമന്ത്രിതന്നെ വിവരിച്ചിരുന്നു. "ഒരു നാഷണൽ എഡ്യുക്കേഷണൽ സിസ്റ്റമാണു് എല്ലാ സ്കൂളുകളിലും കൊടുത്തുവരുന്നതു്. സക്കാരിൽനിന്നും നിശ്ചയിക്കുന്ന കരിക്കുലം, അവർ നിശ്ചയിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകന്മാർ, അവർ നിശ്ചയിക്കുന്ന പാഠപുസ്തകങ്ങൾ, അവർ നിശ്ചയിക്കുന്ന ശമ്പളത്തോതു്, അവരുടെ അനുമതിയോടുകൂടി ഉണ്ടാക്കുന്ന കെട്ടിടങ്ങൾ, സക്കാർ പറയുമ്പോൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറക്കുവാനും അടയ്ക്കുവാനും ഉള്ള ബാദ്ധ്യത, അങ്ങനെയുള്ള നാഷണൽ എഡ്യുക്കേഷണൽ സിസ്റ്റം ഇവിടെ നടപ്പിൽവന്നിട്ടുണ്ടു്...... വിദ്യാലയങ്ങളിൽ അഴിമതികളോ ക്രമക്കേടുകളോ നടക്കുന്നുണ്ടെങ്കിൽ അവയെ മാററേണ്ടതു ഗവമ്മെൻറിൻെറ ചുമതലയാണെന്നു വിശ്വസിക്കുന്നു. ഗവമ്മെൻറു് അതിലേക്കു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുവഴി അപ്പഴപ്പോൾ പുറത്തേക്കുവിടുന്ന ഉത്തരവുകളും ശാസനകളും ഈ വിദ്യാലയങ്ങൾ സ്വീകരിക്കേണ്ടതാണെന്നും കരുതുന്നു."

സംഗതികൾ ഇങ്ങനെയെല്ലാമിരിക്കെ അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിൻെറ പേരിലോ, മാനേജുമെൻറുകളുടെ അനിയന്ത്രിതാധികാരദുല്പരതയുടെ പേരിലോ ക്രൈസ്തവസ്കൂളുകളുടെ നേരെ സമരമഴിച്ചുവിടുന്നതിൻെറ യഥാത്ഥമായ ലക്ഷ്യം അവയെ സംഹരിക്കുവാനാണെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? ആ സമരത്തെ പിന്താങ്ങുന്ന ചിലരുടെ പ്രസ്താവങ്ങളിൽനിന്നു കാണാൻ കഴിയും അവരെ പ്രേരിപ്പിക്കുന്നതു് ക്രൈസ്തവപുരോഹിതന്മാരോടും ക്രൈസ്തവമതത്തോടുതന്നെയും അവക്കുള്ള വിദ്വേഷമാണെന്നു്.

വിമർശനവീഥി

# ക്രൈസ്തവവിദ്യാലയങ്ങളെ സംഹരിച്ചേ ചിലരടങ്ങൂ.

താല്ക്കാലികമായി നിർത്തിവച്ച അദ്ധ്യാപകപണിമുടക്ക്, "അദ്ധ്യാപകന്റെ ജീവിതമാർഗ്ഗത്തിലെ മൂർച്ചയേറിയ മുള്ളുകൾ നീക്കംചെയ്യപ്പെടാത്തപക്ഷം ഫെബ്രുവരി 1-ാം തീയതി വിധിനിർണ്ണായകമായ ഒരു അന്തിമസമര"മായി ആരംഭിക്കുവാൻ ആഹ്വാനംചെയ്തുകൊണ്ട് എ. ററി. എസ്സ്. എ. ജനറൽ സിക്രട്ടറിയുടെ പ്രസ്താവന പത്രങ്ങളിൽ കാണുകയുണ്ടായല്ലോ. "കൗമുദി" ഇതോടൊന്നിച്ച ചിറയിൻകീഴ് താലൂക്ക എ. ററി. എസ്സ്. എ. ശാഖയുടെ പ്രസ്താവങ്ങളും പ്രമേയങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. "പുതിയ പദ്ധതി നടപ്പിലായപ്പോൾ അതു സ്വീകരിക്കാതെ മക്കടമുഷ്ടി പിടിച്ച മാനേജർമാരുടെ പള്ളിക്കൂടങ്ങളിൽ മാത്രം നടത്തിയിരുന്ന ഭാഗികമായ പണിമുടക്ക പിൻവലിച്ചതും പിന്നീട് ഒരു പണിമുടക്കിനു തീരുമാനിച്ചതും തല്പരകക്ഷികളായ കത്തോലിക്കാപുരോഹിതന്മാരുടെ പ്രേരണകൊണ്ടായിരുന്നുവെന്നും, അങ്ങനെ എ. ററി. എസ്സ്. എ. പൗരോഹിത്യത്തിന്റെ കോടാലിക്കൈയായി മാറിയിരിക്കുകയാണെന്നും, അദ്ധ്യാപകസംഘടനയെ ഇത്തരത്തിൽ മതത്തിന്റെ കയ്യാങ്കളിക്കു വിട്ടുകൊടുക്കാൻ അദ്ധ്യാപകലോകം അനുവദിക്കരുതെന്നും ശക്തിപൂർവ്വം പല മെമ്പറന്മാരും അഭിപ്രായപ്പെട്ടു. ഭാഗികമായ പണിമുടക്കു നടന്ന പള്ളിക്കൂടങ്ങളുടെ പ്രശ്നം സാവധാനത്തിൽ ഗവമ്മെന്റു പരിഹരിച്ചുവന്ന സന്ദർഭത്തിൽ പരിഭ്രാന്തരായ പുരോഹിതന്മാർ എ. ററി. എസ്സ്. എ. യെ പോക്കററിലാക്കിയതിന്റെ ഫലമായിട്ടാണ് അന്നത്തെ പണിമുടക്ക് പിൻവലിച്ചിട്ടുള്ളത്. ഇനി ഒരു പൊതുപണിമുടക്കു നടത്തി ഗവമ്മെന്റിനെ ശ്വാസംമുട്ടിച്ച് പദ്ധതി പരാജയപ്പെടുത്താമെന്നാണ് തല്പരകക്ഷികൾ വ്യാമോഹിക്കുന്നത്. അതിനാൽ ഈ പൊതുപണിമുടക്കു പിൻവലിക്കാൻ എ. ററി. എസ്സ്. എ. യോടു എല്ലാ ശാഖകളും ഉടൻ അഭ്യർത്ഥിക്കേണ്ടതാണ്." ചിറയിൻകീഴ് താലൂക്കു ശാഖയുടെ പൊതുയോഗത്തിൽ ചെയ്ത പ്രസംഗങ്ങളുടേയും പാസാക്കിയ പ്രമേയത്തിന്റേയും ചുരുക്കം ഇപ്രകാരമാണ് കൗമുദിയിൽ കൊടുത്തിരിക്കുന്നത്. തുടർന്നുള്ള ലക്കത്തിൽ കത്തോലിക്കാവിദ്വേഷവിഷം ആപാദചൂഡം വമിച്ചുകൊണ്ട് കൗമുദി പ്രസ്തുത വിഷയത്തെപ്പററി ഒരു മുഖപ്രസംഗവും എഴുതി. "രാജ്യസ്നേഹനിരതരായി വർത്തിക്കേണ്ടവർ—രാജ്യത്തിന്റെ കടിഞ്ഞാൺ പിടിക്കാനുള്ള ഭാവിപൗരന്മാരെ വാർത്തെടുത്തുവിടേണ്ടവർ — പരിശുദ്ധമായ അദ്ധ്യാപകവൃത്തി നയിക്കേണ്ടവർ പൗരോഹിത്യത്തിന്റെ കോടാലിക്കൈകളായി മാറേണ്ട ആവശ്യമൊന്നുമില്ല. അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സംഘടന മതാന്ധന്മാരുടെ കയ്യാങ്കളിക്കു വിട്ടുകൊടുക്കേണ്ട ആവശ്യവുമില്ല. അദ്ധ്യാപകരുടെ ഒരു പണിമുടക്ക് ആവശ്യമാണെങ്കിൽ തന്നെയും 80 ശതമാനം ഫീസടയ്ക്കാത്ത സ്കൂളുകളിൽ മാത്രം മതിയാവുന്നതാണ്. അല്ലാതെ വീണ്ടും ഒരു പൊതുപണിമുടക്കിന്റെ യാതൊരാവശ്യവും ഞങ്ങൾ കാണുന്നില്ല. അദ്ധ്യാപകലോകം അതിനൊരുമ്പെടുകയില്ലെന്നും, എ. ററി. എസ്സ്. എ. നേതൃത്വത്തിന്റെ വഞ്ചനാത്മകവും രാജ്യദ്രോഹപരവും പുരോഹിതപ്രേരിതവുമായ അടവുകളെ നിശ്ശേഷം പരാജയപ്പെടുത്തുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു." ഇങ്ങനെയാണ് കത്തോലിക്കാമതവിദ്വേഷവിഷലിപ്തമായ പ്രസ്തുത മുഖപ്രസംഗം അദ്ധ്യാപകലോകത്തിനു, ഏതാണ്ടു പരമാധികാരബോധത്തോടുകൂടി നൽകിയിരിക്കുന്ന ഉദ്ബോധനം.

### എ. ററി. എസ്സ്. എ. യുടെ ആരോപണങ്ങൾ

ചിറയിൻകീഴ് താലൂക്ക് അദ്ധ്യാപകശാഖയും അതിനെ പിൻതാങ്ങുന്ന കൗമുദിയും പൗരോഹിത്യത്തിന്റെ കോടാലിക്കൈകളെന്ന് അപലപിക്കുന്ന എ. ററി. എസ്സ്. എ. യുടെ ജനറൽ സിക്രട്ടറി പണിമുടക്കു വീണ്ടും തുടങ്ങുവാൻ ആഹ്വാനം ചെയ്തുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്താവനയിൽ, പേരുപറയാതെയാണെങ്കിലും ക്രിസ്തീയ മാനേജുമെന്റുകളുടെമേൽ നടത്തിയിരിക്കുന്ന ആരോപണങ്ങളും ഉദ്ധരണീയങ്ങളാണ്. "ഒരു വിഭാഗം മാനേജരന്മാർ അദ്ധ്യാപകാവശതകളെ നിർദ്ദാക്ഷിണ്യമായി ത്യാജ്യകോടിയിൽ തള്ളിയിട്ട്, തങ്ങളുടെ പദവിയും അനിയന്ത്രിതാധികാരങ്ങളും നിലനിർത്താൻ സ്വീകരിച്ച നയവും പ്രചരണതന്ത്രവും"; "അദ്ധ്യാപകർക്കും അവരുടെ അവശതകളുടെ പരിഹാരത്തിനും വിലങ്ങുതടികളായിനില്ക്കുന്ന പ്രതികൂലശക്തികൾക്കെതിരായി പുനരാരംഭിക്കുന്ന സമരം"; "അനിയന്ത്രിതമായ അധികാരാവകാശങ്ങളും പദവിയും നിലനിർത്താനുള്ള വ്യഗ്രതയിൽ വിസ്മരിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ആ നിലപാടിനെ കഠിനമായ അമർഷത്തോടുകൂടിയല്ലാതെ വീക്ഷിക്കുവാൻ സാദ്ധ്യമല്ല"; "ഒന്നിലധികം ത്രികക്ഷിസമ്മേളനങ്ങളിലെ തീരുമാനങ്ങളുടെ പശ്ചാത്തലത്തിൽ ഗവമ്മെന്റ് ആവിഷ്കരിച്ച പുതിയ പദ്ധതി സ്വകാര്യതാല്പര്യങ്ങൾക്കും നിരങ്കുശാധികാരങ്ങൾക്കും ബാധകമെന്നു ഭയപ്പെട്ട മതത്തിന്റേയും മൗലികാവകാശങ്ങളുടേയും പേരുപറഞ്ഞു ഇളക്കിവിട്ടിരിക്കുന്ന പ്രക്ഷോഭണം."

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

### ആരോപണം അടിസ്ഥാനരഹിതം

ശമ്പളവർദ്ധനവിനും മററുമായി പ്രൈവററ് സെക്കണ്ടറി സ്കൂളദ്ധ്യാപകർ വളരെ ന്യായത്തോടുകൂടി അവകാശവാദം ചെയ്തു. വാദം പണിമുടക്കുഭീഷണിവരെയെത്തിയപ്പോൾ വിദ്യാഭ്യാസമന്ത്രി അവരുടെ ശമ്പളം വർദ്ധിപ്പിക്കാമെന്നു നിശ്ചയിച്ചു. അതിനൊരു മാർഗ്ഗമായി ആവിഷ്കരിച്ചതാണ് പുതിയ പദ്ധതി. വർദ്ധിപ്പിച്ച സ്കെയിലനുസരിച്ച ശമ്പളം കൊടുക്കുവാൻവേണ്ട പണം ഉണ്ടാക്കേണ്ടതിലേക്ക് പ്രൈവററ് സെക്കന്ററി സ്കൂളുകളിലെ ഫീസ് വരവിൽ 80 ശതമാനം മാനേജുമെന്റുകൾ വിട്ടുകൊടുക്കണമെന്നതാണ് പദ്ധതിയിൽ അദ്ധ്യാപകശമ്പളത്തെ പ്രധാനമായി സ്പർശിക്കുന്ന ഭാഗം. ആ വ്യവസ്ഥ നിർബന്ധമാക്കുന്നത് പ്രൈവററ് സ്കൂളുകളുടെ സ്വാതന്ത്ര്യമായ പണകാര്യകർത്തൃത്വത്തിന്മേൽ ഗവമ്മെന്റ് അനധികൃതമായി ചെലുത്തുന്ന കൈകടത്തലാണെന്നു ബോധമുണ്ടായിട്ടും, മാനേജുമെന്റുകൾ ആ വ്യവസ്ഥ ആദ്യംമുതൽ ഇന്നേവരെ സമ്മതിച്ചുകൊണ്ടാണിരിക്കുന്നത്. ഫീസിന്റെ ആ വീതം അദ്ധ്യാപകശമ്പളത്തിനു വിനിയോഗിക്കപ്പെടുമെന്നു ഉറപ്പുണ്ടാകത്തക്കവണ്ണം പ്രസ്തുതസംഖ്യ ഏതെങ്കിലും അംഗീകൃതബാങ്കിൽ നിക്ഷേപിക്കുകയും അതിൽനിന്നു അദ്ധ്യാപകർക്കു നേരിട്ടു ശമ്പളം വാങ്ങാൻ കഴിയത്തക്കവണ്ണം ചെക്കെഴുതിക്കൊടുക്കുകയും ചെയ്യാമെന്നു മാനേജുമെന്റുകൾ സമ്മതിച്ചുകൊണ്ടാണിരിക്കുന്നതു. ഇതിൽ പുരോഹിതന്മാരുൾപ്പെട്ട മാനേജുമെന്റുകളും ഉൾപ്പെടുന്നു. ഇങ്ങനെയിരിക്കെ, ഒരു വിഭാഗം മാനേജുമെന്റുകൾ —പുരോഹിതന്മാർ—അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിന്റെ മാർഗ്ഗത്തിൽ വിലങ്ങുതടിയായി നില്ക്കുകയാണെന്നുള്ള ആരോപണം അയഥാർത്ഥമല്ലയോ? വിലങ്ങുതടിയായിനില്ക്കുന്ന വല്ലവരുമുണ്ടെങ്കിൽ അതു വിദ്യാഭ്യാസമന്ത്രിയും അദ്ദേഹത്തോടനുകൂലിച്ചു നില്ക്കുന്നവരും ആണെന്നുവേണം പറയുവാൻ. കാരണം, അദ്ധ്യാപകശമ്പളവർദ്ധനവിനായി ആവിഷ്കരിച്ച പദ്ധതിയിൽ അതിനാവശ്യകമല്ലാത്തതും, പ്രൈവററു സ്കൂളുകളുടെ പണസംബന്ധമായ കൈകാര്യകർത്തൃത്വത്തിനും അദ്ധ്യാപകനിയമനം സംബന്ധിച്ച ന്യായമായ സ്വാതന്ത്ര്യത്തിനും ഹാനികരവുമായ ചില കുടുക്കുകൾ മന്ത്രി കൂട്ടിച്ചേർത്തു വച്ചിട്ടുണ്ട്. ആ കുടുക്കുകൾ മാററണമെന്നേ അപലപിക്കപ്പെടുന്ന മാനേജുമെന്റുകൾ വാദിക്കുന്നുള്ളു. അവ മാററുന്നത് അദ്ധ്യാപകർക്കു ശമ്പളവർദ്ധനവു ക്രമമായി ലഭിക്കുന്നതിനു ഒരുവിധത്തിലും തടസ്സമല്ലാത്തതിനാലും, പദ്ധതിയുടെ നടത്തിപ്പു ത്വരിതവും സുഗമവും ആക്കുന്നതാകയാലും അവ മാററണമെന്നു മാനേജുമെന്റുകളോടൊപ്പം അദ്ധ്യാപകരും ആവശ്യപ്പെടുകയാണ് ഏററവും ന്യായമായ നടപടി. ഈ വസ്തുതകൾ ഗ്രഹിക്കാതെയോ ഗ്രഹിച്ചിട്ടും വകവയ്ക്കാതെയോ മാനേജുമെന്റുകളെ പഴിക്കുന്നതും അവക്കെതിരായി സമരം ചെയ്യുന്നതും ഏററവും നിർഭാഗ്യകരംതന്നെ.

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
[illegible] - എറണാകുളം

### സമരത്തിന്റെ അവസാനലക്ഷ്യം

എന്നാൽപിന്നെ അദ്ധ്യാപക സമരത്തിന്റെ ലക്ഷ്യമെന്താണെന്നു ചോദിച്ചാൽ, അതിനുത്തരം മുകളിലുദ്ധരിച്ച ചിറയിൻകീഴ് അദ്ധ്യാപകശാഖയുടേയും കൗമുദിയുടേയും പ്രസ്താവങ്ങളിൽ കാണാം. "ഭാഗികമായ പണിമുടക്കു നടന്ന പള്ളിക്കൂടങ്ങളുടെ പ്രശ്നം സാവധാനത്തിൽ ഗവമ്മെന്റ് പരിഹരിച്ചുവന്നു" എന്ന പ്രസ്താവം നോക്കുക. എന്താണീ പരിഹാരം? ക്രൈസ്തവസ്കൂളുകളെ സംഹരിക്കുകയും തൽസ്ഥാനത്ത് അക്രൈസ്തവസ്കൂളുകൾ തിടുക്കത്തിലും സാമാന്യമായ ചട്ടങ്ങൾക്കു വിരുദ്ധമായും സ്ഥാപിക്കുകയല്ലാതെ മറെറാന്നുമല്ല. നേമം ഹൈസ്കൂൾമുതൽ അരുമാനൂർ സ്കൂൾവരെയുള്ള ക്രൈസ്തവസ്കൂൾ സംഹാരവും പുതിയ സ്കൂളുകളുടെ സ്ഥാപനവും ഇതിനു ദൃഷ്ടാന്തമാണല്ലോ. ഇപ്രകാരം സംഹരിക്കപ്പെട്ട ഒരു സ്കൂളിന്റെ കാര്യം ദേശബന്ധുവിൽ റിപ്പോർട്ടുചെയ്തിരുന്നതിങ്ങനെയാണ്: "ബിഷപ്പ് മാർ ഇവാനിയോസിന്റെ മാനേജുമെന്റിൽ നടത്തിവരുന്ന മാവേലിക്കര താലൂക്കിലുള്ള ഈരേഴ സെന്റ് മേരീസ് ഇംഗ്ലീഷ് മിഡിൽസ്കൂൾ, ഗവമ്മെന്റിന്റെ പുതിയവിദ്യാഭ്യാസ പദ്ധതിയോടു മത്സരിച്ച് ബിഷപ്പ് നിർത്തിക്കളഞ്ഞതിനെ സ്ഥലത്തുള്ള 1?0-ാം നമ്പർ സഹകരണസംഘം പഴയസ്റ്റാഫ് സഹിതം ഏറെറടുത്തു തൃപ്തികരമായി നടത്തിത്തുടങ്ങിയിരിക്കുന്നു. പുതിയ സ്കൂളിന്റെ നടത്തിപ്പിൽ സംതൃപ്തിരേഖപ്പെടുത്തി മാവേലിക്കര പ്രൈമറി ആന്റ് മിഡിൽസ്കൂൾ ഇൻസ്പെക്ടർ മേലാവിലേക്കു റിപ്പോർട്ട് ചെയ്തിരിക്കുന്നതായും അറിയുന്നു. കൂടാതെ പഴയസ്റ്റാഫിന്റെ സെപ്ററംബർ മുതലുള്ള ശമ്പളക്കുടിശിഖ അവർ മാനേജർക്കു നോട്ടീസ് കൊടുത്തിരിക്കുന്നതായും അറിയുന്നു." അദ്ധ്യാപക പണിമുടക്കു നടക്കുന്ന ക്രൈസ്തവസ്കൂളുകളെ സംഹരിക്കാനും തൽസ്ഥാനത്ത് പുതിയ അക്രൈസ്തവസ്കൂൾ സ്ഥാപിക്കുവാനും നൽകപ്പെടുന്ന പ്രോത്സാഹനങ്ങൾ കണ്ടാലും! ഡിസംബർ 26-ാംനു ഡയറക്ടർ ഗസററിൽ പ്രസിദ്ധപ്പെടുത്തിയ നോട്ടിഫിക്കേഷനിൽ അദ്ധ്യാപകരാകാനാഗ്രഹിക്കുന്നവരുടെ അപേക്ഷകൾ ക്ഷണിക്കുകയും അങ്ങനെ പുതിയ അദ്ധ്യാപകരെ ഒരുക്കിനിർത്തുകയും ചെയ്യുന്നതു സംഹരിക്കപ്പെടുന്ന ക്രൈസ്തവസ്കൂളിന്റെ സ്ഥാനത്തു സ്ഥാപിക്കപ്പെടുന്ന അക്രൈസ്തവ സ്കൂളിന്റെ നടത്തിപ്പിനു വളരെ സഹായകമായിരിക്കുമല്ലോ.

"ഇനി ഒരു പൊതുപണിമുടക്കു നടത്തി ഗവമ്മെന്റിനെ ശ്വാസംമുട്ടിച്ചു പദ്ധതി പരാജയപ്പെടുത്തുക" പാടുള്ളതല്ലെന്ന പ്രസ്താവവും ഇതേ ലക്ഷ്യത്താൽ തന്നെ പ്രേരിതമാണെന്നു സ്പഷ്ടം. ശ്വാസം മുട്ടിക്കേണ്ടതും പരാജയപ്പെടുത്തേണ്ടതും പദ്ധതിയെ സ്വീകരിക്കാത്ത ക്രൈസ്തവസ്കൂളുകളെയാണ്. അതുകൊണ്ടാണ് "പൊതുപണിമുടക്കിന്റെ യാതൊരാവശ്യവും ഞങ്ങൾ കാണുന്നില്ല, 80 ശതമാനം ഫീസടയ്ക്കാത്ത സ്കൂളിൽമാത്രം അദ്ധ്യാപകരുടെ പണിമുടക്കു മതിയാകുന്നതാണ്" എന്നു കൗമുദി വിധിയെഴുതിയിരിക്കുന്നത്. ഈ സാഹചര്യങ്ങളിൽ ക്രിസ്തീയ സ്കൂളുകളുടെ അസ്തിത്വത്തിലും നടത്തിപ്പിലും അല്പമെങ്കിലും താല്പര്യമുള്ള അദ്ധ്യാപകരുടെ കർത്തവ്യമെന്താണെന്ന് അവർ ശാന്തമായി ആലോചിക്കേണ്ടതാണ്.

### അകത്തോലിക്ക അവൈദിക എം. എൽ. എ. യുടെ അഭിപ്രായം

കത്തോലിക്കനല്ലാത്ത, അവൈദികനായ, കാര്യവിവരമുള്ള, എം. എൽ. എ. ശ്രീ. കെ. എസ്സ്. ജോസഫ് പുതിയ വിദ്യാഭ്യാസപദ്ധതിയിൽ മാനേജുമെന്റുകൾ എതിർക്കുന്ന ഭാഗം നിയമസഭയിൽപ്പോലും എതിർത്തിട്ടുള്ളതാണ്. ആ എതിർപ്പ് സുദീർഘമായ ലേഖനത്താൽ പല പത്രങ്ങളുംവഴി അദ്ദേഹം പ്രസിദ്ധംചെയ്തിട്ടുള്ളതുമാണ്. അതിലെ ചില ഭാഗം ഉദ്ധരിക്കാം:—

"പ്രൈവററു മാനേജുമെന്റുകളിലുള്ള സ്കൂളുകളിലെ ഫീസുപിരിവിന്റെ ഏതെങ്കിലും അംശം സർക്കാർ ഖജനാവിൽ അടയ്ക്കണമെന്നാവശ്യപ്പെടുന്നതിന്റെ അർത്ഥവും ഔചിത്യവും എനിക്കു കാണാൻ കഴിയുന്നില്ല. ലോകത്തിന്റെ യാതൊരു ഭാഗത്തും അത്തരം ഒരു നടപടി നിലവിലുള്ളതായി അറിയാൻ കഴിഞ്ഞിട്ടുമില്ല. 80 ശതമാനം ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകൾക്കും സഹായധനം നിഷേധിക്കുന്നതിനു ഗവമ്മെന്റിനു് അവകാശമില്ല. മാനേജർമാർ ഫീസു് പിരിവു് ഏതെങ്കിലും അംഗീകൃതബാങ്കിൽ അടയ്ക്കണമെന്നും അദ്ധ്യാപകർക്കു ശമ്പളം ചെക്കായി നല്കണമെന്നും നിർദ്ദേശിച്ചാൽ മതിയാകും. സ്കൂൾ നടത്തുന്നതിലേക്കായി കോർപ്പറേററു മാനേജർമാർ 5,000 രൂപാ വീതവും, വ്യക്തി മാനേജുമെന്റുകൾ 3,000 രൂപാവീതവും ഗവമ്മെന്റിൽ സെക്യൂരിററി വച്ചിട്ടാണല്ലോ അനുവാദം ലഭിച്ചിരിക്കുന്നതു്. ഈ പരിതഃസ്ഥിതിയിൽ ശമ്പളവിതരണവിഷയത്തിൽ ഏതെങ്കിലും തകരാറു ബോദ്ധ്യപ്പെട്ടാൽ മാനേജർമാരുടെ പേരിൽ ശരിയായ നടപടി—പ്രോസിക്യൂഷൻതന്നെയും—നടത്താൻ ഡിപ്പാർട്ടുമെന്റിനു യാതൊരു പ്രയാസവുമില്ല.

"എഡ്യൂക്കേഷൻ കോഡിൽ അനുശാസിച്ചിരിക്കുന്ന യോഗ്യതകളുള്ളവർക്കു മാത്രമേ അദ്ധ്യാപകന്മാരായിത്തീരുവാൻ അർഹതയുള്ളു. അവർക്കു മാത്രമേ ലൈസൻസു് നൽകുന്ന പതിവുള്ളു. ആരെങ്കിലും ആ വ്യവസ്ഥയിൽ വ്യതിചലിക്കുന്നതായിക്കണ്ടാൽ ഡിപ്പാർട്ടുമെന്റിനു ന്യായമായി ഇടപെടാനും നടപടി നടത്താനും അർഹതയുള്ള സ്ഥിതിക്കു് പുതിയ ലിസ്റ്റു വ്യവസ്ഥ പൊതുജനങ്ങളിൽ സന്ദേഹം ഉളവാക്കുന്നെങ്കിൽ അതിലത്ഭുതപ്പെടാനില്ല. ഗ്രാന്റു്-ഇൻ-എയിഡ് എന്ന പദത്തിനു് ഒരു പ്രത്യേക വിവ്ച്ചനമുണ്ടു. ഈ സഹായധനം വാങ്ങുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ മാത്രമല്ല ലൈബ്രറികൾ, ഡിസ്പെൻസറികൾ, അഗതിമന്ദിരങ്ങൾ, മററു ധർമ്മസ്ഥാപനങ്ങൾ ഇവ ചില അംഗീകൃതപരിമിതികളിൽ പ്രവർത്തിക്കണമെന്നല്ലാതെ ഇവയിലൊന്നിലും പ്രത്യേകനിയന്ത്രണം യാതൊരു ഗവമ്മെന്റും ഒരു കാലത്തും ചെലുത്തിയിട്ടില്ല."

### നിയന്ത്രണമുണ്ടെന്നു മന്ത്രി സമ്മതിക്കുന്നു

ചില മാനേജുമെന്റുകൾക്കു "അനിയന്ത്രിതമായ അധികാരാവകാശങ്ങളും പദവിയും നിലനിർത്താനുള്ള വ്യഗ്രത" യെപ്പററിയുള്ള ആക്ഷേപവും അടിസ്ഥാനരഹിതമാണ്. പ്രൈവററു സ്കൂളുകളി

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 24 — Ernakulam January 24, 1951 — No. 22



ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം

## ഓറിയൻറ് സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

പുരോഗമനവിവരണം

| ആണ്ട് | നിക്ഷിപ്ത മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവർത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസമ്പർ | 136410 | 1007884 | 1155996 | $2\frac{1}{2}$ ശതമാനം |
| 1946 " | 170190 | 1908826 | 2219103 | 4 " |
| 1947 " | 244990 | 2463443 | 2923000 | 4 " |
| 1948 " | 271800 | 2779917 | 3393468 | 4 " |
| 1949 " | 304000 | 3641486 | 4143000 | 4 " |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |


ആരോഗ്യപംക്തി

## വിഷൂചിക

[തിരുവിതാംകൂറിൽ പലേടത്തും അടുത്തകാലത്തു വിഷൂചികബാധയുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. തിരു-കൊച്ചി ഗവമെൻറിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന വാർത്താഗ്രന്ഥം ഡിസംബർ ലക്കത്തിൽ വിഷൂചികസംബന്ധിച്ച് പബ്ലിക്ക ഹെൽത്തു ഡയറക്ടർ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽനിന്നും ഏതാനുംഭാഗം ചുവടെ ചേർക്കുന്നു.]

### ആക്രമണത്തിൻെറ സ്വഭാവം

കഴിഞ്ഞ രണ്ടു ദശവർഷങ്ങൾക്കിപ്പുറം തിരുവിതാംകൂറിൽ ഈ പകർച്ചവ്യാധി ഉണ്ടാകുന്നതു ഏഴുകൊല്ലം ഇടവിട്ടാണ്. 1928-ലും 1935-ലും 1942-43-ലും ഈ മഹാമാരി ഭയങ്കരമായി പടന്നുപിടിച്ചു. ആകയാൽ 1950 ലും ഇതിൻെറ ആവിർഭാവം പ്രതീക്ഷിക്കാവുന്നതാണ്. സാധാരണയായി തണുപ്പുകാലത്തിൻെറ ആരംഭത്തോടുകൂടി, അതായതു നവംബർ—ഡിസംബറിൽ ആണ് കോളറാ ഉണ്ടാകുന്നതു്. നമ്മുടെ അതിർത്തിപ്രദേശങ്ങളായ പാലക്കാട്, കോയമ്പത്തൂർ, മധുര, തിരുനൽവേലി എന്നിവിടങ്ങളിലെ സ്ഥിതി ഉൽക്കണ്ഠാജനകമാണ്. നമ്മുടെ അതിർത്തിപ്രദേശങ്ങളിൽ 1950 ഒക്ടോബറിലും നവംബറിലെ ആദ്യത്തെ മൂന്നാഴ്ചക്കാലത്തും ഉണ്ടായ കോളറാബാധയും മരണവും സംബന്ധിച്ച പട്ടിക അടിയിൽ ചേർക്കുന്നു:

രോഗം

| ഡിസ്ട്രിക്ട് | ബാധിച്ചവർ | മരിച്ചവർ |
|---|---|---|
| മലബാർ | 87 | 63 |
| കോയമ്പത്തൂർ | 3,502 | 1,757 |
| മധുര | 2,989 | 1,132 |
| രാമനാട് | 483 | 187 |
| തിരുനൽവേലി | 234 | 127 |

ചിറ്റൂർ താലൂക്കിലും ദേവികുളം, പീരുമേട്, ചെങ്കോട്ട, എന്നിവിടങ്ങളിലും രോഗം ഇറക്കുമതിചെയ്തുകഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചിയിൽ ഈ കൊല്ലം ഉണ്ടായ കോളറാബാധയെ സംബന്ധിച്ച കണക്ക് അടിയിൽ ചേർക്കുന്നു:

രോഗം

| താലൂക്ക് | ബാധിച്ചവർ | മരിച്ചവർ |
|---|---|---|
| ചിറ്റൂർ | 17 | 16 |
| ദേവികുളം | 2 | 1 |
| പീരുമേട് | 1 | 1 |
| ചെങ്കോട്ട | 1 | ... |

ഈ പകർച്ചവ്യാധി പടന്നുപിടിക്കാനുള്ള സാദ്ധ്യതയുടെ ലക്ഷണങ്ങൾ പൊതുജനങ്ങൾ മനസ്സിലാക്കി വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതു് ആവശ്യമാണ്.

### രോഗലക്ഷണവും ശുശ്രൂഷയും

കോളറാനിരോധനം എളുപ്പവും മുൻകരുതൽ നടപടികൾ ലഘുവും ചിലവു കുറഞ്ഞവയും ആകുന്നു. കോളറാദീനം വളരെ എളുപ്പം നിർണ്ണയംചെയ്യാം—വിശേഷിച്ചും പടന്നുപിടിക്കുന്ന സന്ദർഭത്തിൽ. അതിസാരം, ഛർദ്ദി, തണുപ്പ് മൂത്രതടസ്സം, കൈകാൽ മരവിപ്പ്, തളന്നു വീഴുക ഇവയാണ് കോളറായുടെ മുഖ്യലക്ഷണങ്ങൾ. മലം കഞ്ഞിവെള്ളം പോലെ പോകും. വലിയ ദണ്ഡുണ്ടായിരിക്കയില്ല. ഛർദ്ദി ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കും. വളരെ വേഗംതന്നെ രോഗി തളന്നു വീഴുന്നു. തുടക്കത്തിൽതന്നെ ചികിത്സിച്ചാലേ ഫലിക്കയുള്ളൂ. കഴിയുന്നതും പെട്ടെന്നു ഒരു നല്ല ഡോക്ടറുടെ സഹായം തേടണം. രോഗിയെ കിടക്കയിൽ കിടത്തി ഉറക്കുകയും ശരീരത്തിനു തിരുമ്മൽകൊണ്ടോ ചൂടുവെള്ളം കുപ്പിയിലാക്കിയോ മററോ ചൂടുപിടിപ്പിക്കുകയും ചെയ്യണം. കുടിക്കുന്നതിനു ചൂടുള്ള കാപ്പിയോ ബാർളിവെള്ളമോ തേങ്ങാവെള്ളമോ കുറേശെ കൊടുക്കണം. രോഗിയുടെ മലത്തിലും ഛർദ്ദിയിലും ലക്ഷക്കണക്കിനു രോഗാണുക്കളുണ്ടാകും. അതു മൂക്കുതായ പാത്രത്തിലോ, അറപ്പുപൊടിയിലോ, ഉമിയിലോ, ചാമ്പലിലോ ആക്കുന്ന കാര്യത്തിലും തീയയിട്ടോ മരുന്നുകൾ ഉപയോഗിച്ചോ അണുക്കളെ നശിപ്പിക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധവയ്ക്കണം. മലമോ ഛർദ്ദിയോ പററുന്ന തുണികൾ അണുസംഹാരദ്രാവകം പ്രയോഗിച്ചു വൃത്തിയാക്കണം. രോഗിയെ ശുശ്രൂഷിക്കുന്നവർ അണുസംഹാരമരുന്നുകളോ സോപ്പോ ഉപയോഗിച്ചു ഉടനുടൻ കൈകഴുകണം.

ചികിത്സയ്ക്കു വാററുവെള്ളങ്ങൾ, കർപ്പൂരം, കറുപ്പ് മുതലായവയിൽ നിന്നുണ്ടാക്കുന്ന നല്ല മരുന്നുകളുണ്ട്. സൾഫാഗ്വാനൈഡിൻ, തലാസോൾ എന്നിങ്ങനെയുള്ള മരുന്നുകളും വളരെ ഫലപ്രദമായി കണ്ടിട്ടുണ്ട്. രോഗം അല്പം മൂർഛിച്ചശേഷം സലൈൻ കുത്തിവയ്ക്കേണ്ടതാവശ്യമായി വരും. കോളറാ ചികിത്സ പ്രയാസമുള്ളതാകയാൽ കഴിയുന്നതും വേഗം അതു നടത്തേണ്ടതാണ്.

### മുൻകരുതൽ നടപടികൾ


അണുക്കൾ വായിൽക്കൂടിയേ പ്രവേശിക്കയുള്ളൂ. ആകയാൽ രോഗം തടയാൻ എളുപ്പമാണ്. ഈ പകർച്ചവ്യാധി ഉണ്ടാകുമ്പോൾ താഴെപറയുന്ന മുൻകരുതലുകൾ പ്രയോജനകരമായിരിക്കും.

1. വീട്ടിനു പുറത്തുനിന്നും യാതൊരു ആഹാരവും കഴിക്കാതിരിക്കുക. വൃത്തിയായി പാകംചെയ്തതും വൃത്തിയായ സ്ഥലത്തു സൂക്ഷിച്ചതും ചൂടുള്ളതുമായ ആഹാരവും ചൂടുള്ള പാനീയവും മാത്രം കഴിക്കുക.


2. ആഹാരം സമയവും മുറയും തെററിക്കഴിച്ചും, അരുചികരമായ സാധനങ്ങൾ ഭക്ഷിച്ചും, ദഹനത്തിനു തകരാറുണ്ടാക്കാതിരിക്കുക.

3. രോഗബാധയുണ്ടായെന്നറിയാവുന്ന സ്ഥലത്തു പോകാതിരിക്കുക. അപ്രകാരമുള്ള സ്ഥലങ്ങളിൽനിന്നു ഭക്ഷണവും പാനീയവും കഴിക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കുക.

4. കുത്തിവയ്പുനടത്തി കോളറായിൽനിന്നു രക്ഷനേടുക. കോളറായ്ക്കു കുത്തിവെച്ചാൽ പിന്നീടു ആറുമാസത്തേക്ക് കോളറാ ഉണ്ടാകുന്നതല്ല.



കാഞ്ഞൂർ സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂളങ്കണത്തിൽ വെരി റവ. ഡോക്ടർ ടി. കെ. നമ്പ്യാപറമ്പിൽ പി-എച്ച്. ഡി. ഡി. ഡി. സ്ഥാപക രൌപ്യജൂബിലി സ്മാരകമായി സ്ഥാപിച്ചിരിക്കുന്ന പ്രതിമ.



ബാല എടുത്തുകൊണ്ടുവന്ന കുപ്പി മാറിപ്പോയി.